# ആഹുതി

പറയപ്പെടാതെ പോയ ത്യാഗത്തിൻറെ കഥകൾ



cksps Center for Kerala Socio-enonomic and Political Studies



*ദേശീയത സംരക്ഷിക്കാൻ*

*വീരമൃത്യു വരിച്ച*

*ധീരന്മാർക്ക് മുൻപിൽ...*

CONCEIVED AND EDITED BY
Sanju Sadanandan
&
Jayashankar Panicker

UNDER THE GUIDANCE AND SUPPORT OF
Dr. Rasita Anand
Nirupaka Bharati
Vineetha Menon
Binu Padmam
Nithin Surendran
Jinoy KJ
Sudeesh Rajasekharan
Ratheesh KK
Biju Padmam

DESIGN & LAYOUT
Sunilkumar TP

PUBLISHED BY
Centre for Kerala Socio-economic and Political Studies

EDITION
First: September, 2016 (English)
First: May 2017 (Malayalam)

For internal circulation only

---

*We have made every possible effort in collecting details pertaining to the martyrs, from various sources. However there could be omissions, which could have happened unknowingly. We apologize for the same. We also request an update in case of any exclusion or error regarding data or names, in connection with the details (mail to us: CKSPS@outlook.com). The same would be incorporated in the next edition.*

# ആമുഖം

**രാ**ഷ്ട്രീയ കൊലപാതകങ്ങൾക്കും ദേശീയതയുടെ വക്താക്കൾക്ക് നേരെയുള്ള അക്രമങ്ങൾക്കും കുപ്രസിദ്ധിയാർജ്ജിച്ചു കഴിഞ്ഞിരിക്കുകയാണ് നമ്മുടെ കൊച്ചുകേരളം. വൈവിധ്യമാർന്ന പ്രത്യയശാസ്ത്രങ്ങൾക്കു സമാധാനപരമായി പ്രവർത്തിക്കാൻ കഴിയുന്ന ഭൂമികയല്ലാതായി കേരളം മാറിയിട്ടു കാലമേറെയായി. ഇതര പ്രത്യയശാസ്ത്രങ്ങളെ പ്രവർത്തിക്കാൻ അനുവദിക്കാതെ, അക്രമത്തിലൂന്നിയ രാഷ്ട്രീയ പ്രവർത്തനം ശീലമാക്കിയവർ കൊന്നുതള്ളിയവരിൽ ഏറെയും, ദേശീയ താല്പര്യത്തോടെ പൗരസേവനത്തിൽ മുഴുകിയവരായിരുന്നു. കമ്യൂണിസ്റ്റ് –ഇസ്ലാമിസ്റ്റ്–ഇവാഞ്ചലിസ്റ്റ് കൂട്ടുകെട്ടായിരുന്നു എന്നും കൊലയാളിപക്ഷം. അവർ ഒത്തുചേർന്നുള്ള സംഘടിത ആക്രമണവും കേരളത്തിൽ ഉണ്ടായിട്ടുണ്ട്. കമ്യൂണിസ്റ്റ് ഇതര പ്രത്യയ ശാസ്ത്രങ്ങളോടുള്ള അസഹിഷ്ണുതയും അക്രമങ്ങളും, കേരളീയ സാമൂഹിക ചട്ടക്കൂടിന്റെ ഭാഗമാക്കി കമ്യൂണിസ്റ്റുകൾ മാറ്റിയിയിരിക്കുന്നു. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന അഭിപ്രായസ്വാതന്ത്ര്യത്തിന്റെ നഗ്നമായ ലംഘനമാണ് ഇതിന്റെ ഫലമായുണ്ടാകുന്ന മനുഷ്യാ വകാശ ധ്വംസനങ്ങൾ.

ലോകത്തിലെ പലരാജ്യങ്ങളിലും ചെയ്തപോലെ, രാഷ്ട്രീയവളർച്ചയ്ക്കുവേണ്ടി, പ്രത്യയ ശാസ്ത്ര എതിരാളികളെ ഉന്മൂലനം ചെയ്യാൻ നിരന്തരം ആക്രമണമഴിച്ചുവിടുക മാത്രമല്ല കമ്യൂണിസ്റ്റുകൾ ചെയ്യുന്നത്. സാഹചര്യങ്ങൾക്കനുസരിച്ച് കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിൽ കലർപ്പും അവർ ചേർത്തിട്ടുണ്ട്. താനൂരിൽ 16 വയസ്സു മാത്രം പ്രായമുള്ള സുബ്രഹ്മണ്യൻ കൊല്ലപ്പെട്ട സംഭവം ഇതിനുദാഹരണമാണ്. നിയമസഭ തിരഞ്ഞെടുപ്പിൽ ജയിച്ച മുസ്ലിം ലീഗുകാരുടെ ആഘോഷ പ്രകടനങ്ങൾക്കിടെ 1965 മാർച്ച് 18–നു സുബ്രഹ്മണ്യൻ കൊലചെയ്യപ്പെട്ടു. ആഘോഷം അതിരുകവിഞ്ഞ് കലാപഭരിതമായ സാഹചര്യം ഉടലെടുത്തു. മുസ്ലിംലീഗ് ഗുണ്ടകൾ ജനസംഘം പ്രവർത്തകരുടെ വീടുകൾ ആക്രമിച്ചു. സംഘർഷം നിയന്ത്രിക്കാനെത്തിയ പോലീസ് സംഘം, കലാപകാരികളായ മുസ്ലിംലീഗ് ഗുണ്ടകളെ നിലയ്ക്ക് നിർത്തേണ്ടതിനുപകരം, ജനസംഘം പ്രവർത്തകർക്കു നേരെ വെടിയുതിർക്കുകയാണ് ചെയ്തത്. മാർച്ച് 3–നു നടന്ന വെടിവയ്പ്പിൽ പരിക്കേറ്റ സുബ്രഹ്മണ്യൻ 15 ദിവസങ്ങൾക്കുശേഷം മാർച്ച് 18നു മരണമടഞ്ഞു. സംഭവത്തെ അപലപിക്കേണ്ടതിനു പകരം കമ്യൂണിസ്റ്റുകാർ അക്രമികളെ ന്യായീകരിക്കുകയാണ് ചെയ്തത്. ഇതിനുശേഷം രണ്ടുവർഷത്തിനുള്ളിൽ മുസ്ലിംലീഗുമായി സഖ്യത്തിൽ ഏർപ്പെട്ട് കമ്യൂണിസ്റ്റുകാർ കൂട്ടുകക്ഷി മന്ത്രിസഭ ഉണ്ടാക്കി. തുടർന്ന് മുസ്ലിംലീഗിന്റെ ആവശ്യത്തിനു വഴങ്ങി മലപ്പുറം ജില്ലയും രൂപീകരിച്ചു.

കേരളത്തിലെ കൊലപാതക രാഷ്ട്രീയചരിത്രം പരിശോധിക്കുന്ന ഏതൊരാളും 'കമ്യൂണിസ്റ്റു കാർ ആരെയാണ് കൊല്ലാതെ വെറുതെ വിട്ടിട്ടുള്ളതെന്ന്' ചിന്തിച്ച് അത്ഭുതപ്പെടും. 1957ൽ അധികാരത്തിലെത്തിയ നാൾതൊട്ടു ഇന്നുവരെ രാജ്യത്തു നടക്കുന്ന രാഷ്ട്രീയ കൊലപാത കങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നത് കേരളമാണ്. കമ്യൂണിസ്റ്റ്ഇതര പ്രത്യയശാസ്ത്രങ്ങളുടെ പ്രവർത്തകരെയെല്ലാം അവർ കരുണയില്ലാതെ കൊന്നുതള്ളി. കെ.ടി ജയകൃഷ്ണൻമാസ്റ്ററുടെ കൊലപാതകം ഒരു ഉദാഹരണമായി എടുക്കാം. സ്കൂളിൽ ഒമ്പതും പത്തും വയസ്സ് പ്രായമുള്ള വിദ്യാർത്ഥികൾക്കു ക്ലാസ് എടുത്തുകൊണ്ടിരിക്കുമ്പോഴാണ് മാസ്റ്ററെ ക്രൂരമായി വെട്ടിക്കൊലപ്പെടു ത്തിയത്. ജയകൃഷ്ണൻമാസ്റ്റർ ചെയ്ത കുറ്റം ദേശീയവാദ പ്രസ്ഥാനങ്ങളിൽ ചേർന്നു പ്രവർത്തിച്ചു എന്നതാണ്! അക്രമത്തിന്റെ തേർവാഴ്ച്ചകൾക്കിടയിൽ സ്ത്രീകളെ പോലും കമ്യൂണിസ്റ്റുകൾ കൊല്ലാതെ വിട്ടിട്ടില്ല. ധർമ്മജനെ കൊലപ്പെടുത്തിയതിനൊപ്പം അദ്ദേഹത്തിന്റെ ഭാര്യയായ യശോദയേയും വകവരുത്തിയത്, കമ്യൂണിസ്റ്റുകാരുടെ കത്തിപ്പിടിയിൽനിന്നു സ്ത്രീകൾക്കും രക്ഷയില്ലെന്നതിന്റെ തെളിവാണ്. കൗസല്യ, അമ്മുഅമ്മ, വിമല തുടങ്ങിയവരും കമ്യൂണിസ്റ്റു കാരുടെ ക്രൂരതയ്ക്കു ഇരകളായ സ്ത്രീകളാണ്. കൊലപാതക ക്രൂരതയുടെ കാര്യത്തിൽ കമ്യൂണിസ്റ്റുകാർ ബാർബേറിയന്മാർക്കു സമമാണ്. ദേശീയവാദ പ്രസ്ഥാനത്തിന്റെ പ്രവർത്ത കനായ സത്യന്റെ തല വെട്ടിയെടുത്തതും, സുബ്രഹ്മണ്യനേയും രാജനേയും പെട്രോളൊഴിച്ച് ജീവനോടെ തീകൊളുത്തി കൊന്നതും, 'മനുഷ്യൻ അധഃപതിച്ചാൽ മൃഗം ആകും, മൃഗം അധഃപതിച്ചാൽ കമ്യൂണിസ്റ്റാകും' എന്ന ചൊല്ലിനെ സാധൂകരിക്കുന്നതാണ്.

ജന്തുജാലങ്ങളേയും കമ്യൂണിസ്റ്റുകാർ വെറുതെ വിടാറില്ല. ചരിത്രം അതാണ് സൂചിപ്പിക്കുന്നത്. പറശ്ശിനിക്കടവ് സ്നേക്ക്പാർക്കിലെ പാമ്പുകളെ തീയിട്ടു കൊന്നതും, കൊലപാതകം നടത്താനുള്ള പരിശീലനത്തിന്റെ ഭാഗമായി നിരവധി നായകളെ ഓടിച്ചിട്ടു കഴുത്ത് വെട്ടിക്കൊന്നതും ഇതിനുദാഹരണങ്ങളാണ്. മനുഷ്യരോ, പക്ഷികളോ, മൃഗങ്ങളോ, പരിസ്ഥിതിയോ, അങ്ങിനെ എന്തുമാകട്ടെ' തങ്ങളുടെ താൽപര്യങ്ങൾക്കു എതിരാണെങ്കിൽ പിന്നെ അവയുടെ നാശമാണ് ഒരു കമ്യൂണിസ്റ്റിന്റെ അത്യന്തിക ലക്ഷ്യം. അനൂപിന്റെ കൊലതന്നെയെടുക്കാം. പശ്ചിമഘട്ടത്തിൽ

കുറ്റ്യാടി എന്ന പ്രദേശത്തു നടക്കുന്ന പരിസ്ഥിതി നശീകരണ ത്തിനെതിരെ പ്രതികരിച്ച അനൂപിനെ, കരിങ്കൽക്വാറി ഉടമകളുടെ കാശുവാങ്ങുന്ന മാർക്സിസ്റ്റുകാർ ബോംബെറിഞ്ഞു കൊല്ലുക യായിരുന്നു.

കേരളത്തിലെ കോളേജ്, യൂണിവേഴ്സിറ്റി ക്യാമ്പസുകളിൽ മാർക്സിസ്റ്റ് അനുകൂല വിദ്യാർത്ഥിസംഘടനകൾ നടത്തിയി ട്ടുള്ള സമരങ്ങളും അക്രമങ്ങളും കേരള വിദ്യാഭ്യാസ രംഗത്തെ ക്കുറിച്ച് മോശം അഭിപ്രായം ഉടലെടുക്കാൻ കാരണമായിട്ടുണ്ട്. എപ്പോഴും 'അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ' സംരക്ഷകർ ചമയാറുള്ള കമ്യൂണിസ്റ്റുകാർ, അതേ ആശയം തന്നെ, ഇതര സംഘടനകളോട് അവർ പുലർത്തുന്ന അസഹിഷ്ണുതയേയും, അക്രമങ്ങളേയും ന്യായീകരിക്കാൻ ഉപയോഗിക്കുക പതിവാണ്. അതിനു അവർ പല നീചമാർഗ്ഗങ്ങളും അവലംബിക്കും. ദേശവിരു ദ്ധരുടേയും, ഇസ്ലാമിക മതമൗലികവാദികളുടേയും സംഘടന കൾക്കൊപ്പം കമ്യൂണിസ്റ്റ് വിദ്യാർത്ഥി സംഘടനകൾ കോളേജ് ക്യാമ്പസുകളിൽ നടത്തിയിട്ടുള്ള കൊലകൾ ഏറെയാണ്. ദുർഗാദാസ്, പി.എസ് അനു, സുജിത്, കിം കരുണാകരൻ, ബിംബി, മുരുകാനന്ദ, വിശാൽ, സച്ചിൻ ഗോപാൽ, തുടങ്ങിയവർ മുതൽ ശരീരത്തിൽ കത്തികൊണ്ട് പാർട്ടിമുദ്രവരെ വരച്ചുകിട്ടിയ ഹതഭാഗ്യർ ഏറെ. ഗുരുക്കന്മാരായ അധ്യാപകർക്കു കുഴിമാടം ഒരുക്കി യാത്രയയപ്പ് നൽകിയതിൽ പ്രതിസ്ഥാനത്തു നിൽക്കു ന്നതും കമ്യൂണിസ്റ്റ് അനുകൂല വിദ്യാർത്ഥികളാണ്. പരുമല കോളേജ് സംഭവത്തിൽ മൂന്നു എബിവിപി വിദ്യാർത്ഥികളെ പുഴയിൽ ചാടിച്ച്, നീന്താൻ സമ്മതിക്കാതെ ഇഷ്ടികയെറിഞ്ഞു കൊന്നത് കേരളത്തിലെ ക്യാമ്പസ് രാഷ്ട്രീയത്തിൽ സമാനത യില്ലാത്ത ക്രൂരസംഭവമാണ്.

രാഷ്ട്രപുരോഗതിക്കുവേണ്ടി പ്രവർത്തിച്ചതിനാൽ കൊല ചെയ്യപ്പെട്ട എല്ലാവരേയും ആഹുതി സ്മരിക്കുന്നു. അവരുടെ ആത്മാവുകൾക്കു നിത്യശാന്തി നേരുന്നു. ബലിദാനികളുടെ കുടുംബാംഗങ്ങൾ ഇന്നു വ്രണിതഹൃദയരായി ജീവിക്കുകയാണ്. അവരുടെ മുന്നിലെ ഇരുട്ടിനു കനംവച്ചിരിക്കുന്നു. ദളിത്–പിന്നോക്ക്–ന്യൂനപക്ഷവിഭാഗങ്ങളിൽപ്പെട്ടവരായിരുന്നു ബലിദാ നികളിൽ ഏറെയും എന്നത് കഷ്ടതയുടെ ആഴം സൂചിപ്പിക്കുന്നു. കൊല്ലപ്പെട്ടവരുടെ കുടുംബാംഗങ്ങളേയും ബന്ധുക്കളേയും ഇക്കാലത്തും മാർക്സിസ്റ്റുകാർ വേട്ടയാടുന്നുണ്ട് എന്നത് അവരുടെ ജീവിത സാഹചര്യങ്ങളെ കൂടുതൽ കഠിനമാക്കുന്നു.

ഈ സംരംഭത്തിൽ പങ്കാളികളായി ഞങ്ങളെ സഹായിച്ച എല്ലാവരോടും ആഹുതി ടീം നന്ദി പറയുന്നു. വിവര സമാഹര ണമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് ഞങ്ങളോടൊപ്പം പ്രവർത്തിച്ച് സഹായം നൽകിയ സാധാരണക്കാരായ പ്രവർത്തകർ, ശ്രീ വി.എൻ. ഗോപിനാഥൻ, ശ്രീ സോഹൻലാൽ, ബി.ജെ.പി. സംസ്ഥാന സംഘടനാ സെക്രട്ടറി ശ്രീ. ഗണേശൻ, സഹപ്രാന്തപ്രചാരക് ശ്രീ. സുദർശൻ എസ്., ജന്മഭൂമി മാനേജിംഗ് എഡിറ്റർ ശ്രീ. കെ.ആർ. ഉമാകാന്തൻ, മാധ്യമസ്ഥാപനങ്ങളായ കേസരി വീക്കിലി, ജന്മഭൂമി ഡെയിലി, ഓർഗനൈസർ, haindavakeralam.com, samvada.org, ഡോക്ടർ ശ്യാമപ്രസാദ് മുഖർജി റിസർച്ച് ഫൗണ്ടേഷൻ, തുടങ്ങിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഞങ്ങൾ ഹൃദയംഗമമായ നന്ദി രേഖപ്പെടു ത്തുന്നു.

എല്ലാത്തിനും ഉപരിയായി, സംഘടനാ ചുമതലയുള്ള **ബിജെപി ദേശീയ ജോയിന്റ് ജനറൽ സെക്രട്ടറി** ശ്രീ ബി.എൽ സന്തോഷിനോടാണ് ആഹുതി ടീം ഏറ്റവും കടപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ മാർഗനിർദ്ദേശവും സഹായവും ഇല്ലായിരുന്നു വെങ്കിൽ ഈ ഉദ്യമം വിജയമാകില്ലായിരുന്നു.

अमित शाह
अध्यक्ष
**Amit Shah**
President

भारतीय जनता पार्टी
**Bharatiya Janata Party**

२१ सितम्बर, २०१६

## संदेश



केरल में कई दशकों से संघ और भाजपा कार्यकर्ता बलिदान देकर देश और अपनी विचारधारा के लिए कुर्बानी दे रहे हैं। **आहुति** उन सभी हुतात्माओं को विनम्र श्रद्धांजलि है।

केरल में जिस प्रकार की हिंसा की राजनीति चल रही है, उससे पूरा देश स्तब्ध है। स्वतंत्रता के पश्चात हमने लोकतंत्र अपनाया और लोकतंत्र में सत्ता प्राप्ति के लिए हिंसा का रास्ता चुनना हमने कभी स्वीकार नहीं किया। जिस प्रकार से राजनीति में हिंसा के माध्यम से सत्ता प्राप्ति तथा सत्ता में बने रहने का षड्यंत्र केरल में चल रहा है वह किसी भी परिस्थिति में असहनीय है। इस तरह की राजनीति लोकतंत्र तथा देश एवं समाज के लिये घातक है।

केरल में विधानसभा चुनाव के बाद भाजपा कार्यकर्ताओं पर जिस प्रकार के हमले हुए, उसे किसी भी रूप में सहन नहीं किया जा सकता। इस तरह की घटनाएँ अकेली नहीं, बल्कि इन घटनाओं की एक बड़ी श्रृंखला है, जिसमें षड्यंत्रपूर्वक ढंग से बड़ी निर्दयता से हत्यायें की गई हैं। मार्क्सवादी-कम्युनिस्ट विचार वाले दल निरंतर अपने वर्चस्व के समक्ष उत्पन्न चुनौतियों का जवाब हिंसा से देते हैं। ऐसा इतिहास रहा है कि जब वैचारिक संघर्ष में हार होने लगती है, तब मार्क्सवादी दल हिंसा का सहारा लेने लगते हैं। पश्चिम बंगाल में भी यही हुआ था। जिस प्रकार की चुनौती भाजपा के समर्पित कार्यकर्ता केरल में दे रहे हैं, उसका जवाब कम्युनिस्ट दल हिंसा से देना चाहते हैं। यह कम्युनिस्ट दलों की वैचारिक एवं राजनैतिक हार है। हमारे निष्ठावान कार्यकर्ताओं के बलिदान से केरल में भी परिवर्तन का दौर आरंभ हो चुका है। मैं ऐसे सभी बलिदानियों को नमन करता हूँ और हर कार्यकर्ता का अभिनन्दन करता हूँ।

केरल की हिंसक राजनीति का पूरा चित्र अब भी देश के सामने नहीं आ पाया है। एक-दो वीभत्स घटनाएं, जो राष्ट्रीय मीडिया में चर्चित हुई, उनके अलावा अन्य कई घटनाओं से पूरा देश अनभिज्ञ है। ऐसी आशा है कि यह पुस्तिका उस कमी को पूरा करेगी और इसके माध्यम से पूरा देश इन भयानक घटनाओं को जान पायेगा। **'आहुति'** सही मायने में हमारे राष्ट्रवादी कार्यकर्ताओं को देश सेवा में अपने प्राणों की आहुति देने वालों की एक गाथा है। यह पुस्तिका उनकी शौर्यपूर्ण स्मृतियों को एक विनम्र श्रद्धांजलि है।

भवदीय


( अमित शाह )

11, अशोक रोड, नई दिल्ली-110 001 दूरभाष: 23005700 फैक्स: 23005787

11, Ashok Road, New Delhi-110 001, Phone : 23005700 Fax : 23005787
e-mail: amitshah.bjp@gmail.com

Kummanam Rajasekharan
State President

# भारतीय जनता पार्टी
## Bharatiya Janatha Party
Kerala State Office



**2016** മെയിൽ നടന്ന തിരഞ്ഞെടുപ്പിൽ വികസനത്തിന്റെ പേരിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് കമ്യൂണിസ്റ്റുകാർ കേരളത്തിൽ അധികാരത്തിലെത്തി. എന്നാൽ ഒരു ജനാധിപത്യ പ്രക്രിയയിൽ, വികസനത്തിനു അവശ്യമായ പ്രതിപക്ഷ ധർമ്മം നിർവഹിക്കാൻ ഒരു പാർട്ടിയേയും കമ്യൂണിസ്റ്റുകാർ അനുവദിക്കില്ലെന്നത് ഏവർക്കും അറിയാവുന്നതാണ്. കമ്യൂണിസ്റ്റുകൾക്കു പരിചയമുള്ള ഏകഭാഷ അക്രമത്തിന്റേതാണ്, അവർ അധികാരത്തിൽ ഇരിക്കുമ്പോൾ വിശേഷിച്ചും.

കമ്യൂണിസ്റ്റുകാർ അധികാരത്തിൽ എത്തിയതോടെ അവരുടെ ആശീർവാദത്തോടെയുള്ള രാഷ്ട്രീയ കൊലപാതകങ്ങളും ആരംഭിച്ചിരിക്കുകയാണ്. ഇലക്ഷൻ ഫലം പ്രഖ്യാപിച്ച ദിവസം തന്നെ വിജയാഘോഷത്തിന്റെ പേരിൽ അക്രമങ്ങൾ തുടങ്ങി. യുഎഇയിൽ നിന്നു ബിജെപിയുടെ പ്രചാരണത്തെ സഹായിക്കാൻ വന്ന പ്രമോദ് എന്ന യുവാവിനെ കമ്യൂണിസ്റ്റുകാർ കൊലപ്പെടുത്തി. രാഷ്ട്രീയ എതിരാളികളെ വച്ചുപൊറുപ്പിക്കില്ലെന്ന വ്യക്തമായ സന്ദേശം ഇതുവഴി അവർ പ്രതിപക്ഷത്തിനു നൽകി.

ഇപ്പോൾ നമുക്ക് മുന്നിലുള്ള വെല്ലുവിളികൾ ഏറെയാണ്. നമ്മുടെ പ്രവർത്തകരിൽ അധികവും സാമ്പത്തികമായ പിന്നോക്കം നിൽക്കുന്നവരാണ്. ഇത് അവരെ എളുപ്പത്തിൽ അക്രമത്തിന്റെ ഇരകളാക്കുന്നു. രാഷ്ട്രീയ സംഘർഷങ്ങളിൽ ആരെങ്കിലും മരണപ്പെട്ടാൽ സർക്കാരിന്റെ ഭാഗത്തുനിന്നു നമുക്കു സഹായസഹകരണങ്ങൾ ഇല്ല. കുടുംബത്തിന്റെ ദയനീയത വർദ്ധിപ്പിക്കാനേ ഈ സമീപനം ഉപകരിക്കുന്നുള്ളൂ. പരിക്കേറ്റാൽ ആശുപത്രി ചികിത്സക്കുള്ള പണം ഭീമമാണ്. ഇതുമൂലം പലപ്പോഴും ചികിൽസക്കു വേണ്ടപോലെ നമ്മുടെ പ്രവർത്തകർ വിധേയരാകാറില്ല. വധശ്രമത്തിനെതിരെ കോടതിയിൽ പരാതിപ്പെടാനും നിയമസഹായം ലഭിക്കാനും പണം ആവശ്യമാണ്. ബിജെപി അനുഭാവികളാണെന്ന കാരണത്താൽ നമ്മുടെ പ്രവർത്തകരെ സാമൂഹികമായി ബഹിഷ്കരിക്കു പ്രവണതയും കണ്ടുവരുന്നുണ്ട്. അഭിപ്രായസ്വാതന്ത്ര്യത്തിന്റെ അപ്പോസ്തലരായി നടിക്കുന്ന കമ്യൂണിസ്റ്റുകാർ, എന്നാൽ അവർക്കെതിരെയുള്ള അഭിപ്രായങ്ങളെ അസഹിഷ്ണുതയോടെയേ നേരിട്ടിട്ടുള്ളൂ.

ഭാരതീയ ജനതാപാർട്ടിയുടെ ആദർശങ്ങളെ മുൻനിർത്തി, രാഷ്ട്രസേവനത്തിനായി സ്വജീവൻ ബലിയർപ്പിച്ച പ്രവർത്തകരുടെ ത്യാഗങ്ങളേയും സ്മരണകളേയും ശ്ലാഘിക്കുന്ന ആഹുതി പോലുള്ള സംരംഭങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. കമ്യൂണിസ്റ്റ് അക്രമങ്ങൾ ഇതോടെ പൊതുജന ശ്രദ്ധയിലേക്കു എത്തുകയാണ്. നമ്മുടെ ഭാവിപരിപാടികൾ ക്രോഡീകരിക്കാനും ഈ ഉദ്യമം സഹായകമാകും.

രാഷ്ട്രീയ കൊലപാതകങ്ങളെ സ്ഥാപനവൽക്കരിക്കുന്നവരുടേയും, അസഹിഷ്ണുതയുടെ യഥാർത്ഥ വക്താക്കളുടേയും ഉദ്ദേശലക്ഷ്യങ്ങൾ പൊതുജനമദ്ധ്യത്തിൽ തുറന്നുകാണിക്കാൻ എല്ലാ നേതാക്കന്മാരോടും പ്രവർത്തകരോടും ഞാൻ സഹായം അഭ്യർത്ഥിക്കുകയാണ്. നാം നമ്മുടെ ശബ്ദം ഉയർത്തിയേ മതിയാകൂ.

**കുമ്മനം രാജശേഖരൻ**
പ്രസിഡന്റ്, ഭാരതീയ ജനതാ പാർട്ടി. കേരളം.

Marарji Smruthi Mandiram, K.G. Marar Road, Thycaud P.O Thiruvananthapuram-695 014, Kerala
Ph : 0471-2333390, 2337711, 2337713 Fax : 2337715 Email : kummanamrajasekharan@gmail.com

# മുഖവുര

ചരിത്രത്തിന്റെ താളുകൾ പരിശോധിച്ചാൽ, കമ്യൂണിസത്തോളം മനുഷ്യരെ കൊന്നൊടുക്കിയിട്ടുള്ള മറ്റൊരു പ്രത്യയശാസ്ത്രമില്ലെന്നു നമുക്ക് കാണാം. ഇക്കാര്യത്തിൽ മറ്റു ഫാസിസ്റ്റ് പ്രത്യയശാസ്ത്രങ്ങൾ എല്ലാം കമ്യൂണിസത്തിനേക്കാൾ ഒരുപടി താഴെയാണ്. ആഗോളതലത്തിൽ കമ്യൂണിസം ഏകാധിപത്യത്തിന്റേയും അക്രമത്തിന്റേയും പര്യായമായാണ് കണക്കാക്കപ്പെടുത്. അതുകൊണ്ടു തന്നെ, സ്വയംസേവകരെ ലക്ഷ്യമിട്ടു കൊലപ്പെടുത്തുന്ന സിപിഐഎമ്മിന്റെ 'കണ്ണൂർ മോഡലിൽ' അത്ഭുതകരമായി ഒന്നുമില്ല. ഭരണകൂടത്തിന്റേയും പാർട്ടിയുടേയും ഉരുക്കുമുഷ്ടി കൊണ്ട് പ്രതിപക്ഷ ശബ്ദങ്ങളെ അമർച്ച ചെയ്യുന്ന സ്റ്റാലിനിസ്റ്റ്-മാവോയിസ്റ്റ് പാരമ്പര്യത്തിന്റെ തുടർച്ചയാണത്. ഇന്നു 'കണ്ണൂർ മോഡൽ' (എതിർശബ്ദങ്ങളെ നിശബ്ദമാക്കി രാഷ്ട്രീയബലം നിലനിർത്തുന്നതിനു കമ്യൂണിസ്റ്റുകാർ അനുവർത്തിക്കുന്ന രീതി) എന്ന പദം, സിപിഐഎം നടത്തുന്ന രാഷ്ട്രീയ കൊലപാതങ്ങൾക്കുള്ള മാതൃകയായി തീർന്നിട്ടുണ്ട്. കണ്ണൂർ ഉൾപ്പെടെയുള്ള കമ്യൂണിസ്റ്റ് ശക്തികേന്ദ്രങ്ങളിൽ നിലനിൽക്കുന്ന സംഘർഷസ്ഥിതി പ്രാദേശിക സ്ഥിതിവിശേഷമല്ലെന്നു ചുരുക്കം.

1969ൽ, ദളിത് സമുദായാംഗമായ വാടിക്കൽ രാമകൃഷ്ണൻ എന്ന സ്വയംസേവകന്റെ കൊലപാത കത്തോടെയാണ് കേരളത്തിൽ, പ്രത്യേകിച്ചും കണ്ണൂരിൽ, സിപിഐഎമ്മിന്റെ കൊലപാതക രാഷ്ട്രീയം ആരംഭിക്കുന്നത്. ആർ.എസ്.എസ്സിന്റെ സജീവപ്രവർത്തകനായ രാമകൃഷ്ണൻ നിരവധി കമ്യൂണിസ്റ്റുകാരെ ദേശീയ കാഴ്പ്പാടിലേക്കു ആകർഷിച്ചിരുന്നു. ഇത് കൊലപാതകത്തിനു കാരണമായി. രാമകൃഷ്ണന്റെ കൊലപാതകത്തിനു ശേഷം കേരളത്തിൽ 270-ൽപരം സ്വയംസേവകർ കൊല്ലപ്പെട്ടിട്ടുണ്ട്. ഇതിൽ 232 പേരെ കൊലപ്പെടുത്തിയത് സിപിഐഎം ആണെങ്കിൽ, ബാക്കിയുള്ളവരിൽ അധികവും ഇസ്ലാമിക മതമൗലികവാദികളാൽ വധിക്കപ്പെട്ടവരാണ്. കൊല്ലപ്പെട്ടവരുടെ എണ്ണത്തേക്കാൾ ആറുമടങ്ങ് അധികമാണ് പരിക്കേറ്റവരുടെ എണ്ണം. എന്നിട്ടും, എൽഡിഎഫ് അധികാരത്തിൽ ഇരിക്കുമ്പോൾ, മാർക്സിസ്റ്റ് ഭീകരതയുടെ ഇരകളായ സംഘപ്രവർത്തകരെ പോലീസ് മർദ്ദിക്കുന്നതും, അവരെ കള്ളക്കേസിൽ കുടുക്കുന്നതും സാധാരണ സംഭവമാണ്.

സിപിഐഎം പ്രവർത്തകർ പാർട്ടി വിട്ടു ആർഎസ്എസ്സിലേക്കു ചേക്കേറുന്നതാണ് സംഘപ്രവർത്ത കർക്കെതിരെയുള്ള ആക്രമണങ്ങൾക്കു കാരണം. കണ്ണൂർ ഉൾപ്പെടെയുള്ള വടക്കൻ കേരളത്തിലെ ബിജെപി പ്രവർത്തകരിൽ ഭൂരിഭാഗവും മുൻ കമ്യൂണിസ്റ്റ് അനുഭാവികളാണ്. സിപിഎമ്മിന്റെ താൻപോരി മയ്ക്കും അക്രമങ്ങൾക്കും വഴങ്ങിക്കൊണ്ടു പ്രവർത്തിക്കാൻ ആർഎസ്എസ് തയ്യാറാകാത്തത് അവർക്കു സഹിക്കാവുന്നതിലും അപ്പുറമാണ്. ഹിന്ദു ദേശീയവാദികൾക്കു നേരെയുള്ള കമ്യൂണിസ്റ്റ് അക്രമങ്ങളുടെ മറ്റൊരു ലക്ഷ്യം ന്യൂനപക്ഷ പ്രീണനവും, അതുവഴിയുള്ള ഇസ്ലാമിസ്റ്റ് വോട്ട് സമാഹരണവുമാണ്. സംഘ പ്രവർത്തകർക്കു നേരെ നടത്തിയ ആക്രമണങ്ങളെ കുറിച്ച് പൊതുമണ്ഡലത്തിൽ വീമ്പ് പറയുകയും, ന്യൂനപക്ഷ മതമൗലികവാദികളെ പ്രീണിപ്പിച്ച് വോട്ടു നേടാൻ പാർട്ടിതലത്തിൽ 'ബീഫ് ഫെസ്റ്റിവലുകൾ' സംഘടിപ്പിക്കുകയും കമ്യൂണിസ്റ്റുകാർ ചെയ്യാറുണ്ട്.

ആർഎസ്എസ്സിന്റെ ജനപിന്തുണ വർദ്ധിക്കുന്നത് തടയുകയാണ് കമ്യൂണിസ്റ്റുകാർ നടത്തുന്ന അക്രമങ്ങളുടെ മുഖ്യലക്ഷ്യം. സെമിറ്റിക് മതങ്ങളിലെ പോലെ കമ്യൂണിസ്റ്റ് പാർട്ടിയിലും, പ്രവർത്തകർ മാർക്സിസ്റ്റ് പ്രത്യയശാസ്ത്രം ത്യജിക്കുന്നത് മാപ്പർഹിക്കാത്ത പാപവും, മരണശിക്ഷ ലഭിക്കാവുന്ന കുറ്റവുമാണ്. 2016 മെയിൽ, സിപിഐഎം അധികാരമേറ്റ ശേഷം വ്യാപകമായ അക്രമത്തിനും കൊലപാത കങ്ങൾക്കും കേരളം സാക്ഷിയായി. കണ്ണൂർ മോഡൽ സംസ്ഥാനമെങ്ങും വ്യാപിപ്പിക്കുകയാണ് ലക്ഷ്യമെന്ന വ്യക്തം. സിപിഐഎമ്മിന്റെ സംസ്ഥാന സെക്രട്ടറി കൊടിയേരി ബാലകൃഷ്ണനും, കണ്ണൂർ ജില്ലാ സെക്രട്ടറി പി.ജയരാജനും ആർഎസ്എസ്സ് ഉൾപ്പെടെയുള്ള ദേശീയ സംഘടനകൾക്കെതിരെ അക്രമത്തിനു പരസ്യമായി ആഹ്വാനം ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്ത് ബിജെപിയുടെ സംസ്ഥാന കമ്മറ്റി ഓഫീസിനു നേരെ ആക്രമണവും ബോംബേറും വരെ നടന്നു.

ഏതാനും മാദ്ധ്യമങ്ങൾ ഒഴികെ, കേരളത്തിലെ മീഡിയരംഗം വലിയ അളവിൽ ഇടതുപക്ഷ നിയന്ത്രണത്തിലും, മാർക്സിസ്റ്റുകാർ നയിക്കുന്നതും ആണ്. പൊതുസമൂഹത്തിന്റെ ആശങ്കകൾ ചർച്ചക്കു വിധേയമാക്കുന്നതിനു മുൻകൈ എടുക്കേണ്ട കേരളത്തിലെ 'സാംസ്കാരിക നായകന്മാർ' ആകട്ടെ' മാർക്സിസ്റ്റ് അക്രമണത്തിനെതിരെ സംസാരിക്കാൻ ഭയമുള്ളവരാണ്. ഇടതു ബുദ്ധിജീവികൾ എന്നത്തേയും പോലെ സിപിഎമ്മിന്റെ കൊലപാതക രാഷ്ട്രീയത്തെ നിർലജ്ജം പിന്തുണച്ച് സംസാരിക്കു ന്നുണ്ട്. അതിൽ അവർക്കു യാതൊരു കുറ്റബോധവുമില്ല. ദേശീയ മുഖ്യധാര മാദ്ധ്യമങ്ങൾ കേരളത്തിൽ നിലനിൽക്കുന്ന ഇടതുഭീകരതയെപ്പറ്റി അജ്ഞത നടിച്ച്, സൗകര്യപൂർവ്വം അവഗണിക്കുകയാണ്. വസ്തുതകൾ ഇപ്രകാരമായിരിക്കെ, മാർക്സിസ്റ്റ് ഭരണകൂട ഭീകരതയ്ക്കെതിരെ പൊതുസമൂഹം മുന്നോട്ടുവരേണ്ടതുണ്ട്. എങ്കിലേ അവരുടെ ചോരക്കളിക്കു അവസാനമാകൂ. കേരളത്തിൽ നടക്കുന്ന രാഷ്ട്രീയ അക്രമങ്ങളെ കുറിച്ചുള്ള വിവരങ്ങൾ സമാഹരിച്ച്, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിക്കുന്ന സെമിനാറുകൾ വഴി മാർക്സിസ്റ്റ് ഭീകരതയെ കുറിച്ച് പൊതുജനങ്ങളെ ബോധവൽ ക്കരിക്കാമെന്നും, രാജ്യത്തെ യഥാർത്ഥ അസഹിഷ്ണുതാവാദികളെ പൊതുജനസമക്ഷം വെളിച്ചത്തു കൊണ്ടു വരാമെന്നും ഞങ്ങൾ പ്രത്യാശിക്കുന്നു.

**ജെ. നന്ദകുമാർ**

ദേശീയ സംയോജകൻ, പ്രജ്ഞാപ്രവാഹ്.

# കണ്ണൂർ അക്രമത്തിന്റെ പശ്ചാത്തലത്തിൽ പത്മശ്രീ പി. പരമേശ്വരൻ പുറപ്പെടുവിച്ച പ്രസ്താവന (2008 മാർച്ച് 31)

രൂക്ഷമായ അക്രമരാഷ്ട്രീയം മൂലം രാജ്യമെമ്പാടും അറിയപ്പെടുന്ന പ്രദേശമാണ് കേരളത്തിലെ കണ്ണൂർ ജില്ല. നാലു പതിറ്റാണ്ടു മുമ്പ് ആരംഭിച്ച അക്രമങ്ങളുടെ പരമ്പര ഇന്നും അവസാനിച്ചിട്ടില്ല. സമ്പൂർണ്ണ സാക്ഷരത നേടിയ സംസ്ഥാനമെന്ന ഖ്യാതിയുള്ള കേരളത്തിൽ, രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ ഭിന്നതയുടെ അടിസ്ഥാനത്തിൽ ക്രൂരമായ കൊലപാതകവും തീവയ്പ്പും, ഏറെക്കാലമായി ഇടതടവില്ലാതെ നടക്കുന്നുവെന്നത് വിചിത്രമായി തോന്നാം. മനുഷ്യത്വരഹിതവും അപരിഷ്കൃതവുമായ ഈ സംഭവങ്ങളിൽ രാജ്യത്തെ പ്രബുദ്ധരായ ജനങ്ങൾ ആശങ്കാകുലരാണ്.

കേരളത്തിൽ തുടർച്ചയായി ആവർത്തിക്കപ്പെടുന്ന അക്രമസംഭവങ്ങൾക്കു ശാശ്വത പരിഹാരം കാണണമെങ്കിൽ, ഈ പ്രശ്നത്തെ ശരിയായ വീക്ഷണകോണിലൂടെ വിലയിരുത്തി മനസ്സിലാക്കേണ്ടതുണ്ട്. കേരളത്തിലെ സാമാന്യജനങ്ങൾക്ക്, കേരളത്തിനു പുറത്തുള്ളവർക്കു തരിമ്പും, അറിയാത്തത്ര നീണ്ട ചരിത്രം ഈ അക്രമപ്രവൃത്തികൾക്കു പിന്നിലുണ്ട്. കമ്മ്യൂണിസ്റ്റ്-മാർക്സിസ്റ്റ് മനോഘടനയിൽ അലിഞ്ഞു ചേർന്നിരിക്കുന്ന കടുത്ത സംഘപരിവാർ വിരോധം ആദ്യമായി വെളിച്ചത്തു വന്നത്, 1948 ജനുവരിയിൽ തിരുവനന്തപുരത്ത് ഗുരുജി ഗോൾവൽക്കർ അഭിസംബോധന ചെയ്യാനിരുന്ന ഒരു റാലിയിലേക്ക്, കമ്മ്യൂണിസ്റ്റ് അനുകൂല വിദ്യാർത്ഥി സംഘടനകൾ നടത്തിയ പ്രതിഷേധ മാർച്ച് അതിക്രമിച്ചു കയറിയതോടെയാണ്. പ്രകോപനമൊന്നും കൂടാതെയായിരുന്നു വിദ്യാർത്ഥികളുടെ അതിക്രമം. 1949-ൽ കോഴിക്കോടിലും ആലപ്പുഴയിലും സ്വയംസേവകരെ അഭിസംബോധന ചെയ്തു ഗുരുജി സംസാരിക്കുമ്പോൾ, സമ്മേളനത്തിനുനേരെ ആസൂത്രിത ആക്രമണമുണ്ടായി. രാഷ്ട്രീയ സ്വയംസേവക സംഘം അക്കാലത്ത് കേരളത്തിൽ നിർണായകശക്തി അല്ലായിരുന്നു. എന്നിട്ടും മുൻകൂട്ടി ആസൂത്രണം ചെയ്ത ആക്രമണത്തിനു പിന്നിലെ ചോദന, കടുത്ത അസഹിഷ്ണുതയും ഏകാധിപത്യ പ്രവണതയും തന്നെയായിരുന്നു.

ആർഎസ്എസ്കേരളത്തിൽ കൂടുതൽ ശക്തിയും ജനപിന്തുണയും ആർജ്ജിച്ചതോടെ, കമ്യൂണിസ്റ്റ് പാർട്ടിയും അവരുടെ പത്രമാദ്ധ്യമങ്ങളും സംഘത്തിനെതിരെ ദുഷ്പ്രചാരണങ്ങൾ ആരംഭിച്ചു. 1950-കളിലാണ് ആർഎസ്എസ്സിന്റെ പ്രവർത്തനങ്ങൾ വടക്കൻ കേരളത്തിലേക്ക്, പ്രത്യേകിച്ചും കണ്ണൂർ ജില്ലയിൽ, വ്യാപിക്കുന്നത്. അതിനകം തന്നെ കമ്യൂണിസ്റ്റ് പാർട്ടി കണ്ണൂരിനെ, അവരുടെ കോട്ടയാക്കി മാറ്റിയിരുന്നു. കണ്ണൂരിൽ പ്രവർത്തിക്കാൻ തുടങ്ങിയ സംഘംപ്രചാരകരെ കമ്യൂണിസ്റ്റുകാർ ഭീഷണിപ്പെടുത്തുക മാത്രമല്ല, താമസസൗകര്യവും മറ്റും നൽകാതെ സാമൂഹികമായി ബഹിഷ്കരിക്കുകയും ചെയ്തു. തന്മൂലം റെയിൽവേ പ്ലാറ്റ്ഫോമുകൾപോലുള്ള ഇടങ്ങളെ പ്രചാരകർക്കു ആശ്രയിക്കേണ്ടി വന്നിട്ടുണ്ട്. ഇത്തരം പ്രതിസന്ധികളെ അതിജീവിച്ച് സംഘം വളർന്നു വന്നപ്പോൾ, കമ്യൂണിസ്റ്റുകാർ കായികമായി ആക്രമിക്കാൻ തുടങ്ങി. അതാകട്ടെ വ്യത്യസ്ത തീവ്രതയിൽ ഇന്നും നിലനിൽക്കുന്നു.

അടിയന്തിരാവസ്ഥ കാലത്ത് ആർഎസ്എസ് കമ്യൂണിസ്റ്റ് പ്രവർത്തകരെ ഭരണകൂടം ഒരുപോലെ അടിച്ചമർത്തി പീഢിപ്പിച്ചിരുന്നതിനാൽ, അവർക്കിടയിൽ അനൗപചാരികമായ ഒത്തുതീർപ്പ് നിലവിലുണ്ടായിരുന്നു. ഇരുകൂട്ടരും ജയിൽശിക്ഷ അനുഭവിച്ചത് പലയിടത്തും ഒരുമിച്ചാണ്. അടിയന്തിരാവസ്ഥ പിൻവലിച്ചശേഷം നടന്ന ഇലക്ഷനിൽ കോൺഗ്രസിനെ തോൽപ്പിക്കാൻ, സംഘവും കമ്യൂണിസ്റ്റുകാരും തോളോടുതോൾ ചേർന്നു പ്രവർത്തിച്ചു. എങ്കിലും ഈ കൂട്ടുകെട്ടിനു അല്പായുസ്സേ ഉണ്ടായിരുന്നുള്ളൂ. അടിയന്തിരാവസ്ഥക്കെതിരെ ആർഎസ്എസ് നടത്തിയ സത്യസന്ധമായ പോരാട്ടം ജനപിന്തുണ ഉറപ്പാക്കുകയും, അത് തിരഞ്ഞെടുപ്പിൽ പ്രതിഫലിക്കുകയും ചെയ്തു. കണ്ണൂർ ജില്ലയിലെ മാർക്സിസ്റ്റ് കോട്ടകളിൽ സംഘം വിള്ളൽ വീഴ്ത്തിയെന്നു തിരഞ്ഞെടുപ്പുഫലത്തിൽ തെളിഞ്ഞു. പരിഭ്രാന്തരായ മാർക്സിസ്റ്റുകാർ എല്ലാ മാർഗങ്ങളും ഉപയോഗിച്ച് സംഘത്തെ എതിർക്കാൻ തുടങ്ങി. നിരവധി ആർഎസ്എസ് ബിജെപി പ്രവർത്തകരെ അവർ കൊലചെയ്തു. സംഘവിരുദ്ധ കൊലപാതക രാഷ്ട്രീയത്തിന്റെ വൻവേലിയേറ്റത്തിനാണ് 1980-കൾ സാക്ഷ്യം വഹിച്ചത്. നിരവധി പ്രവർത്തകർ ഇതിൽ ബലിദാനികളായി.

സംഘപരിവാറിനു നേരെ വ്യാപകമായ അക്രമങ്ങൾ നടത്താൻ സിപിഐഎമ്മിനെ പ്രേരിപ്പിക്കുന്ന മറ്റൊരു സൂക്ഷ്മഘടകവും ഉണ്ട്. അത്യധികം വർഗ്ഗീകരിക്കപ്പെട്ട കേരളത്തിലെ സാമൂഹിക സാഹചര്യങ്ങൾ മുതലെടുത്ത്, നല്ലവിഭാഗം ന്യൂനപക്ഷ വോട്ടുകൾ നേടാനുള്ള മാർഗ്ഗമാണ് ആറെസ്സെസ്സ് വിരുദ്ധത. ന്യൂനപക്ഷങ്ങളെ ഇല്ലാതാക്കുന്നതിൽ നിന്നു ആറെസ്സെസ്സിനെ തടയുന്നത് കമ്യൂണിസ്റ്റുകൾ ആണെന്നും, ഹിന്ദു വർഗ്ഗീയവാദികളിൽ നിന്നു ന്യൂനപക്ഷ സമുദായങ്ങളെ സംരക്ഷിക്കാൻ കമ്യൂണിസ്റ്റുകാർ മാത്രമേയുള്ളൂവെന്നും അവർ വാദിക്കുന്നു.

കണ്ണൂർ ജില്ലയിൽ, നിരവധി പഞ്ചായത്തുകളിലായി നൂറുകണക്കിനു പോളിങ് ബൂത്തുകളിൽ സ്വതന്ത്രമായ ജനാധിപത്യ പ്രക്രിയ അനുവദിക്കപ്പെട്ടിട്ടില്ലെന്നു നമുക്ക് അറിയാവുന്നതാണ്. അവിടെയെല്ലാം ബൂത്തുപിടുത്തം നടത്തി, ജനങ്ങളിൽ ആരൊക്കെ വോട്ടു ചെയ്യണമെന്നും ആർക്കു വോട്ടുചെയ്യണമെന്നും തീരുമാനിക്കുന്നത് മാർക്സിസ്റ്റ് പ്രവർത്തകരാണ്. ഈ സ്ഥിതിവിശേഷം അതാത് പ്രദേശങ്ങളിലുള്ള എതിർപാർട്ടി വോട്ടർമാരുടെ മനസ്സിൽ ഭയവും അപകർഷതാബോധവും സൃഷ്ടിക്കും. സത്യത്തിൽ ഇവിടങ്ങളിൽ നടക്കുന്നത് സിപിഐഎം നിയന്ത്രിക്കുന്ന ജനാധിപത്യവും, തിരഞ്ഞെടുപ്പുകളും ആണ്. ഇതിനെതിരെ ജനങ്ങളിൽ പുകയുന്ന അമർഷം പരിഹരിക്കാൻ, ഒരു സർക്കാറിനും ഇന്നുവരെ കഴിഞ്ഞിട്ടില്ല.

അടിച്ചമർത്തൽ, അസഹിഷ്ണുത, ശാരീരികാക്രമണങ്ങൾ എന്നിവയിൽ മാർക്സിസ്റ്റുകാർക്കുള്ള സുദീർഘ പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിൽ വേണം ഈയടുത്ത കാലത്ത് നടന്ന കൊലപാതക പരമ്പരയെ നോക്കിക്കാണേണ്ടത്. ഇക്കാര്യം ജനങ്ങളും ഭരണകർത്താക്കളും മനസ്സിലാക്കണം. ഇതിൽ അടങ്ങിയിരിക്കുന്ന നീതിനിഷേധത്തിനു പൂർണ പരിഹാരം കാണാതെയും, ഇലക്ഷനിൽ സമ്മതിദാതാക്കൾക്കുള്ള സ്വാതന്ത്ര്യം ഉറപ്പാക്കാതെയും ശാശ്വതമായ സമാധാനം സംഘർഷപ്രദേശങ്ങളിൽ പുനസ്ഥാപിക്കപ്പെടില്ല. അർദ്ധമനസ്സോടെ എടുക്കുന്ന താൽക്കാലിക തീരുമാനങ്ങൾക്കു ഈ പ്രശ്നം എന്നെന്നേയ്ക്കുമായി പരിഹരിക്കാനാകില്ല.

കേരളത്തിലെ അക്രമരാഷ്ട്രീയം അവസാനിപ്പിക്കാൻ എല്ലാ പാർട്ടികളും, പ്രത്യേകിച്ചും സിപിഐഎം, മനസ്സിലാക്കി അനുവർത്തിക്കേണ്ട മൂന്ന് പ്രധാന പോയിന്റുകളുണ്ട്:

1. കണ്ണൂരിൽ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്ന പ്രത്യേക രാഷ്ട്രീയമേഖല (Special Political Zone, SPZ) എന്ന ആശയം സിപിഐഎം ഉപേക്ഷിക്കണം.
2. ഇന്ത്യയുടെ മറ്റുഭാഗങ്ങളിൽ നിലവിലിരിക്കുന്ന പോലെ, കണ്ണൂരിലും സംഘം പ്രവർത്തനങ്ങൾ ഒരു യാഥാർത്ഥ്യമാണെന്ന് സിപിഎം അംഗീകരിക്കണം. സംഘത്തിന്റെ പ്രവർത്തനങ്ങൾ കൊലപാതകങ്ങൾ കൊണ്ട് നേരിടാവുന്നതോ, ആഗ്രഹിക്കുമ്പോൾ നിർത്തലാക്കാൻ കഴിയുന്നതോ അല്ല. ശാഖകൾ സംഘത്തിന്റെ അവിഭാജ്യഘടകമാണ്. അവ തുടരുകതന്നെ ചെയ്യും.
3. തിരഞ്ഞെടുപ്പുകളിൽ ന്യൂനപക്ഷ വോട്ടുകൾ ലഭിക്കാനുള്ള മികച്ച തന്ത്രമാണ് ആർഎസ്എസിനെതിരെ നടത്തുന്ന ആക്രമണങ്ങൾ, എന്ന ദുഷ്ചിന്ത സിപിഐഎം കയ്യൊഴിയണം. ഈ കെണിയിൽ വീഴാതിരിക്കാനുള്ള ബുദ്ധി കേരളത്തിലെ ന്യൂനപക്ഷ സമൂഹത്തിനുണ്ട്. ഗവണ്മെന്റ് സംവിധാനങ്ങൾ ദുരുപയോഗം ചെയ്ത് അക്രമസാഹചര്യം കുറച്ചുനാൾ തുടർന്നു കൊണ്ടു പോകാമെങ്കിലും, ദീർഘകാലത്തേക്കു ഈ രീതി തീർത്തും പ്രായോഗികമല്ല.

**പി. പരമേശ്വരൻ,** മുതിർന്ന ആർഎസ്എസ് പ്രചാരകൻ,
ഭാരതീയ വിചാരകേന്ദ്രം ഡയറക്ടർ, വിവേകാനന്ദ കേന്ദ്രം പ്രസിഡന്റ്.



### വാടിക്കൽ രാമകൃഷ്ണൻ | കണ്ണൂർ

കൊല്ലപ്പെട്ടത്: 1969 ഏപ്രിൽ 28

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ തലശ്ശേരി ശാഖ മുഖ്യശിക്ഷക്. തയ്യൽതൊഴിലാളി. രാമകൃഷ്ണന്റേയും മറ്റും പ്രവർത്തന ഫലമായി, ദേശീയപ്രസ്ഥാനങ്ങൾക്കു തലശ്ശേരി മേഖലയിൽ വേരോട്ടമുണ്ടാക്കാനായത് സിപിഎമ്മിനെ ചൊടിപ്പിച്ചു. ഒരു രാത്രിയിൽ, തയ്യൽക്കട പൂട്ടി വീട്ടിലേക്കു പോകുമ്പോൾ മാർക്സിസ്റ്റ് അക്രമികൾ പതിയിരുന്നു ആക്രമിച്ചു. മൂർച്ചയേറിയ ആയുധംകൊണ്ട് വെട്ടേറ്റുവീണ അദ്ദേഹം ബലിദാനിയായി.

കേരളത്തിലെ ആദ്യത്തെ രാഷ്ട്രീയ കൊലപാതകമാണ് വാടിക്കൽ രാമകൃഷ്ണന്റേത്. മാർക്സിസ്റ്റുകാരാൽ വധിക്കപ്പെട്ട ദേശീയപ്രസ്ഥാനത്തിന്റെ ആദ്യപ്രവർത്തകൻ.



### പി.എസ്. ശ്രീധരൻ നായർ | കോട്ടയം

കൊല്ലപ്പെട്ടത്:1969 സെപ്റ്റംബർ 7

ഭാരതീയ ജനസംഘത്തിന്റെ കോട്ടയം ജില്ലാ ജോയിന്റ് സെക്രട്ടറി. പൊൻകുന്നം മേഖലയിൽ സിപിഎം നേതൃത്വത്തിലുള്ള അക്രമം പൊട്ടിപ്പുറപ്പെട്ടപ്പോൾ, അതിൽ പരിക്കേറ്റ ഒരു ബാലനെ രക്ഷപ്പെടുത്താൻ ശ്രമിച്ചതിനായിരുന്നു കൊലപാതകം. കുട്ടിയെ ആയുർവേദ ആശുപത്രിയിലേക്കു കൊണ്ടുപോവുകയായിരുന്ന ശ്രീധരൻ നായരെ വിവരമറിഞ്ഞെത്തിയ മാർക്സിസ്റ്റുകൾ തടഞ്ഞുനിർത്തി വെട്ടിക്കൊന്നു.



### വെളിയത്തുനാട് ചന്ദ്രശേഖരൻ | എറണാകുളം

കൊല്ലപ്പെട്ടത്: 1970 ഫെബ്രുവരി 10

പരവൂർ മേഖലയിൽ രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ പ്രമുഖ ശാഖയായിരുന്നു കൈതാരം. സിപിഎം പ്രവർത്തനങ്ങൾ മന്ദീഭവിക്കാൻ ദൈനംദിന ശാഖ കാരണമായതോടെ മുന്നൂറോളം വരുന്ന സിപിഎം ഗുണ്ടകൾ ശാഖ ആക്രമിച്ചു. സംഘത്തിന്റെ ജില്ലാ ശാരീരിക് ശിക്ഷൺപ്രമുഖ് ആയിരുന്ന ചന്ദ്രശേഖരൻ, മാർക്സിസ്റ്റ് ആക്രമണത്തെ ധീരമായി ചെറുത്ത് ബലിദാനിയായി.



വാടിക്കൽ രാമകൃഷ്ണന്റെ ഭാര്യ ലീല. വിവാഹം കഴിഞ്ഞ് ഏതാനും ദിവസങ്ങൾക്കകം ഇവർക്കു ഭർത്താവിനെ നഷ്ടപ്പെട്ടു. 47-വർഷങ്ങൾക്കുമുമ്പ് നടന്ന കമ്മ്യൂണിസ്റ്റ് ആക്രമണത്തിൽ രാമകൃഷ്ണൻ കൊല്ലപ്പെട്ടു.

### വി. രാമകൃഷ്ണൻ | പാലക്കാട്


കൊല്ലപ്പെട്ടത്: 1971 ഫെബ്രുവരി 1

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ പുതുപ്പരിയാരം ശാഖാ സ്വയംസേവകായ രാമകൃഷ്ണൻ, മണ്ഡൽ ശാരീരിക് ശിക്ഷൺ പ്രമുഖ് ആയിരുന്നു. ഊർജ്ജസ്വല വ്യക്തിത്വം. മികച്ചസംഘാടകൻ. ശാഖയിലേക്ക് പോകുമ്പോൾ രാമകൃഷ്ണനെ കമ്മ്യൂണിസ്റ്റുകാർ വഴിയിൽ പതിയിരുന്ന് വെട്ടികൊലപ്പെടുത്തി.

### ഉണ്ണിച്ചോയിക്കുട്ടി | മലപ്പുറം

കൊല്ലപ്പെട്ടത്: 1971 മാർച്ച് 13.

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ മുതിർന്ന പ്രവർത്തകനായിരുന്നു ഉണ്ണിച്ചോയിക്കുട്ടി. മത്സ്യബന്ധനമായിരുന്നു തൊഴിൽ. ഇസ്ലാമിക മതമൗലികവാദികളാൽ കൊലചെയ്യപ്പെട്ടു.



### പി.പി. ഭക്തവൽസലൻ (തൃശൂർ)


ബലിദാനദിനം: 1973 നവംബർ 1

ചാവക്കാട് മുല്ലശ്ശേരി ശാഖയിലെ അംഗം. രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ മണ്ഡൽ കാര്യവാഹ് ആയിരുന്നു. സംഘത്തിന്റെ വളർച്ചയിൽ വിറളി പൂണ്ട മാർക്സിസ്റ്റുകാർ അദ്ദേഹത്തെ കൊലപ്പെടുത്തി. അതിൽ തൃപ്തരാകാതെ ശരീരം സമീപത്തുള്ള കിണറ്റിൽ വലിച്ചെറിയുകയും ചെയ്തു.

### ശങ്കരനാരായണൻ | തൃശ്ശൂർ

കൊല്ലപ്പെട്ടത്: 1974 മാർച്ച് 10

ആർഎസ്എസ് അനുഭാവി. നെല്ലിക്കരയിലുള്ള സഹോദരിയുടെ ഭവനം സന്ദർശിക്കാൻ പോകുമ്പോൾ, മാർക്സിസ്റ്റുകാർ ആക്രമിച്ചു. കത്തികൊണ്ട് കുത്തേറ്റ ശങ്കരനാരായണൻ സ്ഥലത്തുവച്ച്തന്നെ മരിച്ചു.



### എം.ടി. കൃഷ്ണൻ | പാലക്കാട്

കൊല്ലപ്പെട്ടത്: 1974 ഏപ്രിൽ 8.

രാഷ്ട്രീയ സ്വയംസേവക സംഘവുമായി ബന്ധമുണ്ടെന്ന കാരണത്താൽ മാർക്സിസ്റ്റുകാരുടെ നോട്ടപ്പുള്ളിയായിരുന്നു കൃഷ്ണൻ. കൊടുവായൂരിൽ വച്ച്, ചെറുപ്രായത്തിൽ തന്നെ വധിക്കപ്പെടുമ്പോൾ അദ്ദേഹം വിദ്യാർത്ഥിയായിരുന്നു.



### കരിംഗരി ചന്ദ്രൻ | വയനാട്

കൊല്ലപ്പെട്ടത്: 1974 നവംബർ 8

വയനാട് മേഖലയിൽ രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ സജീവ പ്രവർത്തകൻ. ഇസ്ലാമിക മതമൗലികവാദികളാൽ കൊലചെയ്യപ്പെട്ടു.



### സുധീന്ദ്രനാഥ് പൈ | എറണാകുളം

കൊല്ലപ്പെട്ടത്: 1974 ഡിസംബർ 24

രാഷ്ട്രീയ സ്വയംസേവക് സംഘത്തിന്റെ കണ്ണമാലി മണ്ഡൽ സഹകാര്യവാഹ്. രാത്രി എട്ടരയോടെ ശാഖയിൽ പങ്കെടുത്ത് തിരിച്ചുവരുമ്പോൾ മാർക്സിസ്റ്റുകാർ ആക്രമിച്ചു കൊലപ്പെടുത്തി. കൊല്ലപ്പെടുമ്പോൾ സുധീന്ദ്രനാഥ് പൈ പ്രീയൂണിവേഴ്സിറ്റി വിദ്യാർത്ഥിയായിരുന്നു.

### ചക്കൻ | തൃശൂർ

കൊല്ലപ്പെട്ടത്: 1978 ഒക്ടോബർ 25.

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ സജീവ പ്രവർത്തകനായിരുന്നു ചക്കൻ. ദളിത് സമുദായ അംഗമായ അദ്ദേഹം കൂലിപ്പണി ചെയ്താണ് കുടുംബം പോറ്റിയിരുന്നത്. ഇസ്ലാമിക മതമൗലികവാദികളുടെ സഹായത്തോടെ കോൺഗ്രസ് ഗുണ്ടകളാണ് ചക്കനെ കൊലപ്പെടുത്തിയത്. അതും സ്വന്തം മക്കളുടെ മുന്നിൽവച്ച്.

### പന്തയ്ക്കൽ പവിത്രൻ | കണ്ണൂർ

കൊല്ലപ്പെട്ടത്: 1978 ഒക്ടോബർ 29

ബേക്കറി ഉടമയായിരുന്നു പവിത്രൻ. രാവിലെ പാൽവാങ്ങാൻ പോകുമ്പോൾ മാർക്സിസ്റ്റ് കൊലയാളികൾ അദ്ദേഹത്തെ ഓടിച്ചിട്ടു വെട്ടി. രക്ഷപ്പെടാനായി അടുത്തുള്ള വീട്ടിൽ കയറിയെങ്കിലും, അവിടെ നിന്നു പുറത്തേക്കു വലിച്ചിഴച്ച് കൊണ്ടുപോയി വീണ്ടും വെട്ടി. തൽക്ഷണം മരിച്ചു.



### പന്ന്യന്നൂർ രവീന്ദ്രൻ | കണ്ണൂർ


കൊല്ലപ്പെട്ടത്: 1978 നവംബർ 2

ഭാരതീയ മസ്ദൂർ സംഘിന്റെ (ബിഎംഎസ്) സജീവപ്രവർത്തകൻ. മാഹി സ്പിന്നിങ് മിൽ തൊഴിലാളിയായിരുന്നു. ജോലിസ്ഥലത്തു നിന്നു മടങ്ങിവരുമ്പോൾ കൊലചെയ്യപ്പെട്ടു.

### കുഞ്ഞിരാമൻ നായർ | കണ്ണൂർ

കൊല്ലപ്പെട്ടത്: 1979 ജനുവരി 15


രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ ആശയങ്ങളോട് അനുഭാവമുള്ള വ്യക്തിയായിരുന്നു കുഞ്ഞിരാമൻ നായർ. ഒരു അഡ്വക്കേറ്റിന്റെ ക്ലർക്ക്. കോടതിലേക്കുള്ള യാത്രാമധ്യേ, കൂത്തുപറമ്പിലെ കൂനിയിൽ പാലത്തിനു സമീപത്തുവച്ച് ആക്രമിക്കപ്പെട്ടു. മൂന്നു ദിവസത്തിനു ശേഷം ആശുപത്രിയിൽ മരണമടഞ്ഞു.



### കെ. വിജയൻ | കണ്ണൂർ

കൊല്ലപ്പെട്ടത്: 1979 മാർച്ച് 21

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ ഖണ്ഡ് കാര്യവാഹ്. തുന്നൽപ്പണിക്കാരനായ അദ്ദേഹം സഹോദരന്മാരോടൊപ്പം മാർക്കറ്റിൽനിന്നു നൂൽ വാങ്ങാൻ പോകുമ്പോൾ, മാർക്സിസ്റ്റ് അക്രമികൾ ഓടിച്ചിട്ടു വെട്ടിക്കൊലപ്പെടുത്തി.



### പാനുണ്ട ചന്ദ്രൻ | കണ്ണൂർ

കൊല്ലപ്പെട്ടത്: 1978 സെപ്തംബർ 2

മാർക്സിസ്റ്റ് കോട്ടയായിരുന്ന പാനുണ്ടയിൽ ജനിച്ച ചന്ദ്രന്റെ കുടുംബം കടുത്ത മാർക്സിസ്റ്റ് അനുഭാവികളായിരുന്നെങ്കിലും, പഠനകാലത്ത് അദ്ദേഹം അഖില ഭാരതീയ വിദ്യാർത്ഥി പരിഷത്തിലേക്ക് (എബിവിപി) ആകർഷിക്കപ്പെട്ടു. പിന്നീട് രാഷ്ട്രീയ സ്വയംസേവക സംഘത്തിൽ അംഗമായി, മുഖ്യശിക്ഷക് ആയി. ചന്ദ്രന്റെ പ്രവർത്തനം മാർക്സിസ്റ്റ് സംഘടനകളുടെ താളംതെറ്റിച്ചു. ശാഖയിൽ പങ്കെടുത്തുകൊണ്ടിരിക്കുമ്പോൾ മാർക്സിസ്റ്റ് അക്രമികൾ സംഘം ചേർന്നു അദ്ദേഹത്തെ വെട്ടിക്കൊലപ്പെടുത്തി.



### ബാലകൃഷ്ണക്കുറുപ്പ് | കണ്ണൂർ

കൊല്ലപ്പെട്ടത്: 1979 ഏപ്രിൽ 3


ഉറച്ച മാർക്സിസ്റ്റ് അനുഭാവികളുള്ള കുടുംബത്തിൽ നിന്നു ആർഎസ്എസ് ആശയത്തിലേക്കു ആകൃഷ്ടനായ വ്യക്തിയാണ് ബാലകൃഷ്ണക്കുറുപ്പ്. കോട്ടയംപൊയ്യിൽ പോസ്റ്റോഫീസിലെ പോസ്റ്റ്മാസ്റ്റർ. ബാലകൃഷ്ണക്കുറുപ്പിന്റെ നിലപാടുകൾ മാർക്സിസ്റ്റുകാരെ ചൊടിപ്പിച്ചു. ഇത് കൊലയ്ക്കുള്ള പ്രേരണയായി. ജോലി ചെയ്തുകൊണ്ടിരിക്കെ, പോസ്റ്റോഫീസിനുള്ളിൽവച്ച് പട്ടാപ്പകൽ മാർക്സിസ്റ്റ് ഗുണ്ടകൾ വെട്ടിക്കൊന്നു.



### ഹരിദാസൻ | കോഴിക്കോട്

കൊല്ലപ്പെട്ടത്: 1979 ഏപ്രിൽ 6

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ സജീവ പ്രവർത്തകൻ. രാഷ്ട്രീയ വൈരാഗ്യത്താൽ കമ്മ്യൂണിസ്റ്റ് അക്രമികളുടെ കൊലക്കത്തിക്ക് ഇരയായി.



### പി.കെ. രവീന്ദ്രൻ | പത്തനംതിട്ട

കൊല്ലപ്പെട്ടത്: 1979 നവംബർ 14

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ കോഴഞ്ചേരി ചെറുകോൽപ്പുഴ ഖണ്ഡ് കാര്യവാഹ് ആയിരുന്നു പി.കെ. രവീന്ദ്രൻ. മതപരിവർത്തന ഗ്രൂപ്പുകളുടെ വിഹാരകേന്ദ്രങ്ങളിൽ സംഘപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിരുന്ന പ്രമുഖരിൽ ഒരാൾ. സംഘം ശക്തമായതിനെ തുടർന്ന് മതപരിവർത്തന ഗ്രൂപ്പുകൾ കൊല ആസൂത്രണം ചെയ്തു. സഹോദരിയെ കോളേജിൽ നിന്നു കൂട്ടിക്കൊണ്ടുവരാൻ പോയ രവീന്ദ്രനെ അവർ ക്രൂരമായി ആക്രമിച്ച് കൊലപ്പെടുത്തി.



### കെ.പി. നാണുമാസ്റ്റർ | കണ്ണൂർ

കൊല്ലപ്പെട്ടത്: 1980 മെയ് 6

ബിജെപിയുടെ കൂത്തുപറമ്പ് സെക്രട്ടറി. സ്കൂൾ അദ്ധ്യാപകൻ. വീടിനു സമീപമുള്ള ചായക്കടയിൽ ഇരിക്കുമ്പോൾ കമ്മ്യൂണിസ്റ്റ് ഗുണ്ടകൾ പ്രദേശം വളഞ്ഞ്, നാണു മാസ്റ്ററെ തെരഞ്ഞുപിടിച്ച് വെട്ടിക്കൊന്നു.

**സുരേന്ദ്രൻ | കണ്ണൂർ**
കൊല്ലപ്പെട്ടത്: 1980 സെപ്തംബർ 15

ദിവസജോലി ചെയ്ത് കുടുംബം പുലർത്തിയിരുന്ന സുരേന്ദ്രൻ നാട്ടുകാർക്കിടയിൽ ധർമ്മസുരൻ എന്നാണ് സ്നേഹപൂർവം വിളിക്കപ്പെട്ടിരുന്നത്. രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ സജീവപ്രവർത്തകനായിരുന്നു. സെപ്തംബർ പതിമൂന്നിന് രാത്രിയിൽ, എരിഞ്ഞോളിയിൽ വച്ച് മാർക്സിസ്റ്റുകാർ അദ്ദേഹത്തെ ക്രൂരമായി ആക്രമിച്ചു. ഉടൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും, രണ്ടുദിവസത്തിനു ശേഷം മരണത്തിനു കീഴടങ്ങി.



**ഗോപാലകൃഷ്ണൻ | ആലപ്പുഴ**
കൊല്ലപ്പെട്ടത്: 1980 സെപ്തംബർ 18

കുട്ടനാട് നെടുമുടിയിൽ രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ ഖണ്ഡ് കാര്യവാഹ്. ബസിൽ യാത്രചെയ്യുമ്പോൾ, മാർക്സിസ്റ്റ് ഗുണ്ടകൾ ബോംബെറിഞ്ഞ് ഭീതിപരത്തി, ബസിൽ നിന്നു വലിച്ചിറക്കി വെട്ടുകയായിരുന്നു. പകൽവെളിച്ചത്തിൽ നടന്ന കൊലപാതകം അങ്ങേയറ്റം ക്രൂരമായിരുന്നു.



**കരിമ്പിൽ സതീശൻ | കണ്ണൂർ**
കൊല്ലപ്പെട്ടത്: 1980 ഒക്ടോബർ 23

തലശ്ശേരിയിലെ പ്രമുഖ ആർഎസ്എസ് പ്രവർത്തകൻ. മാർക്സിസ്റ്റ് ഗുണ്ടകളാൽ ആക്രമിക്കപ്പെട്ട ഒരു സ്വയംസേവകനെ സന്ദർശിക്കാൻ ആശുപത്രിയിലേക്ക് പോവുകയായിരുന്നു. വിവരം മണത്തറിഞ്ഞ മാർക്സിസ്റ്റുകാർ അദ്ദേഹത്തെ തടഞ്ഞുനിർത്തി വെട്ടിക്കൊലപ്പെടുത്തി.



**പെരിന്തട്ടിൽ ശശി | കണ്ണൂർ**
കൊല്ലപ്പെട്ടത്: 1980 നവംബർ 20

ഓട്ടോറിക്ഷ ഡ്രൈവറായി ജോലിചെയ്തിരുന്ന ശശി, രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ സജീവപ്രവർത്തകൻ ആയിരുന്നു. 1980 നവംബർ 17നു മാർക്സിസ്റ്റുകൾ ആക്രമിച്ചു. ഗുരുതരമായി പരിക്കേറ്റ അദ്ദേഹം നവംബർ 20നു ബലിദാനിയായി. പെരിന്തട്ടിൽ ശശിയുടെ കൊലപാതകത്തോടെ കണ്ണൂരിൽ മാർക്സിസ്റ്റുകാരുടെ നരനായാട്ട് കൂടുതൽ രൂക്ഷമായി. ദേശസ്നേഹികളായ നിരവധി പ്രവർത്തകർ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ മാർക്സിസ്റ്റ് അക്രമികളുടെ കൊലക്കത്തിക്കു ഇരയായി.



**കവിയൂർ ശ്രീധരൻ | കണ്ണൂർ**
കൊല്ലപ്പെട്ടത്: 1980 നവംബർ 24

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ ചൊക്ലി മണ്ഡൽ കാര്യവാഹ്. നവംബർ 17നു പെരിന്തട്ടിൽ ശശിയോടൊപ്പം യാത്ര ചെയ്യുമ്പോൾ മാർക്സിസ്റ്റുകാരാൽ ആക്രമിക്കപ്പെട്ടു. ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും നവംബർ 24നു ബലിദാനിയായി.




**മധുസൂദനൻ | കണ്ണൂർ**
കൊല്ലപ്പെട്ടത്: 1980 നവംബർ 26

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ തലശ്ശേരി ശാഖ മുഖ്യശിക്ഷക് ആയിരുന്നു. മധുസൂദനൻ. കവിയൂർ ശ്രീധരന്റെ മരണാനന്തര ചടങ്ങുകളിൽ പങ്കെടുക്കാൻ പോകുമ്പോൾ മാർക്സിസ്റ്റ് അക്രമികൾ അദ്ദേഹത്തെ വെട്ടിക്കൊന്നു.



**കാര്യാട്ടുപുരം രാജു | കണ്ണൂർ**
കൊല്ലപ്പെട്ടത്: 1980 നവംബർ 26

സിപിഎം അനുഭാവിയായിരുന്ന രാജു ദേശീയ ആശയങ്ങളിൽ ആകൃഷ്ടനായി രാഷ്ട്രീയ സ്വയംസേവക സംഘത്തിൽ അംഗമായി. തുടർന്നു കമ്മ്യൂണിസ്റ്റ് കേന്ദ്രമായിരുന്ന അദ്ദേഹത്തിന്റെ ഗ്രാമം കേന്ദ്രീകരിച്ച്, സംഘപ്രവർത്തനങ്ങളിൽമുഴുകി. ഇത് മാർക്സിസ്റ്റുകാരുടെ ശത്രുതക്കു കാരണമാവുകയും അവർ അദ്ദേഹത്തെ കൊല്ലുകയും ചെയ്തു.



**പാറായി നാണു | കണ്ണൂർ**
കൊല്ലപ്പെട്ടത്: 1980 നവംബർ 26

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ ആശയത്തിൽ ആകൃഷ്ടനായി നാണു സംഘത്തിൽ ചേർന്നു. മാർക്സിസ്റ്റുകാർ ആക്രമിച്ച കാര്യാട്ടുപുരം രാജുവിനെ ജീപ്പിൽ കയറ്റി ആശുപത്രിയിലേക്കു കൊണ്ടുപോകുമ്പോൾ, ജീപ്പ് തടഞ്ഞുനിർത്തി നാണുവിനെയും വെട്ടി. അദ്ദേഹം തൽക്ഷണം കൊല്ലപ്പെട്ടു.



**രാജൻ | തൃശൂർ**
കൊല്ലപ്പെട്ടത്: 1980 നവംബർ 26

രാഷ്ട്രീയ സ്വയംസേവക സംഘം വടക്കാഞ്ചേരി മണ്ഡൽ കാര്യവാഹ് ആയിരുന്ന രാജൻ വീട്ടിലേക്കു വരുന്നവഴി മാർക്സിസ്റ്റ് ഗുണ്ടകളാൽ അതിക്രൂരമായി ആക്രമിക്കപ്പെട്ടു. കൊലപ്പെടുത്തിയതിനു പുറമെ, ആളെ തിരിച്ചറിയാൻ കഴിയാത്ത വിധം, അദ്ദേഹത്തിന്റെ ശരീരഭാഗങ്ങൾ വെട്ടിമാറ്റി. ഇരുകണ്ണുകളും ചൂഴ്ന്നെടുത്ത് മുഖം വികൃതമാക്കി.

**എ.ടി. രാഘവൻ | കണ്ണൂർ**
കൊല്ലപ്പെട്ടത്: 1980 നവംബർ 27

ദീർഘകാലം മാർക്സിസ്റ്റ് അനുഭാവിയായിരുന്ന രാഘവൻ സംഘത്തിന്റെ ആശയങ്ങളിൽ ആകൃഷ്ടനാവുകയും സജീവപ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇത് മാർക്സിസ്റ്റുകളെ വല്ലാതെ ചൊടിപ്പിച്ചു. സംഘടനാ പ്രവർത്തനം കഴിഞ്ഞ് മടങ്ങുകയായിരുന്ന രാഘവനെ ടിസി ജങ്ഷനിൽവച്ച് മാർക്സിസ്റ്റുകാർ വെട്ടിക്കൊന്നു.



**പാനുണ്ട സുരേന്ദ്രൻ | കണ്ണൂർ**
കൊല്ലപ്പെട്ടത്: 1980 ഡിസംബർ 10

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ മണ്ഡൽ ശാരീരിക് ശിക്ഷൺ പ്രമുഖ്. മാർക്സിസ്റ്റ് അക്രമികൾ അദ്ദേഹത്തെ ബോംബെറിഞ്ഞ് കൊലപ്പെടുത്തി.

**ശിവൻ | ആലപ്പുഴ**
കൊല്ലപ്പെട്ടത്: 1981 ഏപ്രിൽ 4

നിർധന ഹരിജൻ കുടുംബത്തിൽ ജനിച്ച ശിവൻ കർഷകനായിരുന്നു. രാഷ്ട്രീയ സ്വയംസേവക സംഘവുമായുള്ള ഇദ്ദേഹത്തിന്റെ ബന്ധം മാർക്സിസ്റ്റുകാരെ അസ്വസ്ഥമാക്കി. അവർ കൊലപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടെ ശിവനുമായി സൗഹൃദത്തിലായി. ഒരുദിവസം പുത്തഞ്ചിറയിലുള്ള പാലത്തിലൂടെ നടന്നുപോവുകയായിരുന്ന ശിവനെ തടഞ്ഞു നിർത്തി കുത്തിക്കൊന്നു.



### വി.എ. ഗംഗാധരൻ | കണ്ണൂർ

കൊല്ലപ്പെട്ടത്: 1981 ഏപ്രിൽ 6

അഖില ഭാരതീയ വിദ്യാർത്ഥി പരിഷത്തിന്റെ (എബിവിപി) താലൂക്ക് സെക്രട്ടറി. 1981ൽ, കല്യാശേരി പഞ്ചായത്ത് ഓഫീസിൽ ഗംഗാധരനു ജോലി ലഭിച്ചു. മുഖ്യമന്ത്രിയായിരുന്ന ഇ.കെ. നായനാരുടെ ജന്മഗ്രാമമായിരുന്നു കല്യാശേരി. ജോലിയിൽ പ്രവേശിച്ചതിന്റെ രണ്ടാം ദിവസം മാർക്സിസ്റ്റ് അക്രമികൾ ഓഫീസിൽ കയറി ഗംഗാധരനെ വെട്ടിക്കൊലപ്പെടുത്തി.



### പന്ന്യന്നൂർ ദിവാകരൻ | കണ്ണൂർ

കൊല്ലപ്പെട്ടത്: 1981 ഏപ്രിൽ 7

ദീർഘകാലം സ്വയംസേവകനായിരുന്ന ദിവാകരൻ തയ്യൽജോലിയാണ് ചെയ്തിരുന്നത്. രാഷ്ട്രീയവിരോധം മൂലം മാർക്സിസ്റ്റുകാർ തയ്യൽകട നശിപ്പിച്ച്, അദ്ദേഹത്തെ ക്രൂരമായി മർദ്ദിച്ചു. പട്ടാപ്പകൽ നടന്ന അക്രമത്തിൽ ദിവാകരൻ സംഭവസ്ഥലത്തുവച്ച് തന്നെ മരിച്ചു.



### എം.കെ ലക്ഷ്മണൻ | കണ്ണൂർ

കൊല്ലപ്പെട്ടത്: 1981 ഏപ്രിൽ 17

ബിജെപി തലശ്ശേരി മണ്ഡലം പ്രസിഡന്റ്. ഏപ്രിൽ 1-ന് ചെറക്കരയിലുള്ള ഭാര്യവീട് സന്ദർശിക്കുമ്പോൾ മാർക്സിസ്റ്റ് ഗുണ്ടകൾ ആക്രമിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചെങ്കിലും ഏപ്രിൽ 17ന് ബലിദാനിയായി.

### പൊക്കൻ | കോഴിക്കോട്

കൊല്ലപ്പെട്ടത്: 1981 സെപ്തംബർ 14

വടകരയിലെ ബിജെപി പ്രവർത്തൻ. നാദാപുരം വളയത്ത് ഒരു കാർഷിക ഫാമിന്റെ ചുമതലക്കാരനായിരുന്നു. ജോലിയിൽ ഏർപ്പെട്ടിരിക്കെ മാർക്സിസ്റ്റ് ഗുണ്ടകളാൽ ആക്രമിക്കപ്പെട്ടു. ശരീരമാകെ വെട്ടി ജീവശവമാക്കിയ ശേഷം മാർക്സിസ്റ്റുകാർ അദ്ദേഹത്തെ വെടിവച്ച് കൊല്ലുകയായിരുന്നു



### രാജഗോപാലൻ | എറണാകുളം

കൊല്ലപ്പെട്ടത്: 1981 ഒക്ടോബർ 1

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ ആലുവ കടുങ്ങല്ലൂർ മണ്ഡൽ ശാരീരിക് പ്രമുഖ്. കടുങ്ങല്ലൂർ ജങ്ഷനിൽ സുഹൃത്തുക്കളുമായി സംസാരിച്ചു നിൽക്കുമ്പോൾ മാർക്സിസ്റ്റ് ഗുണ്ടകൾ രാജഗോപാലിനെ മർദ്ദിച്ച് അവശനാക്കി. സംഭവസ്ഥലത്ത് പോലീസ് ഉണ്ടായിരുന്നെങ്കിലും അവർ കാഴ്ച്ചക്കാരായി നിന്നതേയുള്ളൂ. കത്തികൊണ്ട് കുത്തേറ്റ് രാജഗോപാൽ ബലിദാനിയായി. പോലീസ് അദ്ദേഹത്തെ രക്ഷിക്കാൻ ശ്രമിച്ചതേയില്ല.

### ശിവരാമൻ | തൃശൂർ

കൊല്ലപ്പെട്ടത്: 1982 ജനുവരി 10

ഭാരതീയ മസ്ദൂർ സംഘം പ്രവർത്തൻ. ചുമട്ടുതൊഴിലാളി. മറ്റു പ്രത്യയശാസ്ത്രങ്ങളിൽ വിശ്വസിക്കുന്നവരെ പ്രവർത്തിക്കാൻ അനുവദിക്കാത്ത ഇടതുപക്ഷ പ്രവർത്തകർ ശിവരാമനെ നിരന്തരം ഭീഷണിപ്പെടുത്തിയിരുന്നു. ഒരുദിവസം ട്രക്കിൽ നിന്ന് ചരക്കുകൾ ഇറക്കുമ്പോൾ, തൃക്കൂരിൽ വച്ച്, സിഐടിയുക്കാരായ അക്രമികൾ അദ്ദേഹത്തെ മർദ്ദിച്ച് അവശനാക്കി കുത്തിക്കൊന്നു. ചേതനയറ്റ ശരീരം നടുറോഡിലേക്കു വലിച്ചെറിഞ്ഞു.



### ടി.എൻ ദുർഗാദാസൻ | കൊല്ലം

കൊല്ലപ്പെട്ടത്: 1981 ജൂലൈ 20


മലപ്പുറം ജില്ലയിൽ ജനിച്ച ദുർഗാദാസൻ, രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ കിളിമാനൂർ താലൂക്ക് പ്രചാരകൻ ആയിരുന്നു. നിലമേൽ എൻഎസ്എസ് കോളേജിൽ, ഒരു സ്വയംസേവകന്റെ മകന്റെ പ്രവേശനക്കാര്യം അന്വേഷിച്ച് മടങ്ങി വരികയായിരുന്ന അദ്ദേഹത്തെ എസ്എഫ്ഐക്കാരായ അക്രമികൾ തടഞ്ഞുനിർത്തി ആക്രമിച്ചു. കോളേജ് കാമ്പസിനുള്ളിൽ തന്നെ കുത്തേറ്റു വീണ അദ്ദേഹം അവിടെവച്ചു ബലിദാനിയായി. ദുർഗാദാസിന്റെ അച്ഛൻ ടി.എൻ. ഭരതൻ രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ ആദ്യകാല പ്രചാരകനും ഭാരതീയ ജനസംഘം കേരള ഘടകത്തിന്റെ ആദ്യത്തെ സംസ്ഥാന പ്രസിഡന്റുമായിരുന്നു.



### കെ.പി. ഭാസ്കരൻ | കാസർഗോഡ്

കൊല്ലപ്പെട്ടത്: 1982 ജനുവരി 23


ആദ്യകാലത്ത് പുലർത്തിയ മാർക്സിസ്റ്റ് അനുഭാവം വിട്ട് ബിജെപിയിൽ ചേർന്ന ഭാസ്കരൻ, ഭാരതീയ കർഷകജനതയുടെ കണ്ണൂർജില്ലാ കമ്മിറ്റി അംഗവും ബിജെപി ഹോസ്ദുർഗ് മണ്ഡലം വൈസ് പ്രസിഡന്റും ആയിരുന്നു. ഭാസ്കരന്റെ പ്രവർത്തനം വഴി നിരവധി മാർക്സിസ്റ്റ് അനുഭാവികൾ ബിജെപിയിൽ ചേർന്നത് സിപിഎമ്മിനെ പ്രതിരോധത്തിലാക്കി. ഒരു ദിവസം രാത്രി, കെ.ജി. മാരാർ ഉൾപ്പെടെയുള്ള മുതിർന്ന നേതാക്കൾ സന്നിഹിതരായ പാർട്ടി പരിപാടിയിൽ സംബന്ധിച്ച ശേഷം മടങ്ങി വരുമ്പോൾ, കാഞ്ഞങ്ങാട് നിന്നു 15 കിലോമീറ്റർ അകലെയുള്ള അയ്യൻകാവിൽ വച്ച്, ഭാസ്കരനെ മാർക്സിസ്റ്റ് അക്രമികൾ ആക്രമിച്ചു. തുടർന്ന് അവർ അദ്ദേഹത്തെ കല്ലെറിഞ്ഞ് കൊലപ്പെടുത്തി.



### എൻ. രവി | പത്തനംതിട്ട

കൊല്ലപ്പെട്ടത്: 1982 മാർച്ച് 1

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ അടൂർ ശാഖ ശാരീരിക് പ്രമുഖ്. ജന ജാഗരൺ നിധി സമാഹരണത്തിനിടെ അടൂർ ഏഴംകുളം ക്ഷേത്രത്തിനു സമീപം വച്ച് പ്രാദേശിക ഗുണ്ടകളാൽ ആക്രമിക്കപ്പെട്ടു. മാരകമായി പരിക്കേറ്റ രവി ബലിദാനിയായി.



### കെ.കെ. ഗണേശൻ | തൃശൂർ

കൊല്ലപ്പെട്ടത്: 1982 ഏപ്രിൽ 4

ഭാരതീയ ജനത യുവമോർച്ചയുടെ ഇരിഞ്ഞാലക്കുട മണ്ഡലം പ്രസിഡന്റ്. മാർക്സിസ്റ്റ് അക്രമികളാൽ വധിക്കപ്പെട്ടു.

## വേണു, രാജു | ആലപ്പുഴ


കൊല്ലപ്പെട്ടത്: 1981 ഒക്ടോബര്‍ 14

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ പ്രവര്‍ത്തകരായ സഹോദരന്മാര്‍. കൊല്ലപ്പെടുന്ന കാലത്ത് വേണുവിനു പതിന്നാലും രാജുവിന് പതിനേഴും വയസ്സേ ഉണ്ടായിരുന്നുള്ളൂ. ബാലഗോകുലത്തിലെ സജീവപ്രവര്‍ത്തനം മൂലം മാര്‍ക്സിസ്റ്റുകാര്‍ക്കു ഇവരോടു അടങ്ങാത്ത വിദ്വേഷമുണ്ടായിരുന്നു. പാടത്തു പണിയെടുക്കുമ്പോള്‍ മാര്‍ക്സിസ്റ്റ് അക്രമികള്‍ പ്രദേശം വളഞ്ഞ്, ഇരുവരേയും വെട്ടിക്കൊന്നു.

## വിശ്വംഭരന്‍ | ആലപ്പുഴ

കൊല്ലപ്പെട്ടത്: 1982 ജൂലൈ 18

ഉറച്ച മാര്‍ക്സിസ്റ്റ് അനുഭാവമുള്ള ദളിത് കുടുംബത്തില്‍ ജനിച്ച വിശ്വംഭരന്‍, രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ കുട്ടനാട് താലൂക്ക് കാര്യവാഹ് ആയിരുന്നു. ഒരുദിവസം കിടങ്ങറ ശാഖയില്‍ പങ്കെടുക്കാന്‍ പോകുമ്പോള്‍ മാര്‍ക്സിസ്റ്റുകാരുമായി ഏറ്റുമുട്ടി. രക്ഷപ്പെടാമെന്ന പ്രതീക്ഷയില്‍ അദ്ദേഹം പുഴയിലേക്കു ചാടി നീന്തി. എന്നാല്‍ അക്രമികള്‍ കനത്ത കല്ലേറ് നടത്തി നീന്തല്‍ അസാധ്യമാക്കി. പിന്നീട്, ഒരു വള്ളത്തില്‍ കയറി വിശ്വംഭരനെ വെട്ടിക്കൊല്ലുകയും ചെയ്തു. ആലപ്പുഴ ടൗണില്‍ ഒരു മാസത്തിനുള്ളില്‍ മാര്‍ക്സിസ്റ്റുകാര്‍ കൊലപ്പെടുത്തിയ അഞ്ചാമത്തെ ബിജെപി ആര്‍എസ്എസ് പ്രവര്‍ത്തകനായിരുന്നു വിശ്വംഭരന്‍.



## പ്രദീപ് | കണ്ണൂര്‍


കൊല്ലപ്പെട്ടത്: 1983 ഏപ്രില്‍ 8

സിപിഎം അനുഭാവിയായിരുന്ന പ്രദീപ്, പിന്നീട് ദേശീയതയില്‍ ആകൃഷ്ടനായി രാഷ്ട്രീയ സ്വയംസേവക സംഘത്തില്‍ ചേര്‍ന്നു. തലശ്ശേരി മയിലുള്ള മൊട്ടയില്‍ പ്രദേശത്ത്, ബീഡിക്കമ്പനി തൊഴിലാളിയായ അദ്ദേഹം സ്വന്തം ഗ്രാമത്തില്‍ ഒരു ശാഖ തുടങ്ങി. ഇതില്‍ കുപിതരായ മാര്‍ക്സിസ്റ്റുകാര്‍ ഫാക്ടറി ആക്രമിച്ച്, ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിച്ച് അദ്ദേഹത്തെ കുത്തിക്കൊന്നു.

## സത്യദേവന്‍ | തൃശൂര്‍

കൊല്ലപ്പെട്ടത്: 1983 മെയ് 1

ബിജെപിയുടെ സജീവ പ്രവര്‍ത്തകന്‍. മാര്‍ക്സിസ്റ്റ് പാര്‍ട്ടി പ്രവര്‍ത്തകര്‍ കുത്തിക്കൊലപ്പെടുത്തി.



## അയ്യപ്പന്‍ | എറണാകുളം

കൊല്ലപ്പെട്ടത്: 1983 ആഗസ്റ്റ് 3

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ എറണാകുളം നായത്തോട് ഖണ്ഡ് കാര്യവാഹ്. കര്‍ഷകനും ദളിത് സമുദായാംഗവുമായ അദ്ദേഹം മുന്‍ പ്രചാരകന്‍ ആയിരുന്നു. സംഘപ്രവര്‍ത്തങ്ങളുടെ പേരില്‍ നിരന്തരം വധഭീഷണികള്‍ നേരിട്ടിട്ടുണ്ട്. പോലീസില്‍ പരാതിപ്പെട്ടെങ്കിലും തരിമ്പും പരിഗണന ലഭിച്ചില്ല. സംഭവ ദിവസം രാവിലെ ഡിവൈഎഫ്ഐ അക്രമികള്‍ കവരപ്പറമ്പ് കവലയിലിട്ട് അയ്യപ്പനെ കുത്തിക്കൊല്ലുകയായിരുന്നു.

## വാസവന്‍ | ആലപ്പുഴ

കൊല്ലപ്പെട്ടത്: 1983 ഒക്ടോബര്‍ 22

മുതുകുളത്ത് രാഷ്ട്രീയ സ്വയംസേവകസംഘത്തിന്റെ സജീവ പ്രവര്‍ത്തകന്‍. ശാഖയില്‍ പങ്കെടുത്തു കഴിഞ്ഞ് വരുമ്പോള്‍ കമ്മ്യൂണിസ്റ്റ് ഗുണ്ടകള്‍ തട്ടിക്കൊണ്ടുപോയി. വിജനപ്രദേശത്തുവച്ച് കമ്മ്യൂണിസ്റ്റുകാര്‍ വാസവനെ വധിച്ചതിനെ, പാക്കിസ്ഥാന്‍ ഭീകരര്‍ ഇന്ത്യന്‍ ആര്‍മി ക്യാപ്റ്റന്‍ സൗരഭ്കാലിയയെ കൊലപ്പെടുത്തിയ രീതിയോടു മാത്രമേ തുലനം ചെയ്യാനാകൂ. പിറ്റേ ദിവസം, ചതുപ്പുനിലത്തില്‍ ചവിട്ടിത്താഴ്ത്തിയ നിലയില്‍ വാസവന്റെ മൃതദേഹം കണ്ടെടുത്തു.



## പിണറായി ചന്ദ്രന്‍ | കണ്ണൂര്‍

കൊല്ലപ്പെട്ടത്: 1984 ജനുവരി 4

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ പിണറായി താലൂക്ക് കാര്യവാഹ്. കമ്മ്യൂണിസ്റ്റ് അക്രമികള്‍ ബോംബെറിഞ്ഞു കൊലപ്പെടുത്തി.



## ഉണ്ണിക്കൃഷ്ണന്‍ | എറണാകുളം

കൊല്ലപ്പെട്ടത്: 1984 മാര്‍ച്ച് 20


ഭാരതീയ മസ്ദൂര്‍ സംഘം (ബിഎംഎസ്) പ്രവര്‍ത്തകന്‍. എറണാകുളത്തെ അമ്പലമുകള്‍ കൊച്ചിന്‍ റിഫൈനറിക്കു അടുത്തുവച്ച് കൊലചെയ്യപ്പെട്ടു.



## സതീശന്‍ ടി. | തൃശൂര്‍

കൊല്ലപ്പെട്ടത്: 1984 മെയ് 8

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ കൊടുങ്ങല്ലൂര്‍ താലൂക്ക് കാര്യവാഹ്. ഇന്ത്യന്‍ ബാങ്ക് ഉദ്യോഗസ്ഥന്‍. ഒരുദിവസം വീട്ടിലേക്കു നടന്നുപോകുമ്പോള്‍ എസ്എന്‍ തിയറ്ററിനടുത്ത് വച്ച് മാര്‍ക്സിസ്റ്റ് ഗുണ്ടകള്‍ സതീശനെ ആക്രമിച്ചു വെട്ടിക്കൊന്നു.



## ഗോപാലകൃഷ്ണന്‍ | മലപ്പുറം

കൊല്ലപ്പെട്ടത്: 1984 ഡിസംബര്‍ 18

തിരൂര്‍ ആടവനാട്ട് മണ്ഡല്‍ ശാരീരിക് പ്രമുഖ്. വളാഞ്ചേരിയില്‍ വച്ചുനടന്ന വിശാലഹിന്ദു സമ്മേളനത്തില്‍ പങ്കെടുക്കാന്‍ പോകുമ്പോള്‍ ഇസ്ലാമിക മതമൗലികവാദികളാല്‍ കൊലചെയ്യപ്പെട്ടു.

## കെ. ലോഹിതാക്ഷന്‍ | കണ്ണൂര്‍

കൊല്ലപ്പെട്ടത്: 1984 ഡിസംബര്‍ 16

രാഷ്ട്രീയ സ്വയംസേവക സംഘം, പുതലോട്ട് ശാഖ മുഖ്യശിക്ഷക്. മാര്‍ക്സിസ്റ്റ് ഗുണ്ടകള്‍ അദ്ദേഹത്തെ വീട്ടില്‍ കയറിവെട്ടിക്കൊലപ്പെടുത്തി.

## കെ.പി. സോമന്‍ | ആലപ്പുഴ

കൊല്ലപ്പെട്ടത്: 1984 ജനുവരി 18

ചേര്‍ത്തല മണ്ഡലത്തിലെ ബിജെപി പഞ്ചായത്ത് കമ്മറ്റി ഓഫീസ് ഭാരവാഹി. മാര്‍ക്സിസ്റ്റുകാര്‍ നടത്തിയ ആക്രമണത്തില്‍ കൊല്ലപ്പെട്ടു.



## ധർമ്മജൻ, യശോദ | ആലപ്പുഴ

കൊല്ലപ്പെട്ടത്: 1982 ജൂൺ 13



വിമുക്തഭടനായ ധർമ്മജൻ സിപിഎം അനുഭാവിയായിരുന്നു. പിന്നീട് രാഷ്ട്രീയ സ്വയംസേവക സംഘവുമായി അടുത്തു. ബിജെപിയുടെ മണ്ഡലം കമ്മറ്റി അംഗമായും പ്രവർത്തിച്ചു. ധർമ്മജന്റെ രണ്ട് പുത്രിമാരും രാഷ്ട്രസേവികാസമിതിയിൽ സജീവമായിരുന്നു.

കേരളത്തിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ ഏറ്റവും രക്തരൂഷിതവും ക്രൂരവുമായ ഒന്നായിരുന്നു ധർമ്മജൻ, യശോദ ദമ്പതിയുടെ കൊല. ആലപ്പുഴ ടൗണിന്റെ ഹൃദയഭാഗത്തു രാവിലെ ഒമ്പതുമണിയോടെയാണ് ക്രൂരകൃത്യം അരങ്ങേറിയത്. മാർക്സിസ്റ്റുകാർ ഇരുവരേയും സൈക്കിൾ ചെയിൻ ഉപയോഗിച്ച് ക്രൂരമായി മർദ്ദിച്ചു. മൃതപ്രായരായ ധർമ്മജനേയും യശോദയേയും തുടർന്ന് വെട്ടിക്കൊലപ്പെടുത്തി. മാർക്സിസ്റ്റ് അക്രമികളുടെ പിടിയിൽപെടാതെ ഇവരുടെ മകൾ ഗിരിജ സാഹസികമായി രക്ഷപ്പെട്ടു.


മുൻകൂട്ടി തയ്യാറാക്കിയ തിരക്കഥ പ്രകാരമായിരുന്നു മാർക്സിസ്റ്റുകാർ നടത്തിയ തേർവാഴ്ച. രാഷ്ട്രസേവികാസമിതിയിൽ സജീവമായി പ്രവർത്തിച്ചിരുന്ന ഗിരിജയെ ഇതിനുമുമ്പ് മാർക്സിസ്റ്റുകാർ ആക്രമിച്ചിരുന്നു. ധർമ്മജൻ, യശോദ കുടുംബം ഇതിനെ നിയമപരമായി നേരിട്ടു. കേസ് കോടതിയിൽ വാദം ആരംഭിച്ച് മുന്നേറുകയും ചെയ്തു. കാര്യങ്ങൾ കുഴപ്പത്തിലാവുകയാണെന്നു കണ്ട മാർക്സിസ്റ്റുകാർ ഒത്തുതീർപ്പിന് നിർബന്ധിച്ചെങ്കിലും അത്തരം ശ്രമങ്ങളെല്ലാം ധർമ്മജന്റെ കുടുംബത്തെ ഭീഷണിപ്പെടുത്തുന്നതിലാണ് അവസാനിച്ചത്. പരസ്പരസഹകരണത്തിന്റെ ഭാഷ അറിയാത്ത കമ്മ്യൂണിസ്റ്റുകാരോടു ധർമ്മജൻ തന്റെ നീരസം തുറന്നു പറഞ്ഞു. ഇതോടെ മാർക്സിസ്റ്റുകാർ ഇരുവരേയും കരുണയില്ലാതെ കൊല ചെയ്തു.



### അർജുനൻ പിള്ള | പത്തനംതിട്ട

കൊല്ലപ്പെട്ടത്: 1985 ഒക്ടോബർ 6

സ്വയംസേവകൻ. വെട്ടൂർ കേന്ദ്രമായി ക്ഷേത്രസംരക്ഷണ സമിതിയുടെ മുഴുവൻ സമയ പ്രവർത്തകൻ. സാമൂഹികദ്രോഹികൾ മൂർച്ചയുള്ള ആയുധം ഉപയോഗിച്ചു കൊലപ്പെടുത്തി.



### സി. ഗണേശൻ | പയ്യന്നൂർ

കൊല്ലപ്പെട്ടത്: 1985 ഒക്ടോബർ 28

ബിജെപിയുടെ സജീവ പ്രവർത്തകൻ. കൂലിപ്പണിക്കാരൻ. ഒക്ടോബർ 19ന് അതിരാവിലെ ജോലിക്കു പോകുമ്പോൾ, ഇസ്ലാമിക തീവ്രവാദികൾ ഇരുമ്പുദണ്ഡ് കൊണ്ട് ആക്രമിച്ചു. ഒക്ടോബർ 28നു ബലിദാനിയായി.



### അനിൽ കുമാർ | തിരുവനന്തപുരം


കൊല്ലപ്പെട്ടത്: 1985 ഡിസംബർ 2

നെയ്യാറ്റിൻകര ആലംപൊറ്റ ശാഖയിലെ സ്വയംസേവകൻ. ജോലിസ്ഥലത്തു നിന്നു വരുമ്പോൾ മാർക്സിസ്റ്റ് ഗുണ്ടകൾ ആക്രമിച്ചു കൊലപ്പെടുത്തി.

### സുധാകരൻ | കൊല്ലം

കൊല്ലപ്പെട്ടത്: 1985 ജൂൺ 10


ബിജെപി അംഗം. ചവറയിൽ വച്ച് ഗുണ്ടകൾ മർദ്ദിച്ച് കൊന്നു.



### പി.സി. ശ്രീധരൻ | തൃശൂർ

കൊല്ലപ്പെട്ടത്: 1986 ജൂലൈ 7

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ കൊടകര ശാഖാ മുഖ്യശിക്ഷക്. ദളിത് സമുദായാംഗം. തൊഴിലാളി. ശ്രീധരന്റെ പ്രവർത്തന മികവ് മൂലം, ധാരാളം മാർക്സിസ്റ്റ് അനുഭാവികൾ ആർഎസ്എസിൽ അംഗമായി. ഇത് സിപിഎമ്മിനെ വിറളിപിടിപ്പിക്കുകയും അവർ ആക്രമം അഴിച്ചുവിടുകയും ചെയ്തു. ജൂൺ 27ന് നടന്ന ആക്രമത്തിൽ ശ്രീധരന് ഗുരുതരമായി പരിക്കേറ്റു. ജുലൈ 7ന് ബലിദാനിയായി.



### കെ.ടി. കനകൻ | കണ്ണൂർ

കൊല്ലപ്പെട്ടത്: 1986 ജൂലൈ 22

ബിഎംഎസിന്റെ താലൂക്ക് സെക്രട്ടറി. ഓട്ടോറിക്ഷ ഡ്രൈവർ. തലശ്ശേരി പെരിയങ്ങാടിയിൽ വച്ച് മാർക്സിസ്റ്റ് ഗുണ്ടകൾ വെട്ടി കൊലപ്പെടുത്തി.



### മണികണ്ഠൻ | പാലക്കാട്

കൊല്ലപ്പെട്ടത്: 1987 മെയ് 23


സാമ്പത്തിക പരാധീനതയുള്ള കുടുംബാംഗമായ മണികണ്ഠൻ ചുമട്ടുതൊഴിലാളി ആയിരുന്നു. സംഘപ്രവർത്തനത്തിനും ഇതിനിടയിൽ സമയം കണ്ടെത്തി. ബിഎംഎസിൽ അംഗമായ ശേഷം ജീവന് ഭീഷണിയുണ്ടായിരുന്നു. മെയ് 23-ന് സിഐടിയു അക്രമികൾ അദ്ദേഹത്തെ കുത്തിക്കൊലപ്പെടുത്തി. മലമ്പുഴയിലെ കഞ്ചിക്കോട്ട് വച്ചാണ് സംഭവം.



### പി.കെ. മധുലാൽ | കോട്ടയം


കൊല്ലപ്പെട്ടത്: 1987 ജൂലൈ 20

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ മാടപ്പള്ളി മണ്ഡൽ ബാലാപ്രമുഖ്. ചങ്ങനാശ്ശേരി പായിപ്പാട് സ്വദേശിയാണ്. ശാഖ കഴിഞ്ഞ് വീട്ടിലേക്കു പോകുമ്പോൾ മാർക്സിസ്റ്റ് ഗുണ്ടകൾ ആക്രമിച്ചു കൊലപ്പെടുത്തി.



## മുരളി, കലാധരൻ | ആലപ്പുഴ

കൊല്ലപ്പെട്ടത്: 1982 ജൂൺ 14



രാഷ്ട്രീയ സ്വയംസേവക സംഘം പ്രവർത്തകർ. മുരളി ചെന്നിത്തല മണ്ഡൽ കാര്യവാഹ് ആയിരുന്നു. ധർമ്മജൻ, യശോദ ദമ്പതികളെ മാർക്സിസ്റ്റുകാർ ക്രൂരമായി കൊലപ്പെടുത്തിയതിനെ തുടർന്ന് ആലപ്പുഴയിൽ സംഘർഷം നിലനിൽക്കുന്ന സമയം.

ഒരു സ്വയംസേവകന്റെ വീടു വളഞ്ഞ്, അദ്ദേഹത്തിന്റെ വൃദ്ധരായ മാതാപിതാക്കളെ സിപിഎമ്മുകാർ ഭീഷണിപ്പെടുത്തി. മാതാപിതാക്കളുടെ നിലവിളികേട്ട് മുരളിയും കലാധരനും ഒരുകൂട്ടം പ്രവർത്തകരുമായി വന്ന് കാര്യമന്വേഷിച്ചു. പ്രശ്നങ്ങൾ തൽക്കാലത്തേക്കു പറഞ്ഞുതീർത്ത് ഇരുവരും വീട്ടിലേക്കു തിരിച്ചുപോയി. വഴിമദ്ധ്യേയുള്ള ഒരു അമ്പലത്തിൽ രണ്ടുപേരും ദർശനത്തിനായി കയറി. ഈ വിവരം മണത്തറിഞ്ഞ മാർക്സിസ്റ്റ് ഗുണ്ടകൾ കൂട്ടമായെത്തി അമ്പലത്തിലേക്ക് അതിക്രമിച്ചു കയറി. പൂജാരിയെ കെട്ടിയിട്ട ശേഷം, മുരളിയെ തലങ്ങും വിലങ്ങും വെട്ടി. അദ്ദേഹം തൽക്ഷണം കൊല്ലപ്പെട്ടു. നീചമായ ഈ കൊലപാതകത്തിനു മാർക്സിസ്റ്റുകാർ കൊടുവാളും നീണ്ടകത്തികളും ഉപയോഗിച്ചു. കലാധരൻ രക്ഷപ്പെടാനായി ഓടിയെങ്കിലും, മാർക്സിസ്റ്റുകാർ അദ്ദേഹത്തെ പിന്തുടർന്ന് പിടിച്ച് വെട്ടിക്കൊന്നു. മൃതദേഹം ക്ഷേത്രത്തിനടുത്തു തന്നെ കൊണ്ടുവന്നിട്ടു.

## ഗംഗാധരൻ നായർ | തിരുവനന്തപുരം

കൊല്ലപ്പെട്ടത്: 1987 ആഗസ്റ്റ് 26

ഗംഗാധരൻ നായരുടേയും കുടുംബത്തിന്റേയും പ്രവർത്തനഫലമായി, സിപിഎമ്മിന്റെ ശക്തികേന്ദ്രമായ ഉള്ളൂരിൽ, ബിജെപി വളരെ സജീവമായി. അദ്ദേഹത്തിന്റെ മകൻ സ്വയംസേവകനായിരുന്നു. സംഭവ ദിവസം രാത്രി, എല്ലാ കുടുംബാംഗങ്ങളും ടിവി കണ്ടിരിക്കുമ്പോൾ മാർക്സിസ്റ്റ് അക്രമികൾ അതിക്രമിച്ചു കയറി അക്രമം അഴിച്ചുവിട്ടു. ഗംഗാധരൻ നായരെ വെട്ടിക്കൊലപ്പെടുത്തി. അദ്ദേഹത്തിന്റെ പത്നിക്ക് ഗുരുതരപരിക്കേറ്റു.



## ശിവരാമൻ | തൃശൂർ

കൊല്ലപ്പെട്ടത്: 1987 സെപ്തംബർ 26

എക്സ് സർവീസുകാരനായ ശിവരാമൻ വിശ്വഹിന്ദു പരിഷത്ത് പ്രവർത്തകനായിരുന്നു. പുതുക്കാട്, കൊടകര പഞ്ചായത്തുകളിൽ നിലനിന്നിരുന്ന തൊട്ടുകൂടായ്മക്കെതിരെയുള്ള ശിവരാമന്റെ പ്രവർത്തങ്ങൾ വളരെയധികം ജനശ്രദ്ധ പിടിച്ചുപറ്റി. ശിവരാമന്റെ ജനസമ്മതിയിൽ വിറളിപൂണ്ട മാർക്സിസ്റ്റുകാർ പ്രതികാരമായി അദ്ദേഹത്തെ കുത്തിക്കൊന്നു.

## ഹരിഹര അയ്യർ | തിരുവനന്തപുരം

കൊല്ലപ്പെട്ടത്: 1987 നവംബർ 6

ശ്രീവരാഹത്തെ രാഷ്ട്രീയ സ്വയംസേവക സംഘം പ്രവർത്തകൻ. ടെക്സ്റ്റൈൽ ഷോറൂം ജീവനക്കാരൻ. കഠിനാധ്വാനിയായ ഹരിഹര അയ്യർ, ഷോറൂം ജോലിക്കു പുറമെ ജന്മഭൂമി, മാതൃഭൂമി പത്രങ്ങളുടെ വിതരണക്കാരൻ കൂടിയായിരുന്നു. അദ്ദേഹത്തെ പട്ടാപ്പകൽ ഡിവൈഎഫ്ഐക്കാർ കൊല ചെയ്തു. കുടുംബത്തിലെ വരുമാനമുള്ള ഏക വ്യക്തിയായ ഹരിഹര അയ്യർക്ക് കൊല്ലപ്പെടുമ്പോൾ 18 വയസ്സു മാത്രമേ ഉണ്ടായിരുന്നുള്ളു.



## ടി.പി. ദാമോദരൻ | കണ്ണൂർ

കൊല്ലപ്പെട്ടത്: 1987 നവംബർ 18

ബിജെപിയുടെ പുഞ്ചക്കാട് ബൂത്ത് കമ്മിറ്റി പ്രസിഡന്റ്. സിപിഎമ്മിൽ നിന്നു രാജിവച്ച് ബിജെപിയിൽ ചേർന്ന വ്യക്തി. കൊലയ്ക്കു ഇത് കാരണമായി. ഇരുട്ടിന്റെ മറവിൽ സിപിഎം ഗുണ്ടകൾ നടത്തിയ ആക്രമണത്തിൽ ദാമോദരൻ കൊല്ലപ്പെട്ടു.

## മൂർക്കിന്നക്കര തമ്പി | തൃശൂർ

കൊല്ലപ്പെട്ടത്: 1987 ഡിസംബർ 7

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ ഒല്ലൂർ മേഖലയിലെ പ്രവർത്തകൻ. മാർക്സിസ്റ്റ് ഗുണ്ടകളാൽ കൊല ചെയ്യപ്പെട്ടു.



## എസ്.ഡി. രംഗനാഥൻ | പാലക്കാട്

കൊല്ലപ്പെട്ടത്: 1987 ഡിസംബർ 12

ഭാരതീയ മസ്ദൂർ സംഘത്തിന്റെ കഞ്ചിക്കോട് യൂണിറ്റ് സെക്രട്ടറി. മുൻ സിഐടിയു പ്രവർത്തകൻ. ദേശീയ ആശയങ്ങളിലേക്കു കൂടുമാറിയതിനാൽ സിപിഎമ്മുകാർ അദ്ദേഹത്തെ വധിച്ചു.

## വിജയൻ | കൊല്ലം


കൊല്ലപ്പെട്ടത്: 1988 ജനുവരി 10

ഇരവിപുരത്തെ ഭാരതീയ മസ്ദൂർ സംഘം പ്രവർത്തകൻ. മാർക്സിസ്റ്റ് അക്രമികളാൽ കൊലചെയ്യപ്പെട്ടു.

## കടയ്ക്കൽ ജയൻ | കൊല്ലം

കൊല്ലപ്പെട്ടത്: 1988 ഫെബ്രുവരി 16

മാർക്സിസ്റ്റുകാരുടെ കോട്ടയായ കടയ്ക്കലിൽ, ബിജെപിയുടെ പ്രവർത്തനങ്ങൾക്കു തുടക്കമിട്ടത് ജയൻ എന്നു വിളിക്കപ്പെട്ടിരുന്ന രാമചന്ദ്രൻ പിള്ളയായിരുന്നു. കടയ്ക്കൽ ക്ഷേത്രത്തിൽ ഉത്സവപരിപാടികൾ നടക്കുന്നതിനിടെ അദ്ദേഹത്തെ മാർക്സിസ്റ്റ് ഗുണ്ടകൾ കുത്തിക്കൊന്നു.




## കെ. രാജൻ, എൻ.വി. സുബ്രഹ്മണ്യൻ | തൃശൂർ

കൊല്ലപ്പെട്ടത്: 1982 ജൂലൈ 21

തൃശൂർ, കഴിമ്പ്രം മേഖലയിലെ മൽസ്യബന്ധന തൊഴിലാളികൾ. ഇരുവരുടേയും നിസ്വാർത്ഥ പ്രവർത്തനങ്ങളുടെ ഫലമായി ഈ പ്രദേശത്ത് സംഘം ശക്തമായി.

സംഭവദിവസം രാത്രി, മാർക്സിസ്റ്റ് അക്രമികൾ കൂട്ടമായെത്തി പ്രദേശം വളഞ്ഞു. ആർഎസ്എസ് പ്രവർത്തകരുടെ വീടുകൾ തെരഞ്ഞുപിടിച്ച് പെട്രോൾ ഒഴിച്ച് കത്തിച്ചു. ഓടി രക്ഷപ്പെടാൻ ശ്രമിച്ച രാജന്റേയും സുബ്രഹ്മണ്യന്റേയും കൈകാലുകൾ വെട്ടിനുറുക്കി. രക്തം വാർന്ന്, ചലിക്കാൻ പറ്റാതെ കിടന്ന ഇരുവരേയും മാർക്സിസ്റ്റ് കൊലയാളികൾ പെട്രോൾ ഒഴിച്ച് ജീവനോടെ കത്തിച്ചു.





## കൊയ്യോടൻ വിശ്വനാഥൻ | കണ്ണൂർ

കൊല്ലപ്പെട്ടത്: 1988 മാർച്ച് 3

സജീവ ബിജെപി പ്രവർത്തകൻ. അജ്ഞാതരായ അക്രമികളാൽ വധിക്കപ്പെട്ടു. കൊല്ലപ്പെടുന്നതിന് ഏതാനും ആഴ്ചകൾ മുമ്പ്, കണ്ണൂർ മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പിൽ മൽസരിച്ചിരുന്നു.



## വെൻപാല ശിവരാമൻ നായർ | പത്തനംതിട്ട

കൊല്ലപ്പെട്ടത്: 1988 ഏപ്രിൽ 5

1988 മാർച്ച് 15ന് നടന്ന ഭാരതബന്ദിൽ മാർക്സിസ്റ്റുകാർ തിരുവല്ലയിലെ കദളീമംഗലം ക്ഷേത്രം ആക്രമിച്ചു നാശനഷ്ടങ്ങൾ വരുത്തി. ഇതിന്റെ തുടർച്ചയായി മാർച്ച് 22നും ക്ഷേത്രത്തിനടുത്ത് മാർക്സിസ്റ്റുകാർ സംഘർഷമുണ്ടാക്കി. ബിജെപി അനുഭാവിയായ ശിവരാമൻ നായർക്ക് ക്രൂരമായ മർദ്ദനമേറ്റു. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ഏപ്രിൽ 5ന് ബലിദാനിയായി.



## തിരുമൂലപുരം മോഹനൻ | പത്തനംതിട്ട

കൊല്ലപ്പെട്ടത്: 1988 മെയ് 7


സിപിഎമ്മുകാരനായിരുന്ന മോഹനൻ ദേശീയ ആശയങ്ങളിൽ ആകൃഷ്ടനായി ആർഎസ്എസിൽ അംഗമായി. ശ്രീനാരായണ സേവാസംഘത്തിന്റെ സജീവ പ്രവർത്തകനുമായിരുന്നു. 1988ലെ ഓണക്കാലത്ത്, ശ്രീനാരായണഗുരുദേവന്റെ പ്രതിമ മാർക്സിസ്റ്റുകാർ കേടുവരുത്തി. ഇതിനെതിരെ മോഹനന്റെ നേതൃത്വത്തിൽ ശക്തമായ പ്രതിഷേധ പ്രകടനമുണ്ടായി. പ്രതികാരം ചെയ്യാൻ തീരുമാനിച്ച മാർക്സിസ്റ്റുകാർ, ശാഖയിൽ പങ്കെടുക്കാൻ പോകുമ്പോൾ അദ്ദേഹത്തെ വെട്ടിക്കൊലപ്പെടുത്തി.



## വി. രാധാകൃഷ്ണൻ | പാലക്കാട്

കൊല്ലപ്പെട്ടത്: 1988 ജൂലൈ 11.


കഞ്ചിക്കോട് മേഖലയിലെ സജീവ ബിജെപി പ്രവർത്തകൻ. ബസിൽ യാത്ര ചെയ്യുമ്പോൾ മാർക്സിസ്റ്റുകാർ വലിച്ചിറക്കി വെട്ടിക്കൊന്നു.



## പുഷ്പരാജൻ | പത്തനംതിട്ട

കൊല്ലപ്പെട്ടത്: 1988 സെപ്തംബർ 30.


രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ പന്തളം പടനിലം ഖണ്ഡ് കാര്യവാഹ്. വീട്ടിൽ അതിക്രമിച്ചു കയറി കമ്മ്യൂണിസ്റ്റ് അക്രമികൾ കൊലപ്പെടുത്തി.



## അനിൽകുമാർ | തിരുവനന്തപുരം

കൊല്ലപ്പെട്ടത്: 1988 ഡിസംബർ 2.

നെയ്യാറ്റിൻകര പെരുമ്പഴത്തൂർ ശാഖയിലെ സ്വയംസേവകൻ. കൂലിപ്പണിക്കാരൻ. ജോലി കഴിഞ്ഞ് വീട്ടിലേക്കു വരുമ്പോൾ മാർക്സിസ്റ്റ് ഗുണ്ടകൾ ആക്രമിച്ച് കൊലപ്പെടുത്തി.



## ബാലകൃഷ്ണൻ | ആലപ്പുഴ

കൊല്ലപ്പെട്ടത്: 1989 ഏപ്രിൽ 17

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ കുട്ടനാട് താലൂക്ക്, കണ്ണാടി മണ്ഡൽ ശാരീരിക് പ്രമുഖ്. വിവാഹത്തിന് ഏതാനും ദിവസം മുമ്പ് മാർക്സിസ്റ്റുകാർ കൊല ചെയ്തു.



## ശശീന്ദ്രൻ | ആലപ്പുഴ

കൊല്ലപ്പെട്ടത്: 1989 ജൂലൈ 8

ആലപ്പുഴ വലിയ കലവൂർ ശാഖയിലെ സ്വയംസേവകൻ. നൂറോളം വരുന്ന മാർക്സിസ്റ്റ് ഗുണ്ടകൾ ആർഎസ്എസ് ശാഖ ആക്രമിച്ചപ്പോൾ ശശീന്ദ്രൻ ധീരമായി ചെറുത്തുനിന്ന് ബലിദാനിയായി. പാനുണ്ട ചന്ദ്രന്റെ കൊലപാതകത്തിനു ശേഷം മാർക്സിസ്റ്റുകാർ ശാഖ ആക്രമിച്ച രണ്ടാമത്തെ സംഭവമാണ് വലിയ കലവൂർ ആക്രമണം.




## കെ. രമേശൻ | കോഴിക്കോട്

കൊല്ലപ്പെട്ടത്: 1989 ജൂലൈ 17

ബിജെപിയുടെ സജീവപ്രവർത്തകൻ. ഒരുദിവസം വൈകുന്നേരം, ബേപ്പൂരിലുള്ള കടയിലിരുന്ന് ചായ കുടിക്കുമ്പോൾ ഇസ്ലാമിക തീവ്രവാദികൾ അക്രമം അഴിച്ചുവിട്ടു. രമേശൻ കുത്തേറ്റു മരിച്ചു.

# മുരിക്കുംപുഴ കൂട്ടക്കൊല ഓണക്കാലത്ത് കേരളത്തെ നടുക്കിയ അരുംകൊല



**രാജേഷ്, ലാലിക്കുട്ടൻ, വേണുഗോപാൽ | തിരുവനന്തപുരം**
കൊല്ലപ്പെട്ടത്: 1988 ആഗസ്റ്റ് 17.

**1988–ൽ** നടന്ന മുരിക്കുംപുഴ സംഭവം കേരളത്തെ നടുക്കിയ രക്തരൂഷിത കൂട്ടക്കൊലയാണ്. മലയാളമാസം ചിങ്ങം 1, അത്തം നാളിൽ മാർക്സിസ്റ്റുകാർ മുരിക്കുംപുഴ പ്രദേശത്താകെ അക്രമം അഴി



ച്ചുവിട്ടു. വേണുഗോപാൽ, രാജേഷ്, ലാലിക്കുട്ടൻ എന്നീ മൂന്ന് സ്വയംസേവകരെ അവർ വധിച്ചു. വേണുഗോപാലും ലാലിക്കുട്ടനും പ്ലംബിങ് തൊഴിലാളികളും രാജേഷ് പ്രീഡിഗ്രി വിദ്യാർത്ഥിയുമായിരുന്നു. മുല്ലശ്ശേരി ശാഖയുടെ മുഖ്യശിക്ഷക് ആയിരുന്നു രാജേഷ്.

മുരിക്കുംപുഴ ക്ഷേത്രത്തിനു നേരെ നടന്ന ബോംബേറ് മുതലാണ് പ്രശ്നങ്ങൾ തുടങ്ങിയത്. ബോംബേറിൽ ലാലിക്കുട്ടനു ഗുരുതരപരിക്ക് പറ്റി. ചലിക്കാൻ പറ്റാത്ത നിലയിലായ അദ്ദേഹത്തെ, കാലിൽ കയറുകെട്ടി, ക്ഷേത്രത്തിൽനിന്നു കുറച്ചകലെയുള്ള ചെറുകാട്ടിലേക്കു മാർക്സിസ്റ്റുകാർ വലിച്ചിഴച്ചു കൊണ്ടുപോയി. അവിടെയിട്ടു തലങ്ങും വിലങ്ങും വെട്ടിക്കൊലപ്പെടുത്തി.

രാജേഷിനേയും വേണുഗോപാലിനേയും തട്ടിക്കൊണ്ടു പോയി, വിജനപ്രദേശത്തുവച്ച് കുത്തിക്കൊന്നു. മൂന്നുപേരുടേയും മൃതദേഹം പിറ്റേന്നു മാത്രമേ കണ്ടുകിട്ടിയുള്ളൂ. ലാലിക്കുട്ടന്റെ ശരീരം അംഗഭംഗം വരുത്തിയ നിലയിലായിരുന്നു. വേണുഗോപാലിന്റെ മൃതശരീരം നെൽപാടത്തിലെ ചെളിയിൽ ചവിട്ടിത്താഴ്ത്തിയ നിലയിലും. നീചമായ ഈ കൂട്ടക്കൊലയ്ക്കു രണ്ടുദിവസം മുമ്പ്, പ്രാദേശിക ആർഎസ്എസ് പ്രവർത്തകരെ ഓണം ആഘോഷിക്കാൻ അനുവദിക്കില്ലെന്ന് മാർക്സിസ്റ്റ് നേതാക്കൾ കവലകളിൽപരസ്യമായി പ്രഖ്യാപിച്ചിരുന്നു. അവർ അത് അക്ഷരംപ്രതിനടപ്പിലാക്കി.

കൊല്ലപ്പെട്ട ആത്മാവുകൾക്കുള്ള ആദരാഞ്ജലിയായി, സംസ്ഥാനമൊട്ടാകെ പ്രവർത്തകർ ഓണദിവസം ഉപവാസമനുഷ്ഠിക്കാൻ രാഷ്ട്രീയ സ്വയംസേവക സംഘം ആഹ്വാനം ചെയ്തു.



വേണുഗോപാലിന്റെ മൃതദേഹം

ട്ടിലിട്ടാണ് കൊല ചെയ്തത്. കയറുകൊണ്ട് ബന്ധിച്ച ശേഷമാണ് കൊലപ്പെടുത്തിയതെന്ന് സംശയിക്കുന്നു. മൃതദേഹം കിടന്ന സ്ഥലത്തു പൊട്ടിയ കയറിന്റെ കഷണങ്ങൾ കാണാൻ സാധിച്ചു. ഈ കൊലപാതകത്തിനുശേഷം രണ്ടു ഗ്രൂപ്പുകളായി രണ്ട് വഴിക്ക



രാജേഷിന്റെ മൃതദേഹം

പിരിഞ്ഞ അക്രമി സംഘത്തിന്റെ ലക്ഷ്യം വേണുഗോപാലിനെയും രാജേഷിനെയും വകവരുത്തുകയായിരുന്നു.

പോലീസ് കരുക്കൊരുക്കി

യാതൊരു കാരണവുമില്ലാതെ പോലീസ് 107 വകുപ്പ് പ്രകാരം 32 സ്വയംസേവകരുടെ പേരിൽ കേസ് ചാർജ് ചെയ്തതിനാൽ, പലരും രാത്രി സ്വന്തം വീടുകളിൽ താമസിച്ചിരുന്നില്ല.

മരണപ്പെട്ട വേണുഗോപാൽ, സ്വന്തം വീട്ടിൽനിന്ന് ആഹാരം കഴിച്ചശേഷം അമ്മാവനോടൊപ്പം അമ്മാവന്റെ വീട്ടിലേക്ക് പോയിരുന്ന മൃതദേഹം കിടന്ന സ്ഥലത്തിന്നരികെയും പൊട്ടിയ കയർ കഷണങ്ങളുണ്ടായിരുന്നു. കയറുകൊണ്ട് കെട്ടിയ ശേഷമാണ് രാജേഷിനെയും കൊലപ്പെടുത്തിയതെന്ന് സംശയിക്കുന്നു.

മൂന്നു പേരെയും ഒരേ രീതിയിലാണ് വകവരുത്തിയതെന്ന് വ്യക്തമാകുംവിധമാണ് ശരീരത്തിലെ മുറിവുകൾ. നെഞ്ചിനും കഴുത്ത്, കൈകാലുകൾ എന്നിവിടങ്ങളിലുമാണ് കൂടുതൽ കുത്തും വെട്ടുമേറ്റിട്ടുള്ളത്. കൊലപാതകം നടക്കുന്നതിന് മുമ്പ് അക്രമി സംഘം മുരിക്കുംപുഴ ഹോളി ക്രോസ് ആശുപത്രിക്ക സമീപമുള്ള തമ്പിയുടെ കട തകർക്കുകയും അവിടെനിന്ന് പഴങ്ങളും മറ്റും എടുത്തുകൊണ്ടുപോകുകയും ചെയ്തിട്ടുണ്ട്.

വളരെ പാവപ്പെട്ട, കയർ തൊഴിലാളികുടുംബത്തിൽപ്പെട്ടവരാണ് ഈ ഹതഭാഗ്യർ. രാജേഷിന്റെ അമ്മ അദ്ധ്വാനിച്ചാണ് വീട് പുലർത്തുന്നത്. ലാലിക്കുട്ടന്റെ അച്ഛൻ ഗൾഫിൽ ജോലി തേടി പോയിരിക്കയാണ്. വേണുഗോപാലിന്റെ പിതാവ് ചായക്കടകളിൽ പരിപൂർണ്ണ ഹർത്താലായിരുന്നു.

ആസൂത്രിതം

ഈ മൂന്ന് കൊലപാതകങ്ങളും ആസൂത്രിതമാണെന്ന് സാഹചര്യത്തെളിവുകൾ വ്യക്തമാക്കുന്നു. കൊലപാതകത്തിന് തലേ ദിവസം മാർക്സിസ്റ്റ് പാർട്ടിയുടെ ലോക്കൽകമ്മിറ്റി സമ്മേളനം മുരിക്കുംപുഴയിൽ നടന്നിരുന്നു. അതിന് ശേഷം സ്ഥലത്തെ ചില മാർക്സിസ്റ്റ് പ്രവർത്തകർ, കൊല്ലപ്പെട്ടവരുൾപ്പെടെ ചില സ്വയംസേവകരോട് 'ഇപ്രാവശ്യം നിങ്ങളെക്കൊണ്ട് ഓണം ഉണ്ണിക്കില്ലെന്ന്' പറഞ്ഞതായി അതിനു സാക്ഷിയായ ഒരു ചെറുപ്പക്കാരൻ 'കേസരി' ലേഖകനോട് പറഞ്ഞു. കൊലപാതകത്തിന് ശേഷവും സ്ഥലത്തെ ചില മാർക്സിസ്റ്റുകാർ ഭീഷണി മുഴക്കിയിരുന്നു. 'പത്തു പേരിൽ മൂന്നാളേ പോയിട്ടുള്ളൂ. ബാക്കിയുള്ളവർ രക്ഷപ്പെടില്ല' എന്ന് പ്രധാനപ്പെട്ട ഒരു സി. പി. എം. പ്രവർത്തകൻ ചില സംഘ സ്വയംസേവകരോട് പറഞ്ഞിട്ടുണ്ട്. ഈ കൊലപാതകങ്ങളെല്ലാം നടന്ന

(ശേഷം 15–ാം പേജിൽ)





**ടി.കെ. വിശ്വനാഥൻ | കണ്ണൂർ**

കൊല്ലപ്പെട്ടത്: 1989 ആഗസ്റ്റ് 3


രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ പാപ്പിനിശ്ശേരി മണ്ഡൽ കാര്യവാഹ്. ഉറച്ച മാർക്സിസ്റ്റ് അനുഭാവികളുള്ള കുടുംബമായിരുന്നു വിശ്വനാഥന്റേത്. അദ്ദേഹത്തിന്റെ അച്ഛൻ പാർട്ടിയുടെ പ്രമുഖ നേതാവായിരുന്നെങ്കിലും വിശ്വനാഥൻ കോളേജ് തലം മുതൽ ദേശീയ ആശയങ്ങളിൽ ആകൃഷ്ടനായി സംഘത്തിൽ അംഗമായി ചേർന്നു. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.കെ. നായനാരുടെ സ്വദേശമായ അരോളി കേന്ദ്രമാക്കിയാണ് വിശ്വനാഥൻ പ്രധാനമായും പ്രവർത്തിച്ചിരുന്നത്. അരോളി ഗവണ്മെന്റ് സ്കൂളിൽ എബിവിപി സ്ഥാനാർത്ഥികൾ വിജയിക്കുന്നതിൽ വരെ കാര്യങ്ങളെത്തി. സമീപ സ്കൂളുകളിലും എബിവിപിയുടെ പ്രവർത്തനങ്ങൾ ശക്തമായതോടെ മാർക്സിസ്റ്റുകാർ വിരണ്ടു. അവർ വിശ്വനാഥനെ ക്രൂരമായി കൊലപ്പെടുത്തി.



**ആർ. നകുലൻ | കൊല്ലം**

കൊല്ലപ്പെട്ടത്: 1989 ആഗസ്റ്റ് 9

മുൻകാല മാർക്സിസ്റ്റ് പ്രവർത്തകൻ. ദേശീയ പ്രത്യയശാസ്ത്രത്തിൽ ആകൃഷ്ടനായി സ്വയംസേവകനായി. പള്ളിക്കൽ ശാഖ അംഗം. നകുലന്റെ മികച്ച പ്രവർത്തനത്തിന്റെ ഫലമായി ദളിത് പശ്ചാത്തലമുള്ളവർ ഉൾപ്പെടെ നിരവധിയാളുകൾ മാർക്സിസ്റ്റ് ചേരിയിൽ നിന്നു സംഘപക്ഷത്തേക്കു കൂടുമാറി. പ്രതികാരത്തിനായി മാർക്സിസ്റ്റുകാർ ഗൂഢാലോചന നടത്തി. കൊട്ടാരക്കരയിൽ നകുലൻ നടത്തുന്ന ചായക്കടക്കു മുന്നിൽ വച്ച് അദ്ദേഹത്തെ, ആർഎസ്പി ഗുണ്ടകളുമായി ചേർന്ന്, മാർക്സിസ്റ്റുകാർ വെട്ടിക്കൊന്നു.



**എം.ടി.കെ. കരുണൻ | കണ്ണൂർ**

കൊല്ലപ്പെട്ടത്: 1985 മെയ് 17

ആർഎസ്എസ് മണ്ഡൽ കാര്യവാഹ്. ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്ന അയൽവാസിയെ സന്ദർശിച്ച് തിരിച്ചുവരുന്ന വഴി, പാനൂർ പൂക്കോം കനാൽറോഡിൽ വച്ച് മാർക്സിസ്റ്റ് അക്രമികൾ കരുണനെ തലങ്ങും വിലങ്ങും വെട്ടി കൊലപ്പെടുത്തി.




**സതീശൻ | കൊല്ലം**

കൊല്ലപ്പെട്ടത്: 1990 ഏപ്രിൽ 13

കുണ്ടറ താലൂക്ക് കല്ലയ്ക്കൽ ശാഖയിലെ സജീവ പ്രവർത്തകൻ. ശാഖയിൽ പങ്കെടുത്ത് മടങ്ങിവരുമ്പോൾ മാർക്സിസ്റ്റ് ഗുണ്ടകൾ ആക്രമിച്ചു. സതീശന്റെ ഒപ്പമുണ്ടായിരുന്ന സഹോദരൻ സദാശിവനും അക്രമത്തിൽ ഗുരുതരപരിക്കേറ്റു. അക്രമദിവസം രാത്രിയിൽ സതീശൻ മരണത്തിനു കീഴടങ്ങി. നട്ടെല്ലിനു പരിക്കേറ്റ സദാശിവൻ ദീർഘനാളത്തെ ആശുപത്രിവാസത്തിനു ശേഷം മരണമടഞ്ഞു.

ദളിത് സമുദായാംഗങ്ങളായ സഹോദരന്മാർ മുമ്പ് സിപിഎമ്മിൽ അംഗങ്ങളായിരുന്നു. സംഘപക്ഷത്തേക്കുള്ള ഇവരുടെ കൂടുമാറ്റത്തെ തുടർന്ന് പ്രദേശത്തുള്ള അനേകം പേർ അതേ പാത പിന്തുടർന്നു. സ്വാധീനം അയയുകയാണെന്നു മാർക്സിസ്റ്റുകാർക്കു ബോധ്യമായി. പ്രശ്നപരിഹാരത്തിനു അവർ കണ്ടെത്തിയ പോംവഴി കൊലപാതകമായിരുന്നു.



**ചന്ദ്രശേഖരൻ നായർ | കോട്ടയം**

കൊല്ലപ്പെട്ടത്: 1990 ജൂൺ 15.

ഭാരതീയ മസ്ദൂർ സംഘത്തിന്റെ സജീവ അംഗം. തടിമിൽ തൊഴിലാളി. മുഖം മറച്ചെത്തിയ അക്രമികളാൽ കൊല ചെയ്യപ്പെട്ടു.



**പ്രേംകുമാർ | തിരുവനന്തപുരം**

കൊല്ലപ്പെട്ടത്: 1990 ജൂലൈ 21


രാഷ്ട്രീയ സ്വയംസേവക സംഘം പ്രവർത്തകൻ. സാമൂഹിക വിരുദ്ധർക്കെതിരെ ശക്തമായ പ്രതിഷേധത്തിനു മുന്നിട്ടിറങ്ങി. ജൂലൈ 20നു രാത്രിയിൽ വെട്ടേറ്റു മരിച്ചു.



**സുരേഷ് കുമാർ | തിരുവനന്തപുരം**

കൊല്ലപ്പെട്ടത്: 1990 സെപ്തംബർ 1


തിരുവനന്തപുരത്ത് സംഘത്തിന്റെ സജീവ പ്രവർത്തകൻ. അജ്ഞാതരായ അക്രമികളാൽ കൊല ചെയ്യപ്പെട്ടു.



**സി.പി. വൽസരാജ് | മലപ്പുറം**

കൊല്ലപ്പെട്ടത്: 1990 ഒക്ടോബർ 17

സ്വയംസേവകൻ. വൽസരാജിന്റെ സഹോദരൻ ബിജെപിയുടെ മണ്ഡലം പ്രസിഡന്റായിരുന്നു. കനിപ്പറമ്പ് അങ്ങാടിയിൽ വച്ച് ഇസ്ലാമിക മതമൗലികവാദികൾ വൽസരാജിനെ കൊലപ്പെടുത്തി.



**കണ്ണൻ | തിരുവനന്തപുരം**

കൊല്ലപ്പെട്ടത്: 1990 ഒക്ടോബർ 20


പാങ്ങോട് മേഖലയിലെ സ്വയംസേവകൻ. സംഘത്തിന്റെ പരിപാടിയിൽ സംബന്ധിച്ച ശേഷം, മറ്റു സ്വയംസേവകർക്കൊപ്പം മടങ്ങിവരുമ്പോൾ. മാർക്സിസ്റ്റ് ഗുണ്ടകളുടെ ആക്രമിച്ചു. കണ്ണൻ സംഭവസ്ഥലത്ത് വച്ചുതന്നെ മരിച്ചു. മറ്റുള്ളവർക്കു ഗുരുതരമായി പരിക്കേറ്റു



**രാജേന്ദ്രൻ | കോട്ടയം**

കൊല്ലപ്പെട്ടത്: 1990 ഒക്ടോബർ 21

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ തൊടുപുഴ ഇടവട്ടി മണ്ഡൽ ശാരീരിക് പ്രമുഖ്. അജ്ഞാതരായ അക്രമികളാൽ കൊലചെയ്യപ്പെട്ടു.



**സുനിൽ | കൊല്ലം**


കൊല്ലപ്പെട്ടത്: 1990 ഡിസംബർ 7

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ നീരാവിൽ ശാഖ മുഖ്യശിക്ഷക്. മാർക്സിസ്റ്റ് ഗുണ്ടകളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടു.

**മണികണ്ഠൻ | പാലക്കാട്**

കൊല്ലപ്പെട്ടത്: 1991 മാർച്ച് 4

വള്ളിക്കോടിലെ ഭാരതീയ മസ്ദൂർ സംഘം പ്രവർത്തകൻ. ചുമട്ടുതൊഴിലാളി. മുൻ സിപിഎം അംഗം. ബിഎംഎസിന്റെ പരിപാടിയിൽ പങ്കെടുത്ത് തിരിച്ചുവരുമ്പോൾ മാർക്സിസ്റ്റുകാർ കൊല ചെയ്തു.



**കെ കെ ദിവാകരൻ | തൃശൂർ**
കൊല്ലപ്പെട്ടത്: 1991 മാർച്ച് 4

ബിജെപി നാട്ടിക മണ്ഡലം പ്രസിഡന്റ്. വിമുക്ത ഭടൻ. വലപ്പാട്ട് വച്ച് മാർക്സിസ്റ്റ് അക്രമികൾ തലയ്ക്കടിച്ച് കൊലപ്പെടുത്തി.



**ഭാസ്കരൻ | പാലക്കാട്**
കൊല്ലപ്പെട്ടത്: 1991 മാർച്ച് 12

ആർഎസ്എസ് ശാഖാമുഖ്യശിക്ഷക്. റെയിൽവേ ഉദ്യോഗസ്ഥൻ. ജോലിസ്ഥലത്തു നിന്ന് വീട്ടിലേക്കു വരുമ്പോൾ മാർക്സിസ്റ്റുകാർ ആക്രമിച്ച് കൊന്നു. കൊല്ലപ്പെടുമ്പോൾ അദ്ദേഹത്തിനു 55 വയസ്സായിരുന്നു.

**പ്രദീപ് | ആലപ്പുഴ**
കൊല്ലപ്പെട്ടത്: 1991 ഏപ്രിൽ 19.

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ മണ്ഡൽ ശാരീരിക് പ്രമുഖ്. കുട്ടനാട് കാവാലം മേഖലയിൽ സംഘത്തിന്റെ സ്വാധീനം വ്യാപിക്കാൻ പ്രദീപിന്റെ പ്രവർത്തനങ്ങൾ കാരണമായി. വിശ്വഹിന്ദു പരിഷത്തിന്റെ പരിപാടിയിൽ പങ്കെടുത്ത് മടങ്ങിവരുമ്പോൾ മാർക്സിസ്റ്റ് ഗുണ്ടകൾ മഴുകൊണ്ട് വെട്ടിക്കൊല്ലുകയായിരുന്നു.

**പദ്മനാഭൻ | ആലപ്പുഴ**
കൊല്ലപ്പെട്ടത്: 1991 മെയ് 23

മുൻ മാർക്സിസ്റ്റ്. ബിജെപിയിൽ ചേർന്ന് വാർഡ് പ്രസിഡന്റായി പ്രവർത്തിച്ചു വരികയായിരുന്നു. വയലാറിൽ വച്ച് കൊല്ലപ്പെട്ടു.



**വിജയൻ | തിരുവനന്തപുരം**
കൊല്ലപ്പെട്ടത്: 1992 ജനുവരി 10

വയ്യമൂല സ്വദേശിയായ ബിജെപി പ്രവർത്തകൻ. പൂന്തുറ കലാപത്തിനിടെ പോലീസ് വെടിവയ്പ്പിൽ കൊല്ലപ്പെട്ടു. സ്കൂട്ടറിൽ സഞ്ചരിക്കുമ്പോൾ ഒരു ബുള്ളറ്റ് ലക്ഷ്യം തെറ്റി ശരീരത്തിൽ ഏൽക്കുകയായിരുന്നു.

**സുരേഷ് കുമാർ | തിരുവനന്തപുരം**
കൊല്ലപ്പെട്ടത്: 1992 ജനുവരി 10

ബിജെപിയുടെ സജീവ അംഗം. പൂന്തുറ കലാപത്തിനിടയിൽ മണക്കാടിൽ വച്ച് ഇസ്ലാമിക തീവ്രവാദികൾ കൊലപ്പെടുത്തി.

**കൗസല്യ | കോട്ടയം**
കൊല്ലപ്പെട്ടത്: 1991 മെയ് 22.

മഹിളാ മോർച്ച വൈക്കം മണ്ഡലം പ്രസിഡന്റ്. അരയ സമുദായാംഗം. കമ്യൂണിസ്റ്റ് അക്രമികൾ വീട്ടിലേക്കു അതിക്രമിച്ചു കയറി കൗസല്യയെ കത്തികൊണ്ട് കുത്തുകയായിരുന്നു. രക്തം വാർന്നൊഴുകുന്ന നിലയിൽ അവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും കമ്യൂണിസ്റ്റുകാർ പിന്നാലെയെത്തി കൗസല്യയെ വീണ്ടും തലങ്ങും വിലങ്ങും വെട്ടി. തൽക്ഷണം കൊല്ലപ്പെട്ടു.


**വിജയൻ | എറണാകുളം**
കൊല്ലപ്പെട്ടത്: 1992 ജനുവരി 10

എബിവിപി താലൂക്ക് സെക്രട്ടറി. 1972ൽ കൊച്ചിൻ കോളേജ് വിദ്യാർത്ഥിയായിരുന്നു. പ്രിൻസിപ്പലുമായി ചർച്ച നടത്തിയ ശേഷം പുറത്തുവരുമ്പോൾ എസ്എഫ്ഐ ഗുണ്ടകൾ നട്ടെല്ലിന് കുത്തി പരിക്കേൽപ്പിച്ചു. ചലനശേഷി നഷ്ടപ്പെട്ട വിജയൻ ഇരുപത് വർഷം പൂർണമായും കിടപ്പിലായി. 1992 ജനുവരി 10ന് ദിവംഗതനായി.



**സാജൻ | തിരുവനന്തപുരം**
കൊല്ലപ്പെട്ടത്: 1992 മെയ് 3

ആർഎസ്എസ് ആറ്റിങ്ങൽ/വട്ടപ്പാറ ശാഖാ മുഖ്യ ശിക്ഷക്. ഒരുദിവസം ഉച്ചയ്ക്ക് മാർക്സിസ്റ്റുകാർ ബോംബെറിഞ്ഞ് ഭീതി പരത്തിയ ശേഷം സാജന്റെ വീട് ആക്രമിച്ചു. സാജൻ പുറത്തേക്കു ചാടി ഓടിയെങ്കിലും അക്രമികൾ പിന്തുടർന്നുചെന്ന് കുത്തിക്കൊന്നു.



**അനിൽകുമാർ | എറണാകുളം**
കൊല്ലപ്പെട്ടത്: 1992 ഒക്ടോബർ 7

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ മട്ടാഞ്ചേരി ശാഖ മുഖ്യശിക്ഷക്. 1992കളിൽ ഇസ്ലാമിക തീവ്രവാദികളുടെ വിഹാരഭൂമിയായിരുന്നു മട്ടാഞ്ചേരി. ബിജെപി, ആർഎസ്എസ് പ്രവർത്തകർക്കു നേരെ അക്രമം അഴിച്ചുവിടുന്നത് അവരുടെ പതിവായിരുന്നു. അത്തരമൊരു അക്രമത്തിൽ, ശാഖയിൽ നിന്നു മടങ്ങിവരികയായിരുന്ന, അനിൽ കുമാറിനെ ഇസ്ലാമിക തീവ്രവാദികൾ കൊലപ്പെടുത്തി.



**ബി. ചന്ദ്രു | എറണാകുളം**
കൊല്ലപ്പെട്ടത്: 1992 ഒക്ടോബർ 8

ബിജെപി അനുഭാവി. മട്ടാഞ്ചേരി കലാപത്തിനിടയിൽ ഇസ്ലാമിക തീവ്രവാദികളാൽ വധിക്കപ്പെട്ടു.




**കൃഷ്ണദാസ് | എറണാകുളം**
കൊല്ലപ്പെട്ടത്: 1992 ഒക്ടോബർ 16

ബിജെപി അനുഭാവി. മട്ടാഞ്ചേരിയിൽ ബിസിനസുകാരൻ. ഇസ്ലാമിക തീവ്രവാദികൾ കൊലപ്പെടുത്തി.



**വേണു | മലപ്പുറം**
കൊല്ലപ്പെട്ടത്: 1992 ഡിസംബർ 7

ബിജെപി അനുഭാവി. പൂക്കോട്ടൂരിൽ വച്ച് ഇസ്ലാമിക തീവ്രവാദികൾ കൊല ചെയ്തു.



**മുക്കണ്ണൻ കോരുകുട്ടി | മലപ്പുറം**
കൊല്ലപ്പെട്ടത്: 1992 ഡിസംബർ 8

ബിജെപി അനുഭാവി. ഇസ്ലാമിക തീവ്രവാദികളുടെ ആക്രമണത്തിൽ നിന്നു രക്ഷപ്പെടാൻ ഓടിയ കോരുകുട്ടിയെ അവർ പിന്തുടർന്ന് വെട്ടി. രണ്ടു ദിവസത്തിനു ശേഷം ഡിസംബർ 10ന് മൃതദേഹം കണ്ടെടുത്തു.

# അക്രമത്തിന്റെ കമ്യൂണിസ്റ്റ് പാരമ്പര്യം

**തരുൺ വിജയ്,** മുൻ രാജ്യസഭാ അംഗം, മാദ്ധ്യമപ്രവർത്തകൻ

ക്രൂരതയുടെ കാര്യത്തിൽ ഇടതുപക്ഷ രാഷ്ട്രീയം മൽസരിക്കുന്നത് താലിബാൻ ഭീകരരോടാണ്. രാഷ്ട്രീയ എതിരാളികളെ കൊലപ്പെടുത്തിയ ശേഷം, അവരുടെ കുടുംബാംഗങ്ങളെ നിസാര കാരണത്താലോ, ഇല്ലാക്കഥകൾ മെനഞ്ഞോ നിരന്തരം ഉപദ്രവിക്കുന്നത് കമ്യൂണിസ്റ്റ് രീതിയാണ്.

ധാർമ്മികപക്ഷവും അധാർമ്മിക ശക്തികളും തമ്മിലുള്ള സംഘർഷത്തിലൂടെ ഇന്ത്യ കടന്നുപോകുന്ന കാലമാണിത്. കാശ്മീരിൽനിന്നു തുടങ്ങി ഛത്തീസ്ഗഢ്, നോർത്ത്ഈസ്റ്റ് എന്നിവിടങ്ങളിൽ വരെ നടക്കുന്ന സംഭവങ്ങൾ സൂചിപ്പിക്കുന്നത് അതാണ്. 'ദൈവത്തിന്റെ സ്വന്തം നാട്' എന്നു ഒരുകാലത്ത് അറിയപ്പെട്ടിരുന്ന കേരളത്തിലാകട്ടെ' സംഘർഷം വളരെ പതിവാണ്.

ഭാരതത്തിന്റെ സവിശേഷമായ സാംസ്കാരിക മൂല്യങ്ങൾക്കു വിലകൽപ്പിക്കുന്നവരും, അതിനു എതിര് നിൽക്കുന്ന വൈദേശിക, അധിനിവേശ പ്രത്യയശാസ്ത്രങ്ങളും തമ്മിലുള്ള സംഘർഷം കുറേ നൂറ്റാണ്ടുകളായി ഇന്ത്യയിൽ നിലവിലുണ്ട്. വിവിധ പൊയ്മുഖങ്ങൾ അണിഞ്ഞ് പ്രത്യക്ഷപ്പെടുമെങ്കിലും ഹിന്ദുധർമ്മ സമൂഹത്തേയും പാരമ്പര്യത്തേയും എതിർക്കുന്നവരുടെ ഉദ്ദേശശുദ്ധി സംശയലേശമന്യെ വ്യക്തമാണ് തദ്ദേശീയമായി ഉൽഭവിച്ച് വികസിച്ചുവന്ന എല്ലാ മൂല്യങ്ങളേയും ജ്ഞാനത്തേയും തുടച്ചുനീക്കി, ഭാരതീയത തരിമ്പും ഇല്ലാത്ത വൈദേശിക പ്രത്യയശാസ്ത്രങ്ങൾ സ്വീകരിക്കാൻ തക്കവിധം ജനങ്ങളുടെ മാനസികനില ഒരുക്കുക. ഭരണകൂടഭീകരത വഴി, പരസ്പരം രക്തബന്ധമുള്ള വിവിധ ജനവിഭാഗങ്ങളെ തമ്മിൽ തല്ലിക്കുകയെന്ന കൊളോണിയൽ കുടിലതന്ത്രം തന്നെയാണ് ഇവിടെ ദൃശ്യമാകുന്നത്. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന പൗരസ്വാതന്ത്ര്യത്തിന്റെ നഗ്നമായ ലംഘനവും, ജനാധിപത്യബഹുസ്വര ആശയങ്ങൾക്കു വിരുദ്ധവുമാണിത്.

ശത്രുതാപരമായ ഐഡിയോളജിയും മനോഭാവവും മാത്രമല്ല ഇന്ത്യയ്ക്കെതിരെ അണിനിരക്കുന്നത്; സാമ്പത്തിക തിരിമറിയും അതുപയോഗിച്ചുള്ള ഭീകരപരിശീലനവും രാജ്യത്തിനെതിരെ പ്രവർത്തിക്കുന്നുണ്ട്. ഹിന്ദുവിന്റെ സാംസ്കാരിക ധാരയും ജീവിതവും എന്നും സമാധാനപരവും പുരോഗമന സ്വഭാവമുള്ളതുമാണ്. എന്നാൽ ഇക്കാലത്തു, നാസികൾക്കു സമാനമായവരിൽ നിന്നും സ്റ്റാലിനിസ്റ്റ്പോൾപോ' കാലഘട്ടത്തിലെ അതിക്രൂരരായ ഗറില്ലകളെ പോലുള്ളവരിൽ നിന്നും, ഹൈന്ദവർ പ്രകോപനമില്ലാതെ അക്രമങ്ങൾ നേരിടുകയാണ്.

ഐസിസിനോടു മൽസരിച്ചുകൊണ്ട്, ഇടതുപക്ഷ ഭീകരത ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയ്ക്കും മനുഷ്യാവകാശങ്ങൾക്കും വലിയ ഭീഷണിയായിരിക്കുന്നു. വിരോധാഭാസമെന്നു പറയട്ടെ, പാർലമെന്റിനുള്ളിലോ പുറത്തോ കമ്യൂണിസ്റ്റ് ഭീകരത ചർച്ചചെയ്യണമെന്ന ആവശ്യം പോലും ഉയരാറില്ല. ഈ വിഷയം ചർച്ച ചെയ്യപ്പെട്ടാൽ, കമ്യൂണിസ്റ്റ് ഭീകരതയെ ഉന്മൂലനം ചെയ്യാനുള്ള നടപടികളിന്മേൽ ഒരു സമവായം സാധ്യമാകും.

കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്ര ഭീകരതക്കു ഇരയായ ഒരു സംസ്ഥാനമാണ് കേരളം. ഭാരതീയതക്കു വിരുദ്ധമായ ശക്തികൾ കേരളത്തെ രക്തപങ്കിലമായ ഒരു പൊളിറ്റിക്കൽ യുദ്ധഭൂമി ആക്കിയിട്ടുണ്ട്. മാർക്സിസ്റ്റ് ഫണ്ടമെന്റലിസ്റ്റുകളും, ഇസ്ലാമിക ജിഹാദികളും, അസഹിഷ്ണുക്കളായ ഇവാഞ്ചലിക്കൽ മതമൗലികവാദികളും ചേർന്ന അവിശുദ്ധ കൂട്ടുകെട്ടിന്റെ പ്രത്യക്ഷ തെളിവുകളാണ് ദേശസ്നേഹികളായ യുവാക്കളെ തിരഞ്ഞുപിടിച്ച് നടത്തുന്ന കൊലപാതകങ്ങൾ. ഇടതു ഭീകരതയെ, സത്യത്തിൽ, താലിബാൻ മതഭീകരതയോടു മാത്രമേ ഇന്നു താരതമ്യം ചെയ്യാനാകൂ.

1957–ൽ ഇഎംഎസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള കമ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽ എത്തിയതോടെയാണ്, കേരളത്തിൽ കമ്യൂണിസ്റ്റ് അക്രമപരമ്പര ആരംഭിക്കുന്നത്. അതിനുശേഷം ആർ.എസ്എസ്, എബിവിപി, വിഎച്ച്പി, ജനസംഘം ബിജെപി പ്രവർത്തകർക്കെതിരെയുള്ള ആക്രമണങ്ങൾ പതിവായി മാറി. കേരളത്തെ രാഷ്ട്രീയ കൊലപാതകങ്ങളുടെ വിളനിലമാക്കാൻ ലഭിച്ച ഒരു അവസരവും സിപിഐ സിപിഐഎം കൂട്ടുകെട്ട് നഷ്ടപ്പെടുത്തിയില്ല. രാഷ്ട്രീയക്കൊലകൾ നടക്കുന്ന സംസ്ഥാനങ്ങളിൽ കേരളം അങ്ങിനെ മുൻപന്തിയിലായി. കമ്യൂണിസ്റ്റ് അധാർമ്മിക പ്രവൃത്തികളുടെ സഹജസ്വഭാവം അപരിഷ്കൃതത്വവും സംസ്കാരമില്ലായ്മയും ആണ്. ക്ലാസ്മുറിയിൽ കയറി വിദ്യാർത്ഥികളുടെ മുന്നിൽവച്ച് കെ.ടി ജയകൃഷ്ണൻ മാസ്റ്ററെ വെട്ടിക്കൊലപ്പെടുത്തിയതിൽ നിന്നു ഇക്കാര്യം വ്യക്തമാണ്. ഭാരത ദേശീയതയോടു പുലർത്തിയ കൂറായിരുന്നു ജയകൃഷ്ണൻ മാസ്റ്റർ ചെയ്ത കുറ്റം.

കേരളത്തിൽ ഇടതുപക്ഷം കളിക്കുന്ന രാഷ്ട്രീയ കളികൾ വിചിത്രയും വികൃതവുമാണ്. കേരളത്തിന്റെ ആത്മാവിനെ തന്നെ ഇവ വികലമാക്കിയിരിക്കുന്നു. സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും സർവ്വകലാശാലകളിലേക്കും ഈ രാഷ്ട്രീയവൈകൃതം പടർന്നു കയറിയിട്ടുണ്ട്. അവിടെ 'അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ' മറവിൽ, അസഹിഷ്ണുതയുടെ ഏജന്റുമാർ അക്രമത്തിനും കൂട്ടക്കൊലയ്ക്കും ആധാരമായ അവരുടെ പ്രത്യയശാസ്ത്രം പ്രചരിപ്പിക്കുന്നു എന്നത് ഇന്നൊരു രഹസ്യമേ അല്ല!

'ആഹുതി' പുറത്തിറക്കാൻ അശ്രാന്തം പരിശ്രമിച്ച എല്ലാവരേയും ഞാൻ അനുമോദിക്കുന്നു. രാഷ്ട്രസേവനത്തിനിടെ ബലിദാനിയായവരുടെ വീരസ്മരണകൾ, അക്രമത്തിനും ഭീകരതയ്ക്കും എതിരെ സന്ധിയില്ലാതെ പോരാടാൻ രാജ്യത്തിനു പ്രചോദനമാകുമെന്നു ഞാൻ പ്രത്യാശിക്കുന്നു. 'ദൈവത്തിന്റെ സ്വന്തം നാട്' എറിയപ്പെടുന്ന കേരളത്തിൽ, ശാന്തിയും സമാധാനവും പുലരാൻ അതുവഴിയേ സാധിക്കൂ.

ഭാരതമാതാവിനുവേണ്ടി സ്വജീവൻ സമർപ്പിച്ച എല്ലാ ബലിദാനികൾക്കും എന്റെ സാദര പ്രണാമം.

# അരിവാളുകൾ കൂട്ടിമുട്ടിയപ്പോൾ...

കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിൽ അന്തർലീനമായിരിക്കുന്ന അസഹിഷ്ണുത മനോഭാവം, ഇതര പ്രത്യയശാസ്ത്രങ്ങളോടു ഏറ്റുമുട്ടുന്നതിൽ മാത്രം ഒതുങ്ങാതെ, കമ്യൂണിസ്റ്റ് ചേരിയിലുള്ള വിവിധ പാർട്ടികൾക്കിടയിലും സംഘർഷങ്ങൾക്കു കാരണമാകാറുണ്ട്. കേരളത്തിൽ സിപിഐയും സിപിഎമ്മും തമ്മിൽ നടന്ന സംഘട്ടനങ്ങളിൽ കൊല്ലപ്പെട്ടത് 23 പേരാണ്. അരിവാളും ചുറ്റികയും ഏറ്റുമുട്ടിയപ്പോൾ കൂടുതൽ നഷ്ടം, 16 പ്രവർത്തകരെ നഷ്ടമായ സിപിഐക്കാണ്. സിപിഎമ്മിന്റെ ഏഴ് പ്രവർത്തകർ കൊല്ലപ്പെട്ടു. പാർട്ടി നേതാക്കൾ ഏർപ്പാടാക്കിയ ക്വട്ടേഷൻ ഗുണ്ടാസംഘങ്ങളാണ് ഇത്തരം കൊലപാതകങ്ങളിൽ ചിലത് നിർവഹിച്ചത്. കൊയിലാണ്ടിയിലെ സിപിഐ നേതാവായ ചാത്തോത്ത് ശ്രീധരൻനായരാണ് ക്വട്ടേഷൻ കൊലപാതക പരമ്പരയിലെ ആദ്യത്തെയാൾ. തൃപ്പൂണിത്തുറക്കു അടുത്തുള്ള പേട്ടയിൽവച്ച്, 1989-ൽ കൊലചെയ്യപ്പെട്ട സുഭാഷാണ് രണ്ടാമത്തെ വ്യക്തി. അദ്ദേഹം എഐടിയുസി അംഗമായിരുന്നു. കുപ്രസിദ്ധ ക്വട്ടേഷൻ സംഘമായ 'പതിനെട്ടര കമ്പനി'യാണ് സുഭാഷിനെ കൊലപ്പെടുത്തിയത്.

1992-ൽ എറണാകുളം ജില്ലയിലെ മൂവാറ്റുപുഴയിൽ സിപിഐക്കാർ സിപിഎം പ്രവർത്തകർക്കെതിരെ ആക്രമം അഴിച്ചുവിട്ടതായി ആരോപണമുണ്ട്. ഇതിൽ സിപിഎമ്മിന്റെ പായിപ്ര ബ്രാഞ്ച് സെക്രട്ടറിയായ കെ.എം കുഞ്ഞുബാവ കുത്തേറ്റു മരിച്ചു. ഈ സംഭവത്തിൽ ആരും ശിക്ഷിക്കപ്പെട്ടില്ല.

കോട്ടയം ജില്ലയിൽ മൂന്നു സിപിഐ പ്രവർത്തകരെ സിപിഎം വകവരുത്തിയിട്ടുണ്ട്. സംക്രാന്തി സ്വദേശി രഘു, നാട്ടകം സ്വദേശി ടി.കെ തങ്കപ്പൻ, കൂരാലി ശ്രീധരൻപിള്ള എന്നിവരാണ് കൊല്ലപ്പെട്ടത്. ടി.കെ തങ്കപ്പൻ സിപിഐ സംസ്ഥാന കമ്മിറ്റി അംഗമായിരുന്നു. 1972-ൽ വൈക്കത്ത് ഇരുപാർട്ടികളും തമ്മിലുണ്ടായ സംഘട്ടനത്തിൽ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. ഗോപിനാഥിനു ഗുരുതരമായി പരുക്കേറ്റിരുന്നു.

കമ്യൂണിസ്റ്റ് പാർട്ടിയിലെ പിളർപ്പിനുശേഷം പാലക്കാട് ജില്ലയിൽ ഉണ്ടായ സംഘർഷങ്ങളിൽ സിപിഐയിലും സിപിഎമ്മിലുമായി നിരവധി പേർ കൊല്ലപ്പെട്ടു. കിഴക്കഞ്ചേരിയിലെ വേലപ്പൻ, ബാലൻ, മംഗലംഡാം ജോസ് എന്നീ പ്രവർത്തകർ കൊല്ലപ്പെട്ടെന്ന് സിപിഐ പറയുമ്പോൾ, കുട്ടൻ, വേലായുധൻ, കുഞ്ഞാലി തുടങ്ങിയ പ്രവർത്തകർ രക്തസാക്ഷികളായെന്നു സിപിഎം പറയുന്നു. എല്ലാ കൊലപാതകങ്ങളും നടന്നത് 1964-1973 കാലയളവിലാണ്. ഇതിനുശേഷം നടന്ന, സിപിഐ നേതാവ് കൊട്ടേക്കാട് മുക്രംകാട് ഭവദാസിന്റെ കൊലപാതകം ഇരുപാർട്ടികളെയും പരസ്യമായ വാക്പോരിൽ എത്തിച്ചു. കിസാൻസംഘ് ജില്ലാ പ്രസിഡന്റും, മരുതറോഡ് പഞ്ചായത്ത് വൈസ് പ്രസിഡന്റുമായിരുന്ന ഭവദാസിന്റെ കൊലപാതകത്തിലെ ഏകസാക്ഷിയും പിന്നീട് കൊല ചെയ്യപ്പെട്ടു.

സിപിഎമ്മിൽ നിന്നു രാജിവച്ച് സിപിഐയിൽ ചേർന്നതിന്റെ പകയായിരുന്നു കൊയിലാണ്ടിയിലെ ചാത്തോത്ത് ശ്രീധരൻനായരെ (47) കോഴിക്കോട് ചെറൂട്ടി റോഡിലുള്ള ഭാര്യവീട്ടിൽവച്ച് കൊലപ്പെടുത്താനുള്ള കാരണം. ശ്രീധരൻനായർക്കു ഒപ്പം അറുപതോളം സിപിഎമ്മുകാരും സിപിഐയിൽ ചേർന്നിരുന്നു. ഇതോടെ കൊയിലാണ്ടിയിൽ സിപിഐ ശക്തിപ്രാപിച്ചു. സിപിഎമ്മുകാർ ക്വട്ടേഷൻ ഗുണ്ടകളെ ഉപയോഗിച്ചാണ് ശ്രീധരൻനായരെ വധിച്ചതെന്നു സി.പിഐ ആരോപിക്കുന്നു.

സിപിഎം സിപിഐ സംഘടനങ്ങളുടെ മുറിവുകൾ ഉണങ്ങാത്ത മണ്ണാണ് ആലപ്പുഴയുടേത്. വിവിധ അക്രമസംഭവങ്ങളിലായി ആറു പേർ ഇവിടെ കൊല്ലപ്പെട്ടു. 1986 ജൂൺ 26-നു സിപിഐ പ്രവർത്തകനായ എ.പി മോഹനനെ, അമ്മ കുഞ്ഞിപ്പെണ്ണിന്റെ മുന്നിലിട്ട്, സിപിഎമ്മുകാർ വെട്ടിക്കൊന്നു. സിഐടിയു-എഐടിയുസി പ്രവർത്തകർ തമ്മിലുണ്ടായ സംഘർഷത്തിൽ മദ്ധ്യസ്ഥത്തിനു ശ്രമിച്ചതായിരുന്നു കൊലപാതകത്തിനു കാരണം. അമ്മ വിളമ്പിയ ഉച്ചഭക്ഷണം കഴിയ്ക്കാനിരുന്ന മോഹനനെ വീടുവളഞ്ഞു ആക്രമിക്കുകയായിരുനു. പ്രാണരക്ഷാർത്ഥം ഓടിയെങ്കിലും, സിപിഎമ്മുകാർ അദ്ദേഹം പിന്തുടർന്നു വെട്ടിക്കൊന്നു. ഈ കേസിൽ ഉൾപ്പെട്ടെ 19 പ്രവർത്തകരെ സിപിഎം പിന്നീട് കോടതിയിൽ ഹാജരാക്കി. ഇവർക്കു ജീവപര്യന്തം ശിക്ഷയും ലഭിച്ചു. എന്നാൽ നായനാർ സർക്കാറിന്റെ അവിഹിത ഇടപെടൽ മൂലം, ശിക്ഷാകാലാവധി പൂർത്തിയാകുന്നതിനു മുമ്പ് തന്നെ പ്രതികൾ മോചനം നേടി. കൊലക്കേസിലെ യഥാർത്ഥ പ്രതികളെയല്ല പിടികൂടിയതെന്നും, അവർ നിയമത്തിന്റെ മുന്നിൽ വന്നിട്ടില്ലെന്നുമാണ് സിപിഐ നിലപാട്.

ആലപ്പുഴ നഗരത്തിലെ പാലസ് ബ്രിഡ്ജിനു സമീപത്തുവച്ചാണ് സിപിഐ പ്രവർത്തകനായ വിജയനെ മാർക്സിസ്റ്റുകാർ ആക്രമിച്ചത്. രക്ഷയ്ക്കായി ഒരു പോലീസുകാരന്റെ പിന്നിൽ ഒളിച്ചെങ്കിലും, പോലീസുകാരനെ അടിച്ചു നിലത്തിട്ടു അക്രമികൾ വിജയനെ കൊലപ്പെടുത്തി. മാന്നാർ പാവുകര ഉണ്ണികൃഷ്ണൻ, മണ്ണഞ്ചേരിയിലെ പി.കെ വിശ്വനാഥൻ, കൈനകരി രഘുവപ്പൻ തുടങ്ങിയ സിപിഐ പ്രവർത്തകരെ വകവരുത്തിയതും സിപിഎം ആണെന്നു സിപിഐ ആരോപിക്കുന്നു.

ആലപ്പുഴ മുഹമ്മദൻസ് ഹൈസ്കൂളിൽ അധ്യാപകനായിരുന്ന സിപിഎം നേതാവ് സി.ജി സുധീന്ദ്രൻ കൊലചെയ്യപ്പെട്ടത് 1978 ജൂൺ 20നാണ്. മകൾ രേണുവിനു എസ്ബിടിയിൽ ജോലി ലഭിച്ചെന്ന വാർത്ത, കളർകോട് കൈതമുക്കിലുള്ള തറവാട് വീട്ടിലെത്തി അമ്മയോടു പറയുകയായിരുന്നു സുധീന്ദ്രൻ. വീടിനുള്ളിൽ ഒളിച്ചിരുന്ന അക്രമികൾ അദ്ദേഹത്തെ വെട്ടിക്കൊന്നു. സി.പി.ഐക്കാരായ എട്ടു പ്രതികൾ ശിക്ഷിക്കപ്പെട്ടു. ഒരാൾക്കു ജീവപര്യന്തം ശിക്ഷ ലഭിച്ചു.

സുധീന്ദ്രൻ കൊലചെയ്യപ്പെട്ട അതേരീതിയിലാണ്, മൂന്ന് പതിറ്റാണ്ടു മുമ്പ്, സി.പി.എമ്മിലെ ബാലകൃഷ്ണനനും വധിക്കപ്പെട്ടത്. അറവുകോട് ക്ഷേത്രോത്സവ സമയത്തായിരുന്നു സംഭവം. കെ.എസ്.വൈ.എഫ് നേതാവായിരുന്ന ബാലകൃഷ്ണൻ ടേപ്പ് റിക്കാർഡർ നന്നാക്കാൻ കൊടുക്കാൻ പോകുമ്പോൾ സിപിഐ പ്രവർത്തകർ തടഞ്ഞുനിർത്തി ആക്രമിക്കുകയായിരുന്നു. ബാലകൃഷ്ണന്റെ ശരീരത്തിൽ 46 വെട്ടുകൾ ഏറ്റു.

1972-ൽ സിപിഐയുടെ തിരുവല്ല താലൂക്ക് കമ്മിറ്റി സെക്രട്ടറിയായിരുന്ന പുല്ലാട്ട് എൻ.ടി തോമസിനെ സിപിഎം പ്രവർത്തകർ എന്നു ആരോപിക്കപ്പെടുന്നവർ ആഞ്ഞിലിത്താനത്ത്വച്ച് ആക്രമിച്ചു കൊലപ്പെടുത്തി. കർഷകത്തൊഴിലാളി സമരം ഒത്തുതീർക്കാനുള്ള സന്ധിസംഭാഷണം പരാജയപ്പെട്ടതിനെ തുടർന്നുണ്ടായ സംഘർഷത്തിലായിരുന്നു തോമസ് വധിക്കപ്പെട്ടത്.

കൊല്ലം ജില്ലയും നിരവധി സിപിഎം-സിപിഐ സംഘട്ടനങ്ങൾക്കു സാക്ഷ്യം വഹിച്ചിട്ടുണ്ട്. എഐവൈഎഫ് പ്രവർത്തകനായ സൈജുവിന്റെ കൊലപാതകം സിപിഐക്കാരുടെ മനസ്സിൽ ഇന്നും അണയാതെ നിൽക്കുന്ന സംഭവമാണ്. ജില്ലയിലെ സിപിഎം-സിപിഐ ബന്ധത്തിൽ ഈ കൊലപാതകം ഇന്നും വിള്ളലുണ്ടാക്കുന്നുണ്ട്.

*(2012-ൽ മംഗളം ദിനപത്രത്തിൽവന്ന വാർത്തയെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.)*



**പി.കെ. ബാലൻ | മലപ്പുറം**

കൊല്ലപ്പെട്ടത്: 1992 ഡിസംബർ 8

ബിജെപിയുടെ സജീവ പ്രവർത്തകൻ. മാർക്സിസ്റ്റുകളും ഇസ്ലാമിക തീവ്രവാദികളും ഒരുമിച്ച് ഗൂഢാലോചന നടത്തി കൊലചെയ്തു.

**എം. അച്ചുതൻ | മലപ്പുറം**

കൊല്ലപ്പെട്ടത്: 1992 ഡിസംബർ 8

ബിജെപിയുടെ സജീവ പ്രവർത്തകൻ. കൊണ്ടോട്ടിയിൽ വച്ച്, മാർക്സിസ്റ്റുകാരുടെ സഹായത്തോടെ, ഇസ്ലാമിക മതമൗലികവാദികൾ കൊലപ്പെടുത്തി.

**മധു | കൊല്ലം**

കൊല്ലപ്പെട്ടത്: 1993 ജനുവരി 12

പത്തനാപുരം കടയ്ക്കാമൺ കോളനിയിലെ ബിജെപി പ്രവർത്തകൻ. മുമ്പ് സിപിഎമ്മിൽ അംഗമായിരുന്നു. രാഷ്ട്രീയ വൈരാഗ്യത്താൽ മാർക്സിസ്റ്റ് ഗുണ്ടകൾ കൊലപ്പെടുത്തി.

**സദാശിവൻ | കൊല്ലം**

കൊല്ലപ്പെട്ടത്: 1993 ഫെബ്രുവരി 6


കുണ്ടറ താലൂക്കിലെ കല്ലയ്ക്കൽ ശാഖയിലെ സ്വയംസേവകൻ. ശാഖ കഴിഞ്ഞ് സഹോദരൻ സതീശനുമൊത്ത് വീട്ടിലേക്കു പോകുമ്പോൾ മാർക്സിസ്റ്റുകാർ ആക്രമിച്ചു. സതീശൻ സംഭവസ്ഥലത്തു വച്ചുതന്നെ ബലിദാനിയായി. സദാശിവന്റെ നട്ടെല്ലിനു ഗുരുതരമായി പരിക്കേറ്റു. നട്ടെല്ലിൽ ഒരു കത്തി ആഴത്തിൽ തറച്ചുകയറിയിരുന്നു. മൂന്നു വർഷത്തെ ആശുപത്രിവാസത്തിനു ശേഷം സദാശിവൻ മരണമടഞ്ഞു.

ദളിത് സമുദായാംഗങ്ങളും മുൻ സിപിഎം പ്രവർത്തകരുമായ ഇരുവരുടേയും പ്രവർത്തനങ്ങൾ കല്ലയ്ക്കൽ പ്രദേശത്ത് മാർക്സിസ്റ്റ് സ്വാധീനം കുറച്ചിരുന്നു. ഇതിൽ പ്രകോപിതരായാണ് മാർക്സിസ്റ്റുകൾ നിഷ്ഠൂരമായ കൊലനടത്തിയത്.

**നന്ദൻ | തൃശൂർ**

കൊല്ലപ്പെട്ടത്: 1993 ഫെബ്രുവരി 9


ഭാരതീയ ജനതാ യുവമോർച്ചയുടെ ഒല്ലൂർ മണ്ഡലം വൈസ് പ്രസിഡന്റ്. ബസ് കണ്ടക്ടർ. ജോലിക്കിടെ ബസിൽനിന്നു വലിച്ചിറക്കി വെട്ടി കൊലപ്പെടുത്തി.



**കെ. അനിൽകുമാർ | കണ്ണൂർ**

കൊല്ലപ്പെട്ടത്: 1993 ഫെബ്രുവരി 10

കൊടിയേരിയിലെ ബിജെപി പ്രവർത്തകൻ. കാരണമൊന്നുമില്ലാതെ മാർക്സിസ്റ്റുകാർ വെട്ടിക്കൊന്നു. എകെജി സഹകരണ ആശുപത്രി തെരഞ്ഞെടുപ്പിൽ വിജയം നേടിയ മാർക്സിസ്റ്റുകാർ ആഹ്ലാദപ്രകടനം നടത്തുകയായിരുന്നു. അക്രമത്തിന്റെ മേമ്പൊടിയില്ലാതെ ആഹ്ലാദപ്രകടനം പൂർണമാകില്ലെന്നതാണ് മാർക്സിസ്റ്റ് രീതി. പ്രകടനം കൊടിയേരി പഞ്ചായത്തിൽ എത്തിയപ്പോൾ വഴിയരികിൽ നിൽക്കുകയായിരുന്ന അനിൽകുമാറിനുമേൽ അകാരണമായി ചാടിവീണ മാർക്സിസ്റ്റുകാർ അദ്ദേഹത്തെ വെട്ടിക്കൊന്നു.



**സുരേഷ്ബാബു | തൃശൂർ**

കൊല്ലപ്പെട്ടത്: 1993 മാർച്ച് 10

കടവല്ലൂർ പഞ്ചായത്തിലെ ബിജെപി പ്രവർത്തകൻ. തെറ്റൊന്നും ചെയ്യാത്തവരെ പോലും കൊല്ലുകയെന്ന മാർക്സിസ്റ്റ് ക്രൂരതയുടെ നേർസാക്ഷ്യമായിരുന്നു സുരേഷ്ബാബുവിന്റെ കൊല,. പ്രാദേശിക പ്രശ്നങ്ങളുടെ പേരിൽ ബിജെപി - സിപിഎം പ്രവർത്തകർ തമ്മിൽ കടവല്ലൂരിൽ നിസാര വാക്കുതർക്കം നടന്നിരുന്നു. ഇതൊന്നുമറിയാതെ, ജോലി കഴിഞ്ഞ് അതുവഴി പോവുകയായിരുന്ന സുരേഷ്ബാബുവിനെ മാർക്സിസ്റ്റ് ഗുണ്ടകൾ പിടികൂടി മർദ്ദിച്ചും വെട്ടിയും കൊലപ്പെടുത്തി.

**സത്യൻ | കൊല്ലം**

കൊല്ലപ്പെട്ടത്: 1993 മാർച്ച് 10

ഇരവിപുരം അയത്തിൽ പ്രദേശത്തെ ബിജെപി പ്രവർത്തകൻ. തെക്കേക്കാവ് ക്ഷേത്രത്തിലെ ഉത്സവ പരിപാടികൾക്കിടെ ഇസ്ലാമിക തീവ്രവാദികൾ കൊലപ്പെടുത്തി.

**സണ്ണി വർഗീസ് | ഇടുക്കി**

കൊല്ലപ്പെട്ടത്: 1993 ജൂൺ 12

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ അടിമാലി ശാഖ മുഖ്യശിക്ഷക്. അടിമാലിയിലെ സംഘപ്രവർത്തനങ്ങൾക്കു സണ്ണിയുടെ നേതൃത്വം ഗുണകരമായിരുന്നു. ദേശീയആശയങ്ങളിലേക്കു ധാരാളം ആളുകൾ ചേർന്നതോടെ അസ്വസ്ഥരായ മാർക്സിസ്റ്റ് ഗുണ്ടകൾ സണ്ണിയെ ബിസൺവാലിയിൽ വച്ച് വെട്ടിക്കൊലപ്പെടുത്തി.



**നടയ്ക്കൽ ശശികുമാർ | വയനാട്**

കൊല്ലപ്പെട്ടത്: 1993 സെപ്തംബർ 19

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ നടയ്ക്കൽ ശാഖ മുഖ്യശിക്ഷക്. ഇസ്ലാമിക തീവ്രവാദികളാൽ വധിക്കപ്പെട്ടു. അയൽവീട്ടിൽ വന്ന് അതിക്രമം കാണിക്കുകയായിരുന്ന മതമൗലികവാദികളെ ശശികുമാർ ചോദ്യം ചെയ്തു. അപ്പോൾ അവർ ശശികുമാറിനെതിരെ തിരിയുക്കയായിരുന്നു.



**കെ. രാജൻ | കണ്ണൂർ**

കൊല്ലപ്പെട്ടത്: 1994 മാർച്ച് 21


ആർഎസ്എസ് കൂത്തുപറമ്പ് ശാഖ പ്രവർത്തകൻ. മുൻ പ്രചാരക്. ബലിദാനിയാകുമ്പോൾ കൂത്തുപറമ്പിലുള്ള ഒരു ഹാർഡ്വെയർ കടയിൽ സെയിൽസ്മാൻ ആയിരുന്നു. മാർക്സിസ്റ്റുകാർ നടത്തിയ അക്രമത്തിൽ സംഭവസ്ഥലത്തു വച്ച് തന്നെ രാജൻ കൊല്ലപ്പെട്ടു. മാർക്സിസ്റ്റ് ഗുണ്ടകൾ സദാനന്ദൻ മാസ്റ്ററുടെ കാലുകൾ വെട്ടിമാറ്റിയതിന്റെ അടുത്ത ദിവസമാണ് രാജൻ വധിക്കപ്പെട്ടത്.



**പി.പി. മോഹനൻ | കണ്ണൂർ**

കൊല്ലപ്പെട്ടത്: 1994 ഏപ്രിൽ 19

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ കൂത്തുപറമ്പ് താലൂക്ക് സഹകാര്യവാഹ്. ഒരു അഡ്വക്കേറ്റിന്റെ ക്ലർക്ക് ജോലിയാണ് ചെയ്തിരുന്നത്. മാർക്സിസ്റ്റ് ഗുണ്ടകൾ ആക്രമിച്ച് കൊലപ്പെടുത്തി. ട്രഷറി ഓഫീസിനു അടുത്തുണ്ടായിരുന്ന പോലീസ്




### രാജീവ്, മോഹൻദാസ്| മലപ്പുറം

കൊല്ലപ്പെട്ടത്: 1992 ഡിസംബർ 12

രാജീവും മോഹൻദാസും (വേണു) ഇസ്ലാമിക തീവ്രവാദികളാൽ ആക്രമിക്കപ്പെട്ട അറുമുഖം എന്ന സ്വയംസേവകനെ ആശുപത്രിയിലേക്കു കൊണ്ടുപോവുകയായിരുന്നു. (സംഭവത്തെ കുറിച്ച് പോലീസിനെ അറിയിച്ചതും ഇവരാണ്). വഴിമദ്ധ്യെ ഇസ്ലാമിക തീവ്രവാദികൾ ഇരുവരേയും തടഞ്ഞുനിർത്തി വെട്ടിക്കൊന്നു. മഞ്ചേരിയിലാണ് സംഭവം നടന്നത്.

സംഘം അക്രമം കയ്യുംകെട്ടി കണ്ടുനിന്നതല്ലാതെ, കൊലയാളികളെ തടയാൻ ശ്രമിച്ചതേയില്ല.



### സുനിൽ കുമാർ | തിരുവനന്തപുരം

കൊല്ലപ്പെട്ടത്: 1994 ജൂലൈ 1


രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ കരകുളം മണ്ഡൽ കാര്യവാഹ്. പ്രചാരകനായി പ്രവർത്തിച്ചിരുന്നു. ധീരമായ നിലപാടുകളുടെ പേരിൽ ആദരിക്കപ്പെട്ടിരുന്ന സുനിൽകുമാർ സാമൂഹികവിരുദ്ധ ഘടകങ്ങൾക്കെതിരെയുള്ള പ്രക്ഷോഭങ്ങളുടെ മുൻനിരയിലുണ്ടായിരുന്നു. അജ്ഞാതരുടെ ആക്രമണത്തിലാണ് വധിക്കപ്പെട്ടത്.



### അജി എൻ | കൊല്ലം

കൊല്ലപ്പെട്ടത്: 1994 ആഗസ്റ്റ് 18

സ്വയംസേവകൻ. ബിഎംഎസിന്റെ പ്ലാച്ചേരി പ്ലാന്റേഷൻ യൂണിറ്റ് കൺവീനർ. രാഷ്ട്രീയവൈരാഗ്യം മൂലം സിഐടിയു, എഐടിയുസി ഗുണ്ടകൾ അജിയെ ആക്രമിച്ചു. രക്ഷപ്പെടാനായി അദ്ദേഹം പുഴയിലേക്കു ചാടിയെങ്കിലും അക്രമികളുടെ ശക്തമായ കല്ലേറ് നീന്തൽ അസാധ്യമാക്കി. ഇടമൺ ഭാഗത്തുവച്ച് മുങ്ങി മരിച്ചു.



### എൻ.കെ. മധുബാലചന്ദ്രൻ നായർ | തിരുവനന്തപുരം

കൊല്ലപ്പെട്ടത്: 1994 നവംബർ 10

നെയ്യാറ്റിൻകര കീഴരൂർ ആർഎസ്എസ് ശാഖ മുഖ്യശിക്ഷക്. രാഷ്ട്രീയ വൈരാഗ്യം മാത്രം മുൻനിർത്തി മാർക്സിസ്റ്റുകാർ വെട്ടിക്കൊലപ്പെടുത്തി.



### എം.ബി. കുമാരൻ | കോഴിക്കോട്

കൊല്ലപ്പെട്ടത്: 1994 നവംബർ 25

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ വടകര ഖണ്ഡ് കാര്യവാഹ്. അമ്പലക്കുളങ്ങരയിൽ വച്ച് മാർക്സിസ്റ്റ് അക്രമികൾ നാടൻ ബോംബെറിഞ്ഞ് കൊലപ്പെടുത്തി. കുമാരൻ സംഭവസ്ഥലത്തുവച്ച് തന്നെ ബലിദാനിയായി. കൂത്തുപറമ്പ് പോലീസ് വെടിവെയ്പ്പിന്റെ മറവിൽ മാർക്സിസ്റ്റുകാർ കേരളമെങ്ങും അഴിച്ചുവിട്ട അക്രമങ്ങളിൽ ഒന്നായിരുന്നു അമ്പലക്കുളങ്ങര സംഭവം. കുമാരന്റെ മൃതശരീരം വഹിച്ചുള്ള വിലാപയാത്രക്കു നേരേയും ബോംബേറുണ്ടായി.



### സുനിൽ | തൃശൂർ

കൊല്ലപ്പെട്ടത്: 1994 ഡിസംബർ 4

ഗുരുവായൂരിനടുത്തുള്ള തൊഴിയൂരിലെ ആർഎസ്എസ് പ്രവർത്തകൻ. സാമ്പത്തിക പരാധീനതയുള്ള കുടുംബത്തിലെ അംഗം. ഇസ്ലാമിക മതമൗലികവാദികൾ സുനിലിന്റെ വീട് ആക്രമിച്ച് തലങ്ങും വിലങ്ങും വെട്ടി കൊലപ്പെടുത്തി. സുനിലിന്റെ അച്ഛനമ്മമാർക്കും സഹോദരന്മാർക്കും മുന്നിലായിരുന്നു ഈ ക്രൂരകൃത്യം. കുടുംബാംഗങ്ങൾക്കു നേരെയും അക്രമങ്ങൾ നടന്നു.



### കെ.വി. ബിജു | തൃശൂർ

കൊല്ലപ്പെട്ടത്: 1995 ജനുവരി 28

ചാലക്കുടിക്കടുത്ത് കൊരട്ടിയിലെ ബിജെപി പ്രവർത്തകൻ. മാർക്സിസ്റ്റ് ഗുണ്ടകൾ ബിജുവിനെ വീട്ടിൽനിന്നു തട്ടിക്കൊണ്ടു പോയി. കോനൂർ-നാലുകെട്ട് ജങ്ഷനിൽ വച്ച് അദ്ദേഹത്തെ മർദ്ദിച്ച് കൊലപ്പെടുത്തി.

### ചെമ്പട്ട കെ.സി. കേളു | കണ്ണൂർ

കൊല്ലപ്പെട്ടത്: 1995 മാർച്ച് 10

ബിജെപി പ്രവർത്തകൻ. ജനസംഘത്തിന്റെ കാലം മുതൽ പാർട്ടിയുമായി ഉറ്റബന്ധം. കൊല്ലപ്പെടുമ്പോൾ അമ്പത് വയസായിരുന്നു. മാർക്സിസ്റ്റുകാർ രാത്രിയിൽ വീടാക്രമിച്ച് കൊല ചെയ്തു.



### ജോസ് | തൃശൂർ

കൊല്ലപ്പെട്ടത്: 1995 ജനുവരി 22

തൃശൂർ ടൗണിൽനിന്നു അഞ്ച് കിലോമീറ്റർ അകലെയുള്ള കുരിയച്ചിറ സ്വദേശി. മുൻകാല സിഐടിയു അംഗം. പിന്നീട് ബിഎംഎസിൽ ചേർന്നു. പുതൂർ പഞ്ചായത്തിലും തൃശൂർ ശക്തൻ തമ്പുരാൻ മാർക്കറ്റിലും ബിഎംഎസിനു വേണ്ടി പ്രവർത്തിച്ചു. തൃശൂർ ടൗണിലെ തിയറ്ററിൽ സിനിമ കണ്ടുകൊണ്ടിരിക്കുമ്പോൾ മാർക്സിസ്റ്റുകാർ ആക്രമിച്ചു. തിയറ്ററിൽ നിന്നു ഓടിയിറങ്ങി രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും കൊലയാളികൾ ജോസിനെ പിന്തുടർന്നു വെട്ടിക്കൊന്നു.



### കൊമ്പന്റവിട സുരേന്ദ്രൻ | കണ്ണൂർ

കൊല്ലപ്പെട്ടത്: 1995 മാർച്ച് 24

പെരിമ്പാലം ആർഎസ്എസ് ശാഖ മുഖ്യശിക്ഷക്. ജോലിസ്ഥലത്തുനിന്ന് വീട്ടിൽ എത്തിയശേഷം സുരേന്ദ്രനെ ദുരൂഹമായ സാഹചര്യത്തിൽ കാണാതായി. പിറ്റേന്ന് സംശയകരമായ വിധം തൂങ്ങിമരിച്ച നിലയിൽ മൃതദേഹം കണ്ടെത്തി. മരണത്തിൽ ദുരൂഹത ഉണ്ടായിരുന്നെങ്കിലും പോലീസ് അന്വേഷണം എങ്ങുമെത്തിയില്ല. പെരിമ്പാലത്തെ ദേശവിരുദ്ധരായ ഇസ്ലാമിക് മതമൗലികവാദികൾക്കു എതിരെ സുരേന്ദ്രൻ ശക്തമായ നിലപാട് എടുത്തിരുന്നു.


# പരുമല സംഭവം: ഇന്ത്യൻ ക്യാമ്പസ് കണ്ട ഏറ്റവും വലിയ നരഹത്യ

**അനു, സുജിത്, കിം കരുണാകർ | പരുമല**
കൊല്ലപ്പെട്ടത്: 1996 സെപ്തംബർ 17

**കേ**രളത്തെ നടുക്കിയ പരുമല സംഭവം നടന്നത് 1996 സെപ്റ്റംബർ 17-നാണ്. കാമ്പസ് അക്രമങ്ങളിൽ ക്രൂരതയുടെ പുതിയൊരു അദ്ധ്യായം കൂട്ടിച്ചേർത്തുകൊണ്ട് പരുമല ദേവസ്വം ബോർഡ് കോളേജിലെ മൂന്ന് എബിവിപി പ്രവർത്തകരെ എസ്എഫ്ഐ, സിഐടിയു, ഡിവൈഎഫ്ഐ ഗുണ്ടകൾ ക്രൂരമായി ആക്രമിക്കുകയായിരുന്നു. ജീവൻ രക്ഷിക്കാൻ പുഴയിൽ ചാടിയ വിദ്യാർത്ഥികളെ അവർ ഇഷ്ടികയെറിഞ്ഞു കൊന്നു. അനു, സുജിത്, കിം കരുണാകരൻ എന്നിവരാണ് മാർക്സിസ്റ്റ് ക്രൂരതയ്ക്ക് ഇരയായത്.



കോളേജിലെ വർദ്ധിച്ചുവരുന്ന എബിവിപി സ്വാധീനം തടയുകയായിരുന്നു അക്രമികളുടെ ലക്ഷ്യം. വിദ്യാർത്ഥികളെ ഒറ്റപ്പെടുത്തി ആക്രമിക്കുമ്പോൾ ജീവൻ രക്ഷിക്കാൻ മൂന്നുപേരും പമ്പാനദിയിലേക്കു ചാടി. നീന്തി മറുകരയിൽ എത്തുകയായിരുന്നു ലക്ഷ്യം. എന്നാൽ മാർക്സിസ്റ്റ് അക്രമികൾ അതിശക്തമായ കല്ലേറ് നടത്തി നീന്തൽ അസാധ്യമാക്കി. പുഴയിൽ വസ്ത്രം അലക്കാനും കുളിക്കാനും വന്നിരുന്ന ഏതാനും സ്ത്രീകൾ വിദ്യാർത്ഥികളെ സഹായിക്കാൻ മുന്നോട്ടുവന്നു. അവർ അലക്കാൻ കൊണ്ടുവന്ന സാരിയുടെ തുമ്പ് നീന്താൻ പാടുപെടുകയായിരുന്ന വിദ്യാർത്ഥികൾക്കു നേരെ വീശിയെറിഞ്ഞു. സാരിത്തുമ്പിൽ പിടിക്കുന്ന വിദ്യാർത്ഥികളെ വലിച്ച് കരയ്ക്കടുപ്പിക്കുകയായിരുന്നു സ്ത്രീകളുടെ ഉദ്ദേശ്യം. പക്ഷേ എബിവിപി പ്രവർത്തകരെ രക്ഷപ്പെടാൻ അനുവദിക്കില്ലെന്നു നിശ്ചയിച്ചുറപ്പിച്ച മാർക്സിസ്റ്റ് കൊലയാളികൾ ആ സ്ത്രീകളെ വിരട്ടിയോടിച്ചു. സ്ഥലംവിടാൻ മടിച്ച സ്ത്രീകളെ കല്ലെടുത്തെറിയുകയും ചെയ്തു. മറ്റുവഴികൾ ഇല്ലാത്തതിനാൽ സ്ത്രീകൾ പിൻവാങ്ങി.




അന്ന് കേരളം ഭരിച്ചിരുന്നത് കമ്മ്യൂണിസ്റ്റുകൾ ആയിരുന്നു. അവർ കൊലപാതകത്തിലെ ഓരോ തെളിവും നശിപ്പിക്കാൻ കൂട്ടുനിന്നു. കൃത്രിമതെളിവുകളുടെ സാഹായത്തോടെ മാർക്സിസ്റ്റ് നേതൃത്വം കേസ് ജയിച്ചു. അവരുടെ ക്രൂരതയും ധാർഷ്ട്യവും അവിടം കൊണ്ടും അവസാനിച്ചില്ല. പരുമല സംഭവത്തെക്കുറിച്ച് ചർച്ച വേണമെന്നു നിയമസഭയിൽ ആവശ്യപ്പെട്ട ടി.എം. ജേക്കബ് എംഎൽഎയോട്, അന്നത്തെ മുഖ്യമന്ത്രി ഇ.കെ, നായനാർ കയർത്തുകൊണ്ട് ചോദിക്കുകയുണ്ടായി, 'ആർഎസ്എസുകാർ കൊല്ലപ്പെട്ടതിൽ തനിക്കെന്താണ് കാര്യം?'

കേരളത്തിലെ മാത്രമല്ല, ഇന്ത്യയിൽ തന്നെ നടന്നിട്ടുള്ള കാമ്പസ് കൊലപാതങ്ങളിൽ വളരെ അപൂർവവും പൈശാചികവുമായ ഒന്നായിരുന്നു പരുമല സംഭവം. കിം കരുണാകരനും അനുവും മാതാപിതാക്കളുടെ ഏകസന്താനങ്ങളാ





യിരുന്നു. കൊല്ലപ്പെടുന്നതിന്റെ മുൻവർഷം അനു കോളേജ് ആർട്സ് സെക്രട്ടറിയായിരുന്നു. ബഹുമുഖ പ്രതിഭ. പഠന വിഷയങ്ങളിൽ മാത്രമല്ല, പാഠ്യേതര വിഷയങ്ങളിലും അദ്ദേഹം മുൻപന്തിയിലായിരുന്നു. മൃദംഗം, തബല വായനയിൽ നിപുണൻ. പത്തനംതിട്ട ജില്ലാ ജൂനിയർ ഫുട്ബോൾ ടീമംഗം. അനുവിന്റെ നേട്ടങ്ങൾ ഏറെയായിരുന്നു. ഇപ്പോൾ റിട്ടയർ ജീവിതം നയിക്കുന്ന അനുവിന്റെ മാതാപിതാക്കൾ (അച്ഛൻ പി.സി. ശ്രീധരൻ നായർ പോസ്റ്റൽ വകുപ്പ് ജീവനക്കാരനും അമ്മ സ്കൂൾ ടീച്ചറുമായിരുന്നു) മകനെക്കുറിച്ചുള്ള സ്മരണകളിൽ നീറി ജീവിക്കുകയാണ്. അനു കരസ്ഥമാക്കിയ അനേകം ട്രോഫികളും സ്മരണികകളും അവർ നിധിപോലെ സൂക്ഷിച്ചുവച്ചിട്ടുണ്ട്.

അനുവിനെ പോലെ, കിം കരുണാകരനും മാതാപിതാക്കളുടെ ഏകമകനായിരുന്നു. മകന്റെ മരണവാർത്ത കേട്ട് കടുത്ത മാനസികാഘാതത്തിലേക്കു വഴുതിയ അവർ, പിന്നീട് സാധാരണ ജീവിതത്തിലേക്കു തിരിച്ചുവന്നില്ല. കുറച്ചു കാലത്തിനുള്ളിൽ ഇരുവരും മരിച്ചു. കിമ്മിന്റെ മാതാപിതാക്കൾ, മകന്റെ സ്മരണയ്ക്കായി ഒരു ശ്രീനാരായണഗുരു സ്മൃതിമന്ദിരം നിർമിച്ചിട്ടുണ്ട്.

സുജിത് കൊല്ലപ്പെടുമ്പോൾ വിദേശത്തായിരുന്ന അച്ഛൻ ശിവദാസൻ നായർ, പിന്നീട് ആ ജോലി രാജിവച്ച് നാട്ടിൽ സ്ഥിരതാമസമാക്കി. മകൻ നേരിട്ട ദാരുണാന്ത്യവും നീതിനിഷേധവും മനസ്സിൽ സൂക്ഷിച്ച് ദുഃഖിതനായി ഇന്ന് അദ്ദേഹം ജീവിക്കുന്നു.






### പാലൂർ മോഹനചന്ദ്രൻ | മലപ്പുറം
കൊല്ലപ്പെട്ടത്: 1995 ആഗസ്റ്റ് 19

ബിജെപിയുടെ മങ്കട നിയോജകമണ്ഡലം ജനറൽ സെക്രട്ടറി. പലചരക്കുകട ഉടമ. സംഭവദിവസം രാത്രി, കടയടച്ച് വീട്ടിലേക്കു മടങ്ങുമ്പോൾ ഇസ്ലാമിക തീവ്രവാദികൾ തടഞ്ഞു നിർത്തി, ആക്രമിച്ച് കൊലപ്പെടുത്തി.



### പി.കെ. ശിവദാസ് | ആലപ്പുഴ
കൊല്ലപ്പെട്ടത്: 1995 ഒക്ടോബർ 12

കുട്ടനാട് കിടങ്ങറ മേഖലയിലെ സ്വയംസേവകൻ. ശിവഗിരി മഠത്തിലെ പോലീസ് നടപടിയിൽ പ്രതിഷേധിച്ച് എസ്എൻഡിപി യോഗം സംസ്ഥാനമൊട്ടാകെ ആഹ്വാനം ചെയ്ത ബന്ദിൽ, കിടങ്ങറയിലുണ്ടായ സംഘർഷത്തെ നേരിടാൻ പോലീസ് വെടിവച്ചു. സംഘർഷത്തിലൊന്നും പെടാതെ വീട്ടുമുറ്റത്ത് നിൽക്കുകയായിരുന്ന ശിവദാസിനു വെടിയേറ്റു. സ്വന്തം വീടിന്റെ മുറ്റത്തുവച്ചു അദ്ദേഹം മരിച്ചു.




### സുകുമാരൻ | മലപ്പുറം
കൊല്ലപ്പെട്ടത്: 1995 ഡിസംബർ 26

തിരൂർ ബിവി അങ്ങാടിയിലെ ബിജെപി പ്രവർത്തകൻ. ദളിത് കുടുംബാംഗം. കുടുംബാംഗങ്ങൾ എല്ലാം ശക്തമായ കോൺഗ്രസ് പ്രവർത്തന പാരമ്പര്യം ഉള്ളവർ. പുറത്തൂർ ബസ് സ്റ്റാന്റിൽ വച്ച് കോൺഗ്രസ് അക്രമികൾ സുകുമാരനെ മർദ്ദിച്ച് അവശനാക്കി. കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചെങ്കിലും അടുത്ത ദിവസം നിര്യാതനായി.



### സി.ജെ. രാജീവ് | തൃശൂർ)
കൊല്ലപ്പെട്ടത്: 1995 ഡിസംബർ 29

വാടാനപ്പിള്ളിയിലെ ബിജെപി പ്രവർത്തകൻ. അബ്ദുൾ നാസർ മഅദനി സ്ഥാപിച്ച പിഡിപിയുടെ ഗുണ്ടകളാൽ ആക്രമിക്കപ്പെട്ടു. രാജീവിനെ വീട്ടിൽ നിന്നു വലിച്ചിറക്കി വെട്ടിക്കൊല്ലുകയായിരുന്നു.



### മോഹൻദാസ് | തൃശൂർ
കൊല്ലപ്പെട്ടത്: 1996 ഫെബ്രുവരി 20

വിമുക്തഭടൻ. കൊടകരയിലെ സജീവ ബിജെപി പ്രവർത്തകൻ. കോൺഗ്രസ് ഗുണ്ടകൾ ആക്രമിച്ച് കൊലപ്പെടുത്തി. അദ്ദേഹത്തിന്റെ മൃതശരീരം കള്ളിമുൾ ചെടികൾക്കു ഇടയിൽ നിന്നാണ് കണ്ടു കിട്ടിയത്.

### ഷാജി | കണ്ണൂർ
ബലിദാന ദിനം: 1996 മെയ് 18

കണ്ണൂരിലെ ബിജെപി പ്രവർത്തകൻ. മാർക്സിസ്റ്റ് അക്രമികളാൽ വധിക്കപ്പെട്ടു.




### വിദ്യാസാഗർ | തൃശൂർ
കൊല്ലപ്പെട്ടത്: 1996 ജൂലൈ 12

മുതിർന്ന നേതാവ്. കൊടുങ്ങല്ലൂർ നിയമസഭാ മണ്ഡലം പ്രസിഡന്റ്. മാർക്സിസ്റ്റ് ഗുണ്ടകൾ കുത്തിക്കൊന്നു.




### ടി.എസ്. സന്തോഷ് | തൃശൂർ
കൊല്ലപ്പെട്ടത്: 1996 ആഗസ്റ്റ് 9

ഇരിഞ്ഞാലക്കുടയിലെ തയ്യിൽ വാർഡ് കമ്മറ്റി ട്രഷറർ. ബിസിനസുകാരൻ. കടയടച്ച് വീട്ടിലേക്കു വരുമ്പോൾ ഇസ്ലാമിക തീവ്രവാദികൾ ആക്രമിച്ച് കൊലപ്പെടുത്തി.




### മുതലമട മണി | പാലക്കാട്
കൊല്ലപ്പെട്ടത്: 1996 ആഗസ്റ്റ് 14

ബിജെപി മുതലമട പഞ്ചായത്ത് കമ്മറ്റി അംഗം. മുൻ സിപിഎം അനുഭാവി. വീടിനടുത്തുവച്ച് മാർക്സിസ്റ്റ് ഗുണ്ടകളുടെ സഹായത്തോടെ ഇസ്ലാമിക മതമൗലികവാദികൾ വെട്ടിക്കൊന്നു.



### മഠത്തിൽ താമി | മലപ്പുറം
കൊല്ലപ്പെട്ടത്: 1996 ആഗസ്റ്റ് 25

ബിജെപിയുടെ പ്രാദേശിക നേതാവ്. ദളിത് സമുദായാംഗം. ഇസ്ലാമിക തീവ്രവാദികളാൽ കൊല ചെയ്യപ്പെട്ടു. താമിക്ക് നേരെ മുമ്പും രണ്ട് വധശ്രമങ്ങൾ നടന്നിരുന്നു. പോലീസിൽ പരാതിപ്പെട്ടെങ്കിലും സഹായമൊന്നും ലഭിച്ചില്ല. മൂന്നാമത്തെ ആക്രമണം അദ്ദേഹത്തിന്റെ ജീവനെടുത്തു.




### അശോക് ഷെട്ടി | കാസർഗോഡ്
കൊല്ലപ്പെട്ടത്: 1996 ഒക്ടോബർ 26

ബിജെപിയുടെ പ്രാദേശിക നേതാവ്. ബസിറങ്ങി വീട്ടിലേക്കു നടക്കുമ്പോൾ, ഷിർദ്ദിസായി ക്ഷേത്രത്തിനടുത്തു വച്ച്, മാർക്സിസ്റ്റു അക്രമികൾ മാരകായുധങ്ങൾ ഉപയോഗിച്ച് കൊലപ്പെടുത്തി.

### ഒ.പി. ബാബു | കോഴിക്കോട്
കൊല്ലപ്പെട്ടത്: 1997 ഫെബ്രുവരി 28

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ കുറ്റ്യാടി നെട്ടൂർ ശാഖയിലെ സജീവ പ്രവർത്തകൻ. ശ്രീരാമനവമി രഥയാത്രയ്ക്കു സ്വീകരണം നൽകാനുള്ള ഒരുക്കങ്ങൾക്കിടയിൽ നാല്പതോളം മാർക്സിസ്റ്റ് അക്രമികൾ അദ്ദേഹത്തെ കുത്തിക്കൊന്നു.


നിഷ്ഠൂരമായ കൊലപാതകത്തിന് ഏതാനും ദിവസം മുമ്പ്, ഫെബ്രുവരി 25ന് നെട്ടൂരിലുള്ള സ്വയംസേവകരെ വധിക്കുമെന്ന് മാർക്സിസ്റ്റ് നേതാക്കൾ പരസ്യഭീഷണി മുഴക്കിയിരുന്നു. ബാബുവിന്റെ പേരും അവരുടെ ലിസ്റ്റിൽ ഉണ്ടായിരുന്നു.




### സുരേന്ദ്രൻ, മനോജ് | കോഴിക്കോട്

കൊല്ലപ്പെട്ടത്: 1994 ഡിസംബർ 6

വളയം മേഖയിലെ സ്വയംസേവകർ. ആർഎസ്എസ് ശാഖ നടക്കുമ്പോഴുണ്ടായ ബോംബേറിൽ ഇരുവരും കൊല്ലപ്പെട്ടു. മാർക്സിസ്റ്റുകാർ ആയിരുന്നു അക്രമികൾ.



### ഭാസ്കരൻ | കാസർഗോഡ്

കൊല്ലപ്പെട്ടത്: 1997 ജൂൺ 4

കാഞ്ഞങ്ങാട് പുല്ലൂരിൽ ബിജെപിയുടെ സജീവ പ്രവർത്തകൻ. വാച്ചുകട ഉടമ. രാത്രി, മാർക്സിസ്റ്റുകാർ അതിക്രമിച്ച് കയറി കട അലങ്കോലമാക്കി. ക്രൂരമായ മർദ്ദനമേറ്റ് ഭാസ്കരൻ മരണമടഞ്ഞു.

### ഉണ്ണി | തിരുവനന്തപുരം

കൊല്ലപ്പെട്ടത്: 1997 ജൂൺ 6

കിളിമാനൂർ നഗരൂരിലെ ബിജെപി പ്രവർത്തകൻ. രാത്രിയിൽ അജ്ഞാതരായ അക്രമികൾ ഉണ്ണിയെ തടഞ്ഞ് നിർത്തി കുത്തിക്കൊലപ്പെടുത്തി.



### ഭാസ്കരൻ മാസ്റ്റർ | കോഴിക്കോട്

കൊല്ലപ്പെട്ടത്: 1997 ജൂൺ 30

ബിജെപി നാദാപുരം മണ്ഡലം ജനറൽ സെക്രട്ടറി. നാഷണൽ ടീച്ചേഴ്സ് യൂണിയന്റെ ജില്ലാ ഭാരവാഹി. വളയം മേഖലയിലെ വിജനമായ ഒരു പ്രദേശത്തായിരുന്നു അദ്ദേഹത്തിന്റെ വീട്.

മഴയുള്ള ഒരു രാത്രിയിൽ, കുടിക്കാൻ വെള്ളം ചോദിച്ച് അജ്ഞാതനായ ഒരു വ്യക്തി മാസ്റ്ററുടെ വീട്ടിലെത്തി. വാതിൽ തുറന്ന് പുറത്തിറങ്ങിയ മാസ്റ്ററെ, അദ്ദേഹത്തിന്റെ പ്രായമായ അമ്മയുടേയും ഭാര്യയുടേയും മുന്നിൽ വച്ച്, ആഗതൻ വെട്ടിക്കൊന്നു.

### കുമാരൻ | കോഴിക്കോട്

കൊല്ലപ്പെട്ടത്: 1997 ജൂൺ 30

ബിജെപി പ്രവർത്തകൻ. കൃഷിയായിരുന്നു ജോലി. മൂർച്ചയേറിയ ആയുധം കൊണ്ടുള്ള ആക്രമണത്തിൽ കൊല്ലപ്പെട്ടു. ഭാസ്കരൻ മാസ്റ്ററുടെ കൊലപാതകം നടന്ന അതേ മണിക്കൂറിൽ തന്നെയായിരുന്നു കുമാരന്റെ കൊലപാതകവും.



### ശിവരാമൻ നായർ | കോട്ടയം

കൊല്ലപ്പെട്ടത്: 1997 ആഗസ്റ്റ് 9

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ പ്രമുഖ പ്രവർത്തകൻ. അടിയന്തരാവസ്ഥ കാലം മുതൽ സംഘത്തിനുവേണ്ടി അക്ഷീണം പ്രയത്നിച്ച വ്യക്തി. കേരള കോൺഗ്രസ് ഗുണ്ടകൾ കൊലചെയ്തു.



### ശ്രീധരൻ | പാലക്കാട്

കൊല്ലപ്പെട്ടത്: 1997 സെപ്തംബർ 26

ചെർപ്പുളശ്ശേരിയിലെ ബിജെപി പ്രവർത്തകൻ. മാർക്സിസ്റ്റ് അക്രമികൾ വീട്ടിൽനിന്നു തട്ടിക്കൊണ്ടുപോയി മർദ്ദിച്ച് അവശനാക്കി. വായ ബലമായി തുറപ്പിച്ച് ശ്രീധരനെ വിഷം കുടിപ്പിച്ചു. വിഷം തുപ്പാതിരിക്കാൻ വായ പൊത്തിപ്പിടിക്കുകയും ചെയ്തു. ഒടുക്കം ശ്രീധരൻ മരിച്ചെന്നു കരുതി അദ്ദേഹത്തെ റോഡ്സൈഡിലേക്കു തള്ളിയിട്ട് അക്രമികൾ സ്ഥലംവിട്ടു. എന്നാൽ അല്പം ബോധമുണ്ടായിരുന്ന ശ്രീധരനെ ഉടൻ ആശുപത്രിയിൽ എത്തിക്കാനായി. മരിക്കുന്നതിനു മുമ്പ്, ഒരു മജിസ്ട്രേറ്റ് ആശുപത്രിയിലെത്തി ശ്രീധരന്റെ അന്ത്യമൊഴി രേഖപ്പെടുത്തി.

### പ്രദീപ് | കണ്ണൂർ

കൊല്ലപ്പെട്ടത്: 1997 ഒക്ടോബർ 7

ബിജെപി പ്രവർത്തകൻ. മാർക്സിസ്റ്റുകാരിൽനിന്നു രക്ഷപ്പെടാൻ കുറേദൂരം ഓടിയെങ്കിലും ബോംബേറിൽ കൊല്ലപ്പെട്ടു. സംഭവസ്ഥലത്തുവച്ച് തന്നെ മരണം സംഭവിച്ചു. ഈ അരുംകൊലയിൽ തൃപ്തരാകാതെ, പ്രദീപിന്റെ മൃതശരീരം കൊണ്ടുപോകാൻ വന്ന ബന്ധുക്കളെ മാർക്സിസ്റ്റ് അക്രമികൾ തടയുകയും ചെയ്തു.



### ലോറൻസ് | തൃശൂർ

കൊല്ലപ്പെട്ടത്:1997 ഒക്ടോബർ 22

പുതൂർ പഞ്ചായത്തിൽ ഭാരതീയ മസ്ദൂർ സംഘത്തിന്റെ സജീവ പ്രവർത്തകൻ. ശക്തൻ തമ്പുരാൻ മാർക്കറ്റിലെ ചുമട്ടു തൊഴിലാളി. ഒരുദിവസത്തെ കഠിനജോലിക്കു ശേഷം നിർത്തിയിട്ടിരുന്ന ബസിലിരുന്ന് വിശ്രമിക്കുമ്പോൾ, ഒരുകൂട്ടം മാർക്സിസ്റ്റുകാർ ബസിലേക്കു തള്ളിക്കയറി വന്ന് ഇരുമ്പുവടി കൊണ്ട് ലോറൻസിന്റെ തലയ്ക്കടിച്ചു. തുടർന്നു കത്തികൊണ്ട് കുത്തിക്കൊന്നു.

### രാമചന്ദ്രൻ | പാലക്കാട്

കൊല്ലപ്പെട്ടത്: 1997 ഒക്ടോബർ 26


ഭാരതീയ മസ്ദൂർ സംഘിന്റെ ഒറ്റപ്പാലം ഏരിയ സെക്രട്ടറി. ബിഎംഎസിന്റെ പരിപാടിയിൽ പങ്കെടുത്ത് തിരിച്ചു വരുമ്പോൾ അജ്ഞാതരായ അക്രമികൾ കൊലചെയ്തു.



### സന്തോഷ് | കൊല്ലം

കൊല്ലപ്പെട്ടത്: 1997 നവംബർ 24

അയത്തിൽ ആർഎസ്എസ് ശാഖ അംഗം. ശാഖ കഴിഞ്ഞ് സൈക്കിളിൽ വീട്ടിലേക്കു മടങ്ങുമ്പോൾ, കാറിൽ പിന്തുടർന്നെത്തിയ മാർക്സിസ്റ്റുകാർ അദ്ദേഹത്തെ കാറിടിച്ച് പരിക്കേൽപ്പിച്ചു. തുടർന്നു തലങ്ങും വിലങ്ങും വെട്ടിക്കൊന്നു.



**ഗോപി | കാസർഗോഡ്**

കൊല്ലപ്പെട്ടത്: 1997 നവംബർ 28

കാഞ്ഞങ്ങാട് മണ്ഡലത്തിലെ ബിജെപി പ്രവർത്തകൻ. അർദ്ധരാത്രിയിൽ മാർക്സിസ്റ്റ്ഗുണ്ടകൾ ആക്രമിച്ച് കൊലപ്പെടുത്തി. കാഞ്ഞങ്ങാട് മണ്ഡലത്തിൽ അക്രമം വിതച്ച് ഭീതിപരത്താൻ മാർക്സിസ്റ്റുകാർ ഇക്കാലത്ത് ശ്രദ്ധിച്ചിരുന്നു. ഗോപിയെ വധിച്ച ദിവസം തന്നെ ബിജെപിയുടെ കാസർഗോഡ് ജില്ലാ പ്രസിഡന്റിന്റെ വസതിക്കു നേരെയും ആക്രമണമുണ്ടായി.



**മുരുകാനന്ദൻ | തിരുവനന്തപുരം**

കൊല്ലപ്പെട്ടത്: 1998 ഏപ്രിൽ 9.

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ സജീവ പ്രവർത്തകൻ. ധനുവച്ചപുരം വിടിഎം കോളേജിൽ എബിവിപിയുടെ പ്രവർത്തനങ്ങളിൽ മുരുകാനന്ദൻ മുൻനിരയിലുണ്ടായിരുന്നു. കോളേജ് ഗേറ്റിനു സമീപത്തുവച്ച് മാർക്സിസ്റ്റ് ഗുണ്ടകൾ ക്രൂരമായി മർദ്ദിച്ചു കൊന്നു.



**മനോജ് | കോഴിക്കോട്**

കൊല്ലപ്പെട്ടത്: 1999 ഏപ്രിൽ 12

ബേപ്പൂരിൽ ഭാരതീയ മസ്ദൂർ സംഘിന്റെ സജീവ പ്രവർത്തകൻ. കമ്മ്യൂണിസ്റ്റ് ഗുണ്ടകൾ മനോജിനെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തുകയായിരുന്നു. അതിൽ തൃപ്തരാകാതെ ആസിഡ് ഒഴിച്ച് അദ്ദേഹത്തിന്റെ ശരീരം പൊള്ളിച്ച് വികൃതമാക്കുകയും ചെയ്തു.



**ചന്ദ്രമോഹൻ | കാസർഗോഡ്**

കൊല്ലപ്പെട്ടത്: 1999 ഏപ്രിൽ 21


ബദിയടുക്കയിലെ വിശ്വഹിന്ദു പരിഷത്ത് പ്രവർത്തകൻ. മാർക്സിസ്റ്റുകാരാൽ വധിക്കപ്പെട്ടു. കയറിൽ കെട്ടിത്തൂക്കിയ നിലയിലാണ് ചന്ദ്രമോഹന്റെ മൃതദേഹം കണ്ടെടുത്തത്.



**ശശി | കണ്ണൂർ**

കൊല്ലപ്പെട്ടത്: 1999 സെപ്തംബർ 12

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ കൂത്തുപറമ്പ് മമ്പറം മണ്ഡലം കാര്യവാഹ്. വിജയദശമി പഥസഞ്ചലനത്തിന് മുന്നോടിയായുള്ള ബൈഠകിൽ പങ്കെടുക്കാൻ പോകുമ്പോൾ മാർക്സിസ്റ്റ് അക്രമികൾ കുത്തിക്കൊന്നു.



**സതീഷ് | ആലപ്പുഴ**

കൊല്ലപ്പെട്ടത്: 1999 ഒക്ടോബർ 6

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ പ്രാദേശിക നേതാവ്. ഹരിപ്പാടിലെ വ്യാജമദ്യ മാഫിയകൾക്കെതിരെ സതീഷിന്റെ നേതൃത്വത്തിൽ ധാരാളം പ്രതിഷേധങ്ങൾ നടന്നിരുന്നു. ഇതേത്തുടർന്ന്, മദ്യമുതലാളിമാർ പാവങ്ങളെ ചൂഷണം ചെയ്യുന്നതിനെ കുറിച്ച് ഭരണാധികാരികൾ ബോധവാന്മാരായി. മദ്യമുതലാളിമാരേയും അവരുടെ ശിങ്കിടികളായ മാർക്സിസ്റ്റുകാരേയും ഇത് ചൊടിപ്പിച്ചു. അവരുടെ പ്രതികാരം സതീഷിന്റെ കൊലയിൽ കലാശിച്ചു.



**പന്ന്യന്നൂർ ചന്ദ്രൻ| കണ്ണൂർ**

കൊല്ലപ്പെട്ടത്: 1996 മെയ് 25

ബിജെപിയുടെ കണ്ണൂർ ജില്ലാ സെക്രട്ടറി. രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ പ്രചാരകനാകാൻ ബാങ്ക് ജോലി രാജിവച്ച് പ്രവർത്തനത്തിനു ഇറങ്ങി. ബിജെപി ചുമതല ഏൽക്കുന്നതിനു മുമ്പ് ദീർഘകാലം ആർഎസ്എസിൽ പ്രവർത്തിച്ചു. പെരിങ്ങളം നിയമസഭാ മണ്ഡലത്തിൽ ബിജെപി സ്ഥാനാർത്ഥിയായി മൽസരിച്ച ചന്ദ്രന് പതിനായിരത്തിൽ അധികം വോട്ട് ലഭിച്ചു. തെരഞ്ഞെടുപ്പു ഫലം വന്ന മാസത്തിൽ തന്നെയാണ് അദ്ദേഹം കൊല ചെയ്യപ്പെട്ടത്.

ഒരു ബന്ധുവിനെ റെയിൽവേ സ്റ്റേഷനിൽ വച്ച് കൂടിക്കണ്ട ശേഷം ഭാര്യയുമൊത്ത് ബൈക്കിൽ തിരിച്ചുവരികയായിരുന്നു ചന്ദ്രൻ. വഴിയരികിൽ തക്കം പാർത്ത് ഒളിഞ്ഞിരുന്ന മാർക്സിസ്റ്റുകാർ ബൈക്കിനു നേരെ ബോംബെറിഞ്ഞു. അതിന്റെ ആഘാതത്തിൽ താഴെവീണ ചന്ദ്രനെ, ഭാര്യയുടെ മുന്നിൽവച്ച് തന്നെ, അക്രമികൾ തലങ്ങും വിലങ്ങും വെട്ടിക്കൊലപ്പെടുത്തി. നായനാർ കേരള മുഖ്യമന്ത്രിയായി സ്ഥാനമേറ്റ ശേഷം ഉടനെ നടന്ന കൊലപാതകമായിരുന്നു പന്ന്യന്നൂർ ചന്ദ്രന്റേത്.

**പുരുഷോത്തമൻ | കണ്ണൂർ**

കൊല്ലപ്പെട്ടത്: 1999 നവംബർ 1

പാനൂർ ചൊക്ലിയിൽ ബിജെപിയുടെ സജീവപ്രവർത്തകൻ. മാർക്സിസ്റ്റ് ഗുണ്ടകളാൽ കൊല ചെയ്യപ്പെട്ടു.

**കുഞ്ഞിരാമൻ | കണ്ണൂർ**

കൊല്ലപ്പെട്ടത്: 1999 നവംബർ 3

ബിജെപി പ്രവർത്തകൻ. പൊയിലൂരിൽ വച്ച് മാർക്സിസ്റ്റുകാർ നടത്തിയ ആക്രമണത്തിൽ കൊല്ലപ്പെട്ടു.

**പ്രകാശൻ | കണ്ണൂർ**

കൊല്ലപ്പെട്ടത്: 1999 ഡിസംബർ 2

കതിരൂരിലെ ബിജെപി പ്രവർത്തകൻ. മാർക്സിസ്റ്റ് ഗുണ്ടകൾ വെട്ടിക്കൊലപ്പെടുത്തി. കെ.ടി. ജയകൃഷ്ണൻ മാസ്റ്ററുടെ കൊലപാതകത്തെ തുടർന്ന് കണ്ണൂരിൽ മാർക്സിസ്റ്റുകാരുടെ നേതൃത്വത്തിൽ നരവേട്ട തന്നെ നടന്നു. പ്രകാശന്റെ കൊലപാതകം ആ അവസരത്തിലായിരുന്നു.

**ബാലൻ | കണ്ണൂർ**

കൊല്ലപ്പെട്ടത്: 1999 ഡിസംബർ 3


ബിജെപിയുടെ പെരിങ്ങളം മണ്ഡലം ട്രഷറർ. അർദ്ധരാത്രിയിൽ മാർക്സിസ്റ്റ് ഗുണ്ടകൾ വീടാക്രമിച്ച് കൊലപ്പെടുത്തി.



**ഉണ്ണി | തൃശൂർ**

കൊല്ലപ്പെട്ടത്: 2000 ഫെബ്രുവരി 25

ബിജെപി പ്രവർത്തകൻ. ചാവക്കാട് കൊങ്ങമുക്കിൽ വച്ച് മാർക്സിസ്റ്റുകാർ കൊല ചെയ്തു.



**വിജയൻ | കാസർഗോഡ്**
കൊല്ലപ്പെട്ടത്: 2000 ഏപ്രിൽ 27

ബിജെപി പ്രവർത്തകൻ. കുമ്പളത്തുള്ളജോലിസ്ഥലത്തേക്കു പോകവേ മാർക്സിസ്റ്റ് ദ്രോഹികൾ ബൈക്കിൽ പിന്നാലെ വന്ന് വാൾ ഉപയോഗിച്ച് വിജയന്റെ തല വെട്ടിമാറ്റി. സമാനതകളില്ലാത്ത ക്രൂരത.



**സുകുമാരൻ | തൃശൂർ**
കൊല്ലപ്പെട്ടത്: 2000 ജൂൺ 7

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ കണ്ടശ്ശേരി പഞ്ചായത്ത് ശാഖ മുഖ്യശിക്ഷക്. ഗൾഫിൽ കുറേനാൾ ചീഫ് അക്കൗണ്ടന്റായി തൊഴിൽ നോക്കിയിരുന്നു. കൊല്ലപ്പെടുന്നതിനു രണ്ടുവർഷം മുമ്പ് നാട്ടിൽ തിരിച്ചെത്തി സ്ഥിരതാമസമാക്കി. പലചരക്കു സാധനങ്ങൾ വാങ്ങാൻ പോകുമ്പോൾ മാർക്സിസ്റ്റ് അക്രമികൾ തടഞ്ഞു നിർത്തി ക്രൂരമായി മർദ്ദിച്ചു. പിന്നെ കത്തികൊണ്ട് കുത്തിക്കൊന്നു.

**ചന്ദ്രൻ | കണ്ണൂർ**
കൊല്ലപ്പെട്ടത്: 2000 ഡിസംബർ 3

കൂത്തുപറമ്പിലെ ബിജെപി പ്രവർത്തകൻ. രാഷ്ട്രീയ വൈരാഗ്യം മൂലം മാർക്സിസ്റ്റുകാർ കൊലപ്പെടുത്തി. ഒരു കൊലപാതക പരമ്പരയുടെ ആരംഭമായിരുന്നു ചന്ദ്രന്റെ വധം.

**ചന്ദ്രാംഗദൻ | കണ്ണൂർ**
കൊല്ലപ്പെട്ടത്: 2000 ഡിസംബർ 4

കൂത്തുപറമ്പിലെ ബിജെപി പ്രവർത്തകൻ. മാർക്സിസ്റ്റ് അക്രമികൾ കുത്തി കൊലപ്പെടുത്തി.

**ബിജു | കണ്ണൂർ**
കൊല്ലപ്പെട്ടത്: 2000 ഡിസംബർ 5

കൂത്തുപറമ്പിലെ ബിജെപി പ്രവർത്തകൻ. മാർക്സിസ്റ്റ് അക്രമികൾ ക്രൂരമായി വെട്ടിക്കൊന്നു. തുടർച്ചയായ മൂന്നാം നാളിലും മാർക്സിസ്റ്റുകാർ കൊലപാതകം നടത്തി. മൂന്ന് ദിവസങ്ങളിലായി മൂന്ന് കൊലപാതകം.

**പ്രശാന്ത് തൈക്കണ്ടി | കണ്ണൂർ**
കൊല്ലപ്പെട്ടത്: 2001 ജനുവരി 2

പാനൂരിലെ ബിജെപി പ്രവർത്തകൻ. രാഷ്ട്രീയ വൈരാഗ്യം മൂലം മാർക്സിസ്റ്റ് അക്രമികൾ കൊലചെയ്തു.

**രാജേഷ് കൊങ്കച്ചി | കണ്ണൂർ**
കൊല്ലപ്പെട്ടത്: 2001 ഏപ്രിൽ 3

പാനൂരിലെ ആർഎസ്എസ് പ്രവർത്തകൻ. മാർക്സിസ്റ്റ് ക്രൂരതയുടെ മറ്റൊരു ഭീകരമുഖമാണ് രാജേഷിന്റെ കൊലപാതകത്തിലൂടെ വെളിച്ചത്തുവന്നത്. അമ്മൂമ്മയുടെ ശവദാഹ ചടങ്ങിൽ സംബന്ധിച്ച് മടങ്ങിവരികയായിരുന്ന രാജേഷിനെ മാർക്സിസ്റ്റുകാർ ബോംബെറിഞ്ഞ് വീഴ്ത്തി. അതിഗുരുതരമായി പരിക്കേറ്റ രാജേഷിനെ ആശുപത്രിയിൽ എത്തിക്കാൻ ചിലർ മുന്നോട്ടുവന്നെങ്കിലും മാർക്സിസ്റ്റ് കൊലയാളികൾ തടസ്സം നിന്നു. ഒടുക്കം കൂടുതൽ ആളുകളെത്തി, ആശുപത്രിയിൽ കൊണ്ടുപോകാൻ എടുക്കുമ്പോഴേക്കും രാജേഷ് മരിച്ചിരുന്നു.



**പ്രസാദ് | തൃശൂർ**
കൊല്ലപ്പെട്ടത്: 2002 ഏപ്രിൽ 14

ബിജെപിയുടെ നിയോജകമണ്ഡലം ഓഫീസ് സെക്രട്ടറി. വിഷുദിവസം അതിരാവിലെ മാർക്സിസ്റ്റുകാർ ആക്രമിച്ച് കൊലപ്പെടുത്തി. ചാവക്കാടിനു അടുത്തുള്ള ഇരട്ടപ്പുഴയിലായിരുന്നു സംഭവം.



**ഉത്തമൻ | കണ്ണൂർ**
കൊല്ലപ്പെട്ടത്: 2002 മെയ് 22

ചാവശ്ശേരി ആർഎസ്എസ് ശാഖ അംഗം.ബസ് ഡ്രൈവർ. സാമൂഹികരംഗത്തുള്ള ഉത്തമന്റെ പ്രവർത്തനങ്ങൾ ജനശ്രദ്ധ ആകർഷിച്ചിരുന്നു. ജനങ്ങൾ സംഘപ്രസ്ഥാനങ്ങളോടും താല്പര്യം കാണിച്ചു. ഇത് മാർക്സിസ്റ്റുകളുടെ അപ്രീതിക്ക് കാരണമായി. അവർ ഉത്തമൻ ഓടിച്ചിരുന്ന ബസ് ബോംബെറിഞ്ഞ് തകർത്ത് അദ്ദേഹത്തെ വണ്ടിയിൽനിന്നു വലിച്ചിറക്കി വെട്ടിക്കൊന്നു.

*2016 ഒക്ടോബർ മാസം ഉത്തമന്റെ മകൻ രമിത്തിനേയും മാർക്സിസ്റ്റുകാർ കൊലചെയ്തു.*



**അമ്മു അമ്മ | കണ്ണൂർ**
കൊല്ലപ്പെട്ടത്:2002 മെയ് 23

അമ്മാളു അമ്മ എന്ന അമ്മു അമ്മ ഇരിട്ടി സ്വദേശിയായിരുന്നു. ഉത്തമന്റെ ശവസംസ്കാര ചടങ്ങിൽ പങ്കെടുത്ത് ജീപ്പിൽ മടങ്ങി വരുമ്പോൾ മാർക്സിസ്റ്റുകാർ ബോംബെറിഞ്ഞ് ജീപ്പ് ആക്രമിച്ചു. അമ്മു അമ്മയും ജീപ്പ് ഡ്രൈവർ ജസീല മൻസിൽ ഷിഹാബും സംഭവസ്ഥലത്തുവച്ച് തന്നെ കൊല്ലപ്പെട്ടു. മറ്റുള്ളവർക്കു ഗുരുതരമായ പരിക്കുകളേറ്റു.



**രാജേഷ് | കൊല്ലം**
കൊല്ലപ്പെട്ടത്: 2002 ജൂൺ 9

പുനലൂരിലെ ബിജെപി പ്രവർത്തകൻ. ഓട്ടോ ഡ്രൈവർ. നേതാജി റോഡിലെ ശിവൻകോവിലിനു അടുത്തുവച്ച് മാർക്സിസ്റ്റ് ഗുണ്ടകൾ ബോംബെറിഞ്ഞ് കൊന്നു.



**ഷാജി | കണ്ണൂർ**
കൊല്ലപ്പെട്ടത്: 2002 നവംബർ 17

മുൻ സിപിഎം അനുഭാവിയായിരുന്നു പൊറ്റക്കാടൻ ഷാജി, ദേശീയ ആശയങ്ങളിൽ ആകൃഷ്ടനായി സംഘത്തിന്റെ കൂത്തുപറമ്പ് ശാഖയിൽ അംഗമായി. അദ്ദേഹത്തിന്റെ സജീവ പ്രവർത്തങ്ങളുടെ ഫലമായി ധാരാളം മാർക്സിസ്റ്റ് അനുകൂലികൾ സംഘപക്ഷത്തേക്കു വന്നു. ഇത് മാർക്സിസ്റ്റുകാരെ പ്രകോപിപ്പിച്ചു. ഷാജിയുടെ മാതാപിതാക്കൾ അപ്പോഴും കമ്മ്യൂണിസ്റ്റുകളായിരുന്നിട്ടു കൂടി, അവർ അദ്ദേഹത്തെ കൊലപ്പെടുത്തി.

**ദാമോദരൻ | കാസർഗോഡ്**
കൊല്ലപ്പെട്ടത്: 2003 ജൂൺ 23

സ്വയംസേവകൻ. ഭാരതീയ പോസ്റ്റൽ സംഘ് ഭാരവാഹി. കാഞ്ഞങ്ങാടിലെ പുല്ലൂർ പോസ്റ്റോഫീസിലെ പോസ്റ്റ് മാസ്റ്റർ ആയിരുന്നു. മാർക്സിസ്റ്റ് അക്രമികൾ കൊല ചെയ്തു.

# മാറാട്: കൃത്യമായ ആസൂത്രണത്തോടെ ജിഹാദികൾ നടത്തിയ ഭീകരാക്രമണം.



**2002** ജനുവരി രണ്ടിനു ബിജെപി പ്രവർത്തകരായ ഷിംജിത്ത്, കുഞ്ഞുമോൻ നാരായണൻ എന്നിവരെ, മുസ്ലിംലീഗ് പ്രവർത്തകരുടെ സഹായത്തോടെ, എൻഡിഎഫിന്റെ നേതൃത്വത്തിലുള്ള ഇസ്ലാമിക മതമൗലികവാദികൾ കൊലപ്പെടുത്തിയശേഷം കോഴിക്കോട് ജില്ലയിലെ മാറാടിൽ സംഘർഷം നിലനിന്നിരുന്നു. 2003 മെയ് രണ്ടോടെ ജിഹാദി അക്രമം വീണ്ടും തലപൊക്കി. അന്നേ ദിവസം രാത്രിയുടെ മറവിൽ നൂറോളം ഇസ്ലാമിക തീവ്രവാദികൾ മാറാട് കടപ്പുറത്ത് ബോട്ടിൽ എത്തി. മാറാട് ജുമാമസ്ജിദിനു അടുത്തുള്ള ഒരു വീട്ടിൽ വാൾ, വടിവാൾ, ജെലാറ്റിൻ നിറച്ച കോള ടിന്നുകൾ എന്നിവയുമായി മറ്റൊരു സംഘം ആക്രമണത്തിനു സജ്ജമായി.

ഒരുദിവസത്തെ കഠിനാധ്വാനത്തിനു ശേഷം, മൽസ്യബന്ധന തൊഴിലാളികളായ കുറച്ചു ബിജെപി പ്രവർത്തകർ മാറാട് കടപ്പുറത്തിരുന്ന് വർത്തമാനം പറയുന്നുണ്ടായിരുന്നു. മുൻകൂട്ടി നിശ്ചയിച്ച പ്രകാരം ഇസ്ലാമിക ജിഹാദികൾ നാലുഭാഗത്തുനിന്നും ഓടിയെത്തി ബിജെപി പ്രവർത്തകരെ വളഞ്ഞിട്ട്, തലങ്ങും വിലങ്ങും വെട്ടി.

**ചന്ദ്രൻ, ദാസൻ, ഗോപാലൻ, കൃഷ്ണൻ, മാധവൻ, പ്രജീഷ്, പുഷ്പരാജ്, സന്തോഷ്** എന്നിവർ ബലിദാനികളായി. ഇവരുടെ ശരീരാവയവങ്ങൾ വെട്ടേറ്റ് അറ്റുതൂങ്ങിയ നിലയിലായിരുന്നു. രഹസ്യഭാഗങ്ങൾ ചൂഴ്ന്നെടുക്കപ്പെട്ടു. കൊല നടത്തിയ ശേഷം ജിഹാദികൾ കടപ്പുറത്തുള്ള ജുമാമസ്ജിദിലേക്കു രക്ഷപ്പെട്ടു.

നിരവധി പേർക്കു ജീവഹാനി സംഭവിക്കുമെന്ന് ഉറപ്പുവരുത്താൻ ജിഹാദികൾ കുറേ ബോംബുകൾ എറിഞ്ഞിരുന്നു. പക്ഷേ അവയൊന്നും ഭാഗ്യവശാൽ പൊട്ടിയില്ല. മാറാട് ജു

മാ മസ്ജിദിൽ നിന്ന് വാൾ, കത്തി, ബോംബ് എന്നിവയുടെ വലിയ ശേഖരം കണ്ടെടുത്തു. വൻകലാപമാണ് ജിഹാദികൾ ആസൂത്രണം ചെയ്തിരുന്നതെന്ന് പോലീസ് കണക്കുകൂട്ടി. അതോടെ പോലീസ് അധികാരികൾ മസ്ജിദ് പൂട്ടി മുദ്രവച്ചു.

കേരളത്തിൽ ശക്തിപ്രാപിക്കുന്ന മതമൗലികവാദത്തിന്റെ പ്രകട സൂചനയായിരുന്നു മാറാട് കൂട്ടക്കൊല. എന്നാൽ അന്വേഷണ ഏജൻസികൾ ഇതിനെ ഗൗരവപൂർവ്വം സമീപിച്ചില്ല. പതിനേഴ് ശക്തിയേറിയ ബോംബുകൾ പിടിച്ചെടുത്തിട്ടും പോലീസ് മെല്ലെപ്പോക്ക് നയം സ്വീകരിച്ചു. ഒരു മുൻപോലീസ് കമ്മീഷണറുടെ അഭിപ്രായം ശ്രദ്ധേയമായിരുന്നു. 'സുസംഘടിതമായ ചട്ടക്കൂടുള്ള ഒരു സംഘടനയാണ് ഈ കൂട്ടക്കൊല നടത്തിയത്. വെറും പത്തുമിനിറ്റിനുള്ളിൽ പൂർത്തിയാകത്തക്ക വിധം ആസൂത്രണം ചെയ്ത ചടുലമായ ഓപ്പറേഷൻ. ഒരു പ്രത്യേക മതസമൂഹമാണ് ഇതിനു പിന്നിലുള്ളത്.'

കൂട്ടക്കൊല നടന്ന് രണ്ടുദിവസത്തിനു ശേഷം ഒരു പ്രാദേശിക ജുമാമസ്ജിദിൽ നിന്ന് സ്ഫോടകവസ്തുക്കളും ആയുധശേഖരവും പോലീസ് പിടിച്ചെടുത്തു. കേരള ക്രൈം ബ്രാഞ്ചിന്റെ പ്രത്യേക അന്വേഷണസംഘം കൂട്ടക്കൊല നടത്തിയവരെന്ന് സംശയിക്കപ്പെട്ട 147 പേർക്കെതിരെ കേസ് ചാർജ്ജ് ചെയ്തു. (മാറാട് കമ്മീഷന്റെ റിപ്പോർട്ട് അനുസരിച്ച്, കോഴിക്കോട് പോലീസ് കമ്മീഷണർ തയ്യാറാക്കിയ നോട്സ് പ്രകാരം, ബിജെപി പ്രവർത്തകരെ കൂട്ടക്കൊ




ലചെയ്ത പ്രതികളെ മസ്ജിദിനുള്ളിൽ കയറി അറസ്റ്റ് ചെയ്യുന്നതിനു തടസം സൃഷ്ടിച്ചുകൊണ്ട്, നൂറുകണക്കിനു മുസ്ലിം സ്ത്രീകൾ മസ്ജിദിന്റെ കവാടത്തിലും അങ്കണത്തിലും തിങ്ങിനിറഞ്ഞിരുന്നു).

അന്വേഷണം നീതിപൂർവമാകില്ലെന്ന ശങ്കയിൽ ജുഡീഷ്യൽ അന്വേഷണത്തിനുള്ള ആവശ്യം ശക്തമായി. കനത്ത സമ്മർദ്ദം മൂലം, എ.കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള യുഡിഎഫ് ഗവണ്മെന്റ്, തോമസ് പി ജോസഫിനെ (District and Sessions Judge) അംഗമാക്കി അന്വേഷണ കമ്മീഷന് രൂപംകൊടുത്തു. 2006 ഫെബ്രുവരിയിൽ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു. 2006 സെപ്തംബറിൽ എൽഡിഎഫ് മന്ത്രിസഭ പ്രസ്തുത റിപ്പോർട്ട് നിയമസഭയിൽ വച്ചു.





**ജയചന്ദ്രൻ | കാസർഗോഡ്**

കൊല്ലപ്പെട്ടത്: 2003 സെപ്തംബർ 8


രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ മണിക്കോത്ത് ശാഖ മുഖ്യശിക്ഷക്. ഓണത്തിന്റെ തലേദിവസം പുന്നയ്ക്കൽ ഭഗവതി ക്ഷേത്രത്തിനടുത്ത് വച്ച് കൊല്ലപ്പെട്ടു.



**മണികണ്ഠൻ | തൃശൂർ**

കൊല്ലപ്പെട്ടത്: 2004 ജൂൺ 15

ഗുരുവായൂരിൽ ഭാരതീയ ജനത യുവമോർച്ചയുടെ ജനറൽ സെക്രട്ടറി. എൻഡിഎഫ് പിന്തുണയുള്ള ഇസ്ലാമിക മതമൗലികവാദികൾ പെരിയമ്പലത്ത് വച്ച് കൊലപ്പെടുത്തി. മണികണ്ഠനെ കൊലപ്പെടുത്തിയ പ്രതികളിൽ ഒരാൾ കുപ്രസിദ്ധമായ അനുജ കൊലക്കേസിൽ ഉൾപ്പെട്ടിരുന്നെന്ന് ആരോപണമുണ്ട്. ഇസ്ലാമിലേക്കു മതംമാറ്റപ്പെട്ട അനുജയെ, തല മൊട്ടയടിച്ച്, തൂങ്ങിമരിച്ച നിലയിലാണ് കണ്ടെത്തിയത്. ക്രൂരമായ കൊലപാതകമാണെന്നതിനു സാഹചര്യത്തെളിവുകൾ ഏറെയായിരുന്നു.



**മുരുകൻ | ആലപ്പുഴ**

കൊല്ലപ്പെട്ടത്: 2004 ജൂലൈ 3


ബിജെപിയുടെ കറുകയിൽവാർഡ് പ്രസിഡന്റ്. പാർട്ടി പരിപാടി കഴിഞ്ഞ് രാത്രിയിൽ വീട്ടിലേക്കു മടങ്ങിവരുമ്പോൾ മാർക്സിസ്റ്റ് അക്രമികൾ കുത്തി കൊലപ്പെടുത്തി.



**ഉദയൻ | തൃശൂർ**

കൊല്ലപ്പെട്ടത്: 2004 നവംബർ 17

വാടാനപ്പിള്ളിയിലെ ബിജെപി അംഗം. ഓട്ടോ ഡ്രൈവർ. എൻഡിഎഫിന്റെ നേതൃത്വത്തിലുള്ള ഇസ്ലാമിക മതമൗലികവാദികൾ ആക്രമിച്ചു കൊലപ്പെടുത്തി. കൊല്ലപ്പെടുന്നതിനു ഏതാനും ദിവസങ്ങൾ മുമ്പായിരുന്നു ഉദയന്റെ കല്യാണനിശ്ചയം.



**രാജൻ | കോഴിക്കോട്**

കൊല്ലപ്പെട്ടത്: 2005 ഫെബ്രുവരി 1


ബിജെപി പ്രവർത്തകൻ. പെയിന്റിങ് തൊഴിലാളി. നാദാപുരം അരൂരിലുള്ള രാജന്റെ വീട്, ഡിസംബർ 8-ന് നട്ടുച്ചയ്ക്ക് മാർക്സിസ്റ്റ് ഗുണ്ടകൾ ആക്രമിച്ചു. അദ്ദേഹത്തെ മാരകമായി വെട്ടിപ്പരിക്കേൽപ്പിച്ചു. നീണ്ടകാലത്തെ ചികിത്സയ്ക്കു ശേഷം, ഫെബ്രുവരി ഒന്നിന് ദിവംഗതനായി.



**ബിജി | ആലപ്പുഴ**

കൊല്ലപ്പെട്ടത്: 2005 ജൂൺ 12

ആര്യാട് മേഖലയിലെ ബിജെപി പ്രവർത്തകൻ. മാർക്സിസ്റ്റ് അക്രമികൾ അർദ്ധരാത്രിയിൽ വീടാക്രമിച്ച് ബിജിയെ വധിച്ചു. ബിജിയുടെ വീടിനു നേരെ ഒരുമാസത്തിനുള്ളിൽ നടന്ന മൂന്നാമത്തെ ആക്രമണമായിരുന്നു അത്.




**സി. ബിംബി | കോട്ടയം**

കൊല്ലപ്പെട്ടത്: 1996 ഒക്ടോബർ 20

എബിവിപി പ്രവർത്തകൻ. ചങ്ങനാശ്ശേരി സ്വദേശി. പുതുപ്പള്ളി ഐഎച്ച്ആർഡി കോളേജിൽ കമ്പ്യൂട്ടർ സയൻസ് ഗ്രാജ്വേഷൻ വിദ്യാർത്ഥി. സംഭവ ദിവസം ക്ലാസ് കഴിഞ്ഞ് ബിംബി ചങ്ങനാശ്ശേരിയിലേക്കു ബസിൽ പോവുകയായിരുന്നു. അന്നേദിവസം ചങ്ങനാശ്ശേരി എൻഎസ്എസ് കോളേജിൽ ഇടതുപക്ഷ വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തകരും എബിവിപിക്കാരും തമ്മിൽ നിസാര അടിപിടി നടന്നിരുന്നു. ഇതിന്റെ തുടർച്ചയെന്നോണം സിഐടിയു അക്രമികൾ ബിംബിയെ മർദ്ദിച്ചു. ബിംബി ഈ സംഘർഷവുമായി ഒരുതരത്തിലും ബന്ധമുള്ള ആളല്ല എന്നത് അക്രമികൾ കണക്കിലെടുത്തില്ല. അവർ ഒരു ഇരുമ്പുവടി കൊണ്ട് ബിംബിയുടെ തലയ്ക്കടിച്ചു. വീട്ടിൽ എത്തിയ ബിംബി തലവേദനയെ തുടർന്ന് ബോധരഹിതനായി.

ഈ ദാരുണസംഭവം നടന്നത് ഒക്ടോബർ 16ന് ആയിരുന്നു. അടിയേറ്റ് ബിംബിയുടെ തലച്ചോറിൽ രക്തസ്രാവമുണ്ടാവുകയും അദ്ദേഹം കോമയിലേക്കു വഴുതുകയും ചെയ്തു. ഒക്ടോബർ 20നു ദേഹം വെടിഞ്ഞു.



**സൂരജ് | കണ്ണൂർ**

കൊല്ലപ്പെട്ടത്:2005 ആഗസ്ത് 7

മുൻ സിപിഐഎം അംഗം. 2002ൽ ആർഎസ്എസിൽ ചേർന്നു. സൂരജിന്റേയും മറ്റും പ്രവർത്തനഫലമായി മുഴുപ്പിലങ്ങാടിൽ ധാരാളം മാർക്സിസ്റ്റ് അനുഭാവികൾ ബിജെപിയിൽ അംഗമായി. പ്രദേശത്ത് സ്വാധീനം കുറയുന്നുണ്ടെന്നു മനസ്സിലാക്കിയ മാർക്സിസ്റ്റുകാർ 2004ൽ സൂരജിനെ മാരകമായി വെട്ടിപ്പരിക്കേൽപ്പിച്ചു. ഇതിൽനിന്നു മുക്തനായി സുഖപ്പെട്ടു വരികയായിരുന്ന സൂരജിനെ മാർക്സിസ്റ്റുകാർ വീണ്ടും ആക്രമിച്ചു. ഇത്തവണ അദ്ദേഹം മരണത്തിനു കീഴടങ്ങി.



**പ്രേമൻ | കണ്ണൂർ**

കൊല്ലപ്പെട്ടത്: 2005 നവംബർ 27

ബിജെപിയുടെ മുഴിക്കര ബൂത്ത് കമ്മറ്റി പ്രസിഡന്റ്. ഒക്ടോബർ 13ന് മുഴിക്കര ചന്തയിൽവച്ച് മാർക്സിസ്റ്റ് ഗുണ്ടകൾ ആക്രമിച്ച് ഗുരുതരമായി പരിക്കേൽപ്പിച്ചു. ചികിത്സയ്ക്കിടയിൽ നവംബർ 27ന് ദേഹം വെടിഞ്ഞു.

ഭയമെന്ന വികാരം ഒട്ടുമില്ലാത്ത വ്യക്തിത്വമായിരുന്നു പ്രേമന്റേത്. കൊല്ലപ്പെടുന്നതിനു മുമ്പ് അഞ്ചുതവണ അദ്ദേഹത്തിനു നേരെ വധശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നിട്ടും തരിമ്പും പതറാതെ അദ്ദേഹം പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോവുകയായിരുന്നു.



**സത്യേഷ് | തൃശൂർ**

കൊല്ലപ്പെട്ടത്: 2006 ജനുവരി 3

ബിജെപി കൊടുങ്ങല്ലൂർ മുനിസിപ്പൽ സെക്രട്ടറി. കൊടുങ്ങല്ലൂർ ഭാഗത്ത് ബിജെപിയുടെ അടിത്തറ കെട്ടിപ്പൊക്കിയതിൽ സത്യേഷ് പ്രമുഖ പങ്ക് വഹിച്ചു. ജില്ലയിൽ ബിജെപിയുടെ പ്രമുഖനേതാവായിരുന്നു. ജനുവരി മൂന്നിന് പട്ടാപ്പകൽ കൊല ചെയ്യപ്പെട്ടു.

കൊലപാതകത്തിനു മുമ്പ് നടന്ന മുനിസിപ്പാലിറ്റി ഇലക്ഷനിൽ, കോതപറമ്പ് വാർഡിൽ സിപിഎമ്മിനെ തോൽപ്പിച്ച് ബിജെപി വിജയിച്ചിരുന്നു. ഇതിൽ പകപൂണ്ട മാർക്സിസ്റ്റുകാർ സത്യേഷിനെ വെട്ടിക്കൊലപ്പെടുത്തുകയായിരുന്നു.



**സുനിൽകുമാർ | തിരുവനന്തപുരം**

കൊല്ലപ്പെട്ടത്: 2006 നവംബർ 9

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ തിരുവനന്തപുരം ജില്ലാ സേവാപ്രമുഖ്. ന്യൂസ്പേപ്പർ ഏജന്റ്. ന്യൂസ്പേപ്പർ കെട്ടുകൾ എടുക്കുന്നതിനു എല്ലാ ദിവസവും സുനിൽകുമാർ കിളിമാനൂരിൽ പോകുമായിരുന്നു. അത്തരമൊരു സന്ദർഭത്തിൽ, എൻഡിഎഫിന്റെ നേതൃത്വത്തിലുള്ള ഇസ്ലാമിക മതമൗലികവാദികൾ അദ്ദേഹത്തെ ആക്രമിച്ചുകൊന്നു. സുനിൽകുമാറിന്റെ മരണാനന്തര ചടങ്ങുകളിൽ പങ്കെടുക്കാനെത്തിയ ആയിരക്കണക്കിനു ജനങ്ങൾ, അദ്ദേഹത്തിന്റെ ജനസമ്മതിക്കു തെളിവായിരുന്നു.

**ബിജു | തിരുവനന്തപുരം**

കൊല്ലപ്പെട്ടത്: 2006 ഡിസംബർ 1

വട്ടിയൂർക്കാവ് മണ്ഡലത്തിലെ ബിജെപി പ്രവർത്തകൻ. ഒരു രക്തദാന സംരംഭത്തിൽ പങ്കെടുത്തശേഷം തിരിച്ചുവരുമ്പോൾ മാർക്സിസ്റ്റ് ആക്രമികൾ തടഞ്ഞു നിർത്തി മർദ്ദിച്ചു. ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും രക്ഷിക്കാനായില്ല.



**പി.എസ് സുജിത് | തൃശൂർ**

കൊല്ലപ്പെട്ടത്: 2006 ഡിസംബർ 17

ബിജെപിയുടെ സജീവ പ്രവർത്തകൻ. ഏങ്ങണ്ടിയൂർ കേന്ദ്രമായി പ്രവർത്തിച്ചു. രാഷ്ട്രീയ വ്യത്യാസത്തിന്റെ പേരിൽ മാർക്സിസ്റ്റ് ഗുണ്ടകൾ കൊലപ്പെടുത്തി.



**രവി | മലപ്പുറം**

കൊല്ലപ്പെട്ടത്: 2007 ജനുവരി 20

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ തിരുനാവായ ഖണ്ഡ് കാര്യവാഹ്. രാത്രിയിൽ വീട്ടിലേക്കു പോകുമ്പോൾ, പിന്നാലെ ബൈക്കിലെത്തിയ, എൻഡിഎഫിന്റെ നേതൃത്വത്തിലുള്ള ഇസ്ലാമിക മതമൗലികവാദികൾ വെട്ടിക്കൊലപ്പെടുത്തി.



**ഷാജു | തൃശൂർ**

കൊല്ലപ്പെട്ടത്: 2007 ഫെബ്രുവരി 12

ബിഎംഎസ് കൊടകര ഏരിയ ജോയിന്റ് സെക്രട്ടറി. കല്ലേറ്റുംകരയിലുള്ള കേരളാ ഫീഡ്സ് സ്ഥാപനത്തിലെ ഗോഡൗൺ തൊഴിലാളി. ജോലിക്കു കയറാനായി യൂണിഫോം ധരിക്കുമ്പോൾ, കമ്യൂണിസ്റ്റ് ഗുണ്ടകൾ മുറിയിൽ കയറി ആക്രമിച്ചു. സ്ഥലത്തുവച്ച് തന്നെ അദ്ദേഹം മരിച്ചു.



**അഡ്വ. വൽസരാജ കുറുപ്പ് | കണ്ണൂർ**

കൊല്ലപ്പെട്ടത്: 2007 മാർച്ച് 5

ബിജെപിയുടെ പെരിങ്ങളം മണ്ഡലം കമ്മറ്റി അംഗം. തലശ്ശേരി ബാറിലെ അഭിഭാഷകൻ. ഒരു രാത്രിയിൽ മാർക്സിസ്റ്റ് അക്രമികൾ ഒരു കേസിന്റെ കാര്യം സംസാരിക്കാനെന്ന വ്യാജേന അദ്ദേഹത്തെ സമീപിച്ചു. സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ അവർ പെട്ടെന്ന് വൽസരാജ കുറുപ്പിനെ ആക്രമിക്കാൻ തുടങ്ങി. ശരീരത്തിൽ നിരവധി വെട്ടുകളേറ്റ് അദ്ദേഹം മരണമടഞ്ഞു.




**ലക്ഷ്മണൻ | മലപ്പുറം**

കൊല്ലപ്പെട്ടത്: 2007 മാർച്ച് 16

ആർഎസ്എസ് പ്രവർത്തകൻ. താനൂർ ഒട്ടുങ്ങലിൽ കടയുടമ. എൻഡിഎഫിന്റെ നേതൃത്വത്തിലുള്ള ഇസ്ലാമിക മതമൗലികവാദികൾ രണ്ടു ബൈക്കുകളിലെത്തി ലക്ഷ്മണനെ, കടയുടെ മുന്നിൽവച്ച്, ആക്രമിച്ച് കൊലപ്പെടുത്തി.

ചുരുങ്ങിയ കാലത്തിനുള്ളിൽ ഇസ്ലാമിക ഗുണ്ടകൾ മലപ്പുറത്ത്നടത്തിയ രണ്ടാമത്തെ കൊലപാതകമായിരുന്നു ലക്ഷ്മണന്റേത്.



**ചന്ദ്രൻ | ആലപ്പുഴ**

കൊല്ലപ്പെട്ടത്: 2007 ഏപ്രിൽ 20

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ ചാരുംമൂട് താലൂക്ക് കാര്യവാഹ് ആയിരുന്നു വള്ളിക്കുന്നം കടവിനാൽ നെടിയത്ത് ചൈത്രംവീട്ടിൽ ചന്ദ്രൻ. 2007 ഏപ്രിലിൽ ആലപ്പുഴയിൽ ഉണ്ടായ സംഘർഷത്തിൽ, നിരവധി സ്വയംസേവകരുടെ വീടുകൾ ആക്രമിക്കപ്പെട്ടു. നാശനഷ്ടങ്ങൾ വിലയിരുത്താനെത്തിയ ചന്ദ്രനെ മാർക്സിസ്റ്റുകാർ ആക്രമിച്ചു. വടിവാൾകൊണ്ടുള്ള വെട്ടേറ്റ് അദ്ദേഹം മരിച്ചു.

ചന്ദ്രന്റെ അംഗഭംഗം വന്ന, ചേതനയറ്റ ശരീരം കണ്ടയുടൻ അദ്ദേഹത്തിന്റെ അമ്മ കുഴഞ്ഞുവീണു. നാലുദിവസത്തിനുശേഷം അവർ ദിവംഗതയായി.

**പ്രമോദ് | കണ്ണൂർ**

കൊല്ലപ്പെട്ടത്: 2007 ആഗസ്ത് 16

തലശ്ശേരിയിലെ ബിജെപി പ്രവർത്തകൻ. കാരണമൊന്നുമില്ലാതെ കമ്യൂണിസ്റ്റ് ഗുണ്ടകൾ നടത്തിയ കൊലപാതകമായിരുന്നു പ്രമോദിന്റേത്. കുറേക്കാലമായി സമാധാനപരമായിരുന്ന തലശ്ശേരിയിലെ സാഹചര്യം വഷളാക്കാൻ, ക്ഷുദ്രശക്തികൾ ഇല്ലാക്കഥകൾ മെനഞ്ഞെടുത്ത് പ്രചരിപ്പിക്കുകയായിരുന്നു. ഇതിന്റെ ഫലമായി അവർ പ്രമോദിനെ കൊലപ്പെടുത്തി.

**സുനിൽ | തൃശൂർ**

കൊല്ലപ്പെട്ടത്: 2007 ഒക്ടോബർ 22

കൊടുങ്ങല്ലൂരിലെ ബിജെപി പ്രവർത്തകൻ. കമ്യൂണിസ്റ്റ് ഗുണ്ടകൾ കൊല ചെയ്തു.

# കെ.ടി. ജയകൃഷ്ണൻ മാസ്റ്റർ വധം: മനഃസാക്ഷിയെ മരവിപ്പിക്കുന്ന പെഷവാർ മോഡൽ ആക്രമണം



**കെ.ടി. ജയകൃഷ്ണൻ മാസ്റ്റർ | കണ്ണൂർ**
കൊല്ലപ്പെട്ടത്: 1999 ഡിസംബർ 1

**കൂ**ത്തുപറമ്പിനു അടുത്തുള്ള മൊകേരി ഈസ്റ്റ് യുപി സ്കൂളിലെ അധ്യാപകനായിരുന്നു കെ.ടി. ജയകൃഷ്ണൻ മാസ്റ്റർ. ഭാരതീയ ജനത യുവ മോർച്ചയുടെ സംസ്ഥാന വൈസ് പ്രസിഡന്റ്. 1999 ഡിസംബർ ഒന്നാം തിയതി രാവിലെ പത്തരയ്ക്ക് ജയകൃഷ്ണൻ മാസ്റ്റർ ആറാം ക്ലാസിലെ കുട്ടികൾക്കു ക്ലാസ് എടുത്തു കൊണ്ടിരിക്കുകയായിരുന്നു. ഇതിനിടയിൽ മാസ്റ്ററുടെ ബോഡിഗാർഡ് എവിടേക്കോ അപ്രത്യക്ഷനായി. (കമ്മ്യൂണിസ്റ്റ് ക്രിമിനലുകളിൽ നിന്നുള്ള ഭീഷണിമൂലം സംസ്ഥാന സർക്കാർ അദ്ദേഹത്തിന് അംഗരക്ഷകനെ ഏർപ്പാടാക്കിയിരുന്നു). നിമിഷത്തിനകം ഏഴ് മാർക്സിസ്റ്റ് അക്രമികൾ ക്ലാസ്മുറിയിൽ അതിക്രമിച്ചു കയറി, കുട്ടികളോടു ശബ്ദമുണ്ടാക്കരുതെന്നും അനങ്ങരുതെന്നും ഭീഷണിപ്പെടുത്തി. ക്ലാസ്മുറിയിൽനിന്ന് പുറത്തേക്കുള്ള എല്ലാ വഴികളും അടച്ച്, അക്രമികൾ വാളും വടിവാളും പുറത്തെടുത്ത് ജയകൃഷ്ണൻ മാസ്റ്ററെ തലങ്ങും വിലങ്ങും വെട്ടി. മാസ്റ്റർ ബോധരഹിതനായി നിലം പതിച്ചിട്ടും മാർക്സിസ്റ്റ് അക്രമികൾ വെട്ടുന്നത് തുടർന്നു. നാല്പത്തെട്ടോളം വെട്ടുകൾ ശരീരത്തിൽ ഏറ്റു. അഞ്ചുമിനിറ്റിനകം ജയകൃഷ്ണൻ മാസ്റ്റർ മരിച്ചു.

മാസ്റ്ററുടെ മരണം ഉറപ്പാക്കിയ ശേഷം, മാർക്സിസ്റ്റ് കൊലയാളികളിൽ ഒരാൾ ക്ലാസ്മുറിയുടെ ബോർഡിൽ ദൃക്സാക്ഷികളായ കുട്ടികൾക്കു താക്കീതിന്റെ സ്വരത്തിൽ മുന്നറിയിപ്പ് എഴുതി. കേസന്വേഷണത്തിൽ സഹകരിക്കുന്ന കുട്ടികൾക്കും അദ്ധ്യാപകർക്കും, ജയകൃഷ്ണൻ മാസ്റ്ററുടെ ഗതി വരുമെന്നായിരുന്നു അക്രമികളുടെ താക്കീത്. പിന്നെയവർ ചോരപറ്റിയ വാളുകളും പ്രദർശിപ്പിച്ച് പൊതുനിരത്തിലൂടെ നടന്നുപോയി.


കേരളത്തിലെ രാഷ്ട്രീയ കൊലപാതകങ്ങളിൽ ഏറ്റവും ദാരുണമായ ഒന്നായിരുന്നു ജയകൃഷ്ണൻ മാസ്റ്ററുടെ കൊല. പതിനൊന്ന് വയസ്സ് മാത്രം പ്രായമുള്ള കുട്ടികൾക്കു മുന്നിൽവച്ചായിരുന്നു സംഭവം നടന്നത്. മനോവികാസത്തിലും സ്വഭാവരൂപീകരണത്തിലും നിർണായക സ്വാധീനം ചെലുത്തുന്ന, ആ പ്രായത്തിൽ കാണേണ്ടി വന്ന രക്തരൂഷിത കൊലപാതകം കുട്ടികളുടെ കുഞ്ഞുമനസ്സിന് കനത്ത ആഘാതമായിരുന്നു. ബാല്യത്തിലേറ്റ മാനസികാഘാതം ഒഴിവാക്കാൻ കുട്ടികളെ ചിട്ടയായ കൗൺസലിങ്ങിനു വിധേയമാക്കേണ്ടി വന്നു. കൊല്ലങ്ങളോളം നീണ്ട കൗൺസലിങ് സെഷനുകളാണ് പലർക്കും വേണ്ടിവന്നത്.

മാർക്സിസ്റ്റുകാർക്കു ഉൾക്കൊള്ളാനാകാത്ത ഒരു പ്രത്യയശാസ്ത്രത്തിൽ അടിയുറച്ചു പ്രവർത്തിച്ചു എന്നതാണ് ജയകൃഷ്ണൻ മാസ്റ്റർ ചെയ്ത കുറ്റം. മാസ്റ്റർക്ക് ലഭിച്ചുവന്നിരുന്ന ജനസമ്മതിയും കൊലയ്ക്ക് പ്രേരണയായി.

1996-ലാണ് ബിജെപിയുടെ കണ്ണൂർ ജില്ലാ സെക്രട്ടറിയായ പന്ന്യന്നൂർ ചന്ദ്രനെ, ഭാര്യയുടെ മുന്നിൽ വച്ച് മാർക്സിസ്റ്റ് അക്രമികൾ കൊലപ്പെടുത്തുന്നത്. അതിനുശേഷം ബിജെപി കണ്ണൂരിൽ വലിയ പ്രതിസന്ധി നേരിട്ടെങ്കിലും, പാർട്ടിയെ മുന്നോട്ടുനയിക്കുകയെന്ന ഉത്തരവാദിത്തം ജയകൃഷ്ണൻ മാസ്റ്റർ ഏറ്റെടുത്തു. അദ്ദേഹം ആ ചുമതല ഭംഗിയായി നിറവേറ്റുകയും ചെയ്തു. പതിനാല് മുഴുവൻ സമയ പ്രവർത്തകരുടെ സഹായവും ഇക്കാര്യത്തിൽ അദ്ദേഹത്തിന് ലഭിച്ചു. ഇതോടെ ബിജെപി പ്രവർത്തനങ്ങൾ കണ്ണൂരിൽ നന്നായി മുന്നേറുകയും ജയകൃഷ്ണൻ മാസ്റ്റർക്ക് ജനസമ്മതി ലഭിക്കുകയും ചെയ്തു. മാർക്സിസ്റ്റ് കൊലയാളികളുടെ അടുത്ത ലക്ഷ്യമായി അദ്ദേഹം മാറി. പലപ്പോഴും മാർക്സിസ്റ്റ് പ്രാദേശിക നേതാക്കൾ തങ്ങളുടെ അടുത്ത ഇരയെ വകവരുത്തുമെന്ന ഭീഷണികളും കണ്ണൂരിൽ മുഴക്കിയിരുന്നു. ഇതെല്ലാം ജയകൃഷ്ണൻ മാസ്റ്ററുടെ വധത്തിൽ കലാശിച്ചു.

**വിനോദ് കുമാർ | തിരുവനന്തപുരം**
കൊല്ലപ്പെട്ടത്: 2007 നവംബർ 2

മണലയത്തെ ആർഎസ്എസ് പ്രവർത്തകൻ. മോട്ടോർ സൈക്കിളിൽ വന്ന, ഇസ്ലാമിക മതമൗലികവാദികളെന്നു കരുതപ്പെടുന്ന, നാലുപേർ വിനോദിനെ അടിച്ചുവീഴ്ത്തി. രക്ഷപ്പെടാനായി ഓടിയ വിനോദിനെ ചടയമംഗലത്തെ മണലയം ജംഗ്ഷൻവരെ അക്രമികൾ പിന്തുടർന്നു. അവിടെവച്ച് വിനോദിനു വീണ്ടും മർദ്ദനമേറ്റു. ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.



**വിനോദ് | ആലപ്പുഴ**
കൊല്ലപ്പെട്ടത്: 2007 ഡിസംബർ 23

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ വള്ളിക്കുന്നം മണ്ഡലം ശാരീരിക് ശിക്ഷൺ പ്രമുഖ്. ബൈക്കിൽ വീട്ടിലേക്കു വരുമ്പോൾ എൻഡിഎഫ് നേതൃത്വത്തിലുള്ള ഇസ്ലാമിസ്റ്റ് ഗുണ്ടകൾ ആക്രമണ ഉദ്ദേശത്തോടെ പിന്നാലെയെത്തി. അവരിൽനിന്നു രക്ഷപ്പെടാൻ അടുത്തുള്ള വീട്ടിലേക്കു വിനോദ് ഓടിക്കയറിയെങ്കിലും, അക്രമികൾ വീട്ടിൽനിന്നു വലിച്ചിറക്കി, മുറ്റത്തിട്ടു വെട്ടിക്കൊന്നു.



**നിഖിൽ | കണ്ണൂർ**
കൊല്ലപ്പെട്ടത്: 2008 മാർച്ച് 5

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ തലശ്ശേരി താലൂക്ക് ശാരീരിക് ശിക്ഷൺ പ്രമുഖ് ആയിരുന്ന സുമേഷിനു നേരെയുണ്ടായ വധശ്രമത്തിനു ശേഷം, മാർക്സിസ്റ്റുകാരുടെ നേതൃത്വത്തിൽ വലിയ അക്രമപരമ്പര കണ്ണൂരിൽ അരങ്ങേറി. അതിൽ കൊല്ലപ്പെട്ട ബിജെപി പ്രവർത്തകനാണ് നിഖിൽ. ട്രക്ക് ക്ലീനർ ആയിരുന്ന നിഖിലിനെ ട്രക്കിൽനിന്നു വലിച്ചിറക്കി വെട്ടുകയായിരുന്നു. കുടുംബത്തിലെ വരുമാനമുള്ള ഏകവ്യക്തി അങ്ങിനെ ഇല്ലാതായി.

2007-ലെ ശിവരാത്രി ദിനത്തിൽ സേവാനിധി ശേഖരണം കഴിഞ്ഞ് വീട്ടിലേക്കു പോകുമ്പോഴാണ് സുമേഷിനു നേരെ ആക്രമണമുണ്ടായത്. അദ്ദേഹത്തിന്റെ കൈപ്പത്തി വെട്ടിമാറ്റുകയും മുഖം ആയുധമുപയോഗിച്ച് കൊത്തിനുറുക്കുകയും ചെയ്തു. കാരണമൊന്നുമില്ലാതെ പട്ടാപ്പകൽ നടന്ന ഈ ആക്രമണത്തിനു ശേഷം കണ്ണൂരിൽ മാർക്സിസ്റ്റ് ഗുണ്ടകൾ അഴിഞ്ഞാടി. രണ്ട് ദിവസത്തിനുള്ളിൽ അഞ്ച് ബിജെപി, ആർഎസ്എസ് പ്രവർത്തകർ ബലിദാനികളായി.



**സത്യൻ | കണ്ണൂർ**
കൊല്ലപ്പെട്ടത്: 2008 മാർച്ച് 5

സുമേഷ് ആക്രമിക്കപ്പെട്ട ശേഷം മാർക്സിസ്റ്റുകാർ കൊലപ്പെടുത്തിയ ബിജെപി പ്രവർത്തകൻ. തട്ടിക്കൊണ്ടുപോയി വാഹനത്തിൽ വച്ച് മാർക്സിസ്റ്റ് രീതിയിൽ മണിക്കൂറുകളോളം പീഡിപ്പിച്ച ശേഷം സത്യനെ കൊലപ്പെടുത്തി. അക്രമികൾ താലിബാൻ മോഡലിൽ അദ്ദേഹത്തിന്റെ ശിരസ്സ് വെട്ടിമാറ്റി.




**മഹേഷ് | കണ്ണൂർ**
കൊല്ലപ്പെട്ടത്: 2008 മാർച്ച് 6

നിഖിലിനും സത്യനും ശേഷം വധിക്കപ്പെട്ട മൂന്നാമത്തെ ബിജെപി പ്രവർത്തകൻ. മിതഭാഷിയും സൗഹൃദ മനോഭാവവുമുള്ള മഹേഷിനു മാർക്സിസ്റ്റ് അനുഭാവികളുമായും അടുപ്പമുണ്ടായിരുന്നു. അത്തരം ചില സുഹൃത്തുക്കൾ കുശലപ്രശ്നം നടത്താനെന്ന വ്യാജേന മഹേഷിന്റെ വീട്ടിലെത്തി, അദ്ദേഹത്തെ പുറത്തേക്ക് വിളിച്ചു. മഹേഷ് പുറത്തിറങ്ങിയ ഉടൻ, ചെന്നായ്ക്കളെ പോലെ അവർ അദ്ദേഹത്തിനുമേൽ ചാടിവീണ് കൊലചെയ്തു.



**സുരേഷ് ബാബു | കണ്ണൂർ**
കൊല്ലപ്പെട്ടത്: 2008 മാർച്ച് 7

സുമേഷ് ആക്രമിക്കപ്പെട്ട ശേഷം കൊല്ലപ്പെട്ട നാലാമത്തെ ബിജെപി പ്രവർത്തകൻ. തലശ്ശേരി സ്വദേശി. സുരേഷിന്റെ വീട്ടിൽ അതിക്രമിച്ചുകയറി നാശനഷ്ടങ്ങൾ വരുത്തിയ ശേഷം, അദ്ദേഹത്തെ മുറ്റത്തേക്കു വലിച്ചിഴച്ചുകൊണ്ടുപോയി വെട്ടിക്കൊലപ്പെടുത്തി.



**സുരേന്ദ്രൻ | കണ്ണൂർ**
കൊല്ലപ്പെട്ടത്: 2008 മാർച്ച് 7

രണ്ടുദിവസത്തിനുള്ളിൽ കൊല്ലപ്പെടുന്ന അഞ്ചാമത്തെ ബിജെപി പ്രവർത്തകൻ. സുരേന്ദ്രന് 62 വയസ്സായിരുന്നു. അസുഖബാധിതനായി കിടപ്പിലായിരുന്നിട്ടും മാർക്സിസ്റ്റുകാർ കൊലചെയ്തു. സുരേന്ദ്രന്റെ അദ്ദേഹത്തിന്റെ കൊലപാതകത്തിനുശേഷം മാർക്സിസ്റ്റുകാരുടെ നരഹത്യക്കെതിരെ ദേശീയതലത്തിൽ വൻപ്രതിഷേധം ഉയർന്നു. ഇതുമൂലം കൊലപാതക പരമ്പര തുടരാൻ അവർക്കായില്ല.




**സന്ദീപ് | കാസർഗോഡ്**
കൊല്ലപ്പെട്ടത്: 2008 ഏപ്രിൽ 14

ബിജെപി പ്രവർത്തകൻ. വിഷു ദിവസം വൈകുന്നേരം ഇസ്ലാമിക മതമൗലികവാദികൾ കൊല ചെയ്തു. നെല്ലിക്കുന്ന് ബീച്ച്റോഡിൽ വച്ചായിരുന്നു സംഭവം.



**രമേഷ് | തൃശൂർ**
കൊല്ലപ്പെട്ടത്: 2008 ഏപ്രിൽ 9

ബിജെപി പ്രവർത്തകൻ. തളിക്കുളത്തുവച്ച് കമ്മ്യൂണിസ്റ്റ്, ജിഹാദി കൂട്ടുകെട്ടിന്റെ ഗുണ്ടാസംഘം കുത്തിക്കൊന്നു. ആക്രമണത്തിൽ സഹോദരൻ രാജേഷിനും മാരകമായി പരിക്കേറ്റു.



**അഡ്വ. സുഹാസ് | കാസർഗോഡ്**
കൊല്ലപ്പെട്ടത്: 2008 ഏപ്രിൽ 16

ബിഎംഎസ് ജില്ലാ വൈസ് പ്രസിഡന്റ്. സന്ദീപിന്റെ കൊലപാതകത്തെ തുടർന്ന് പൊട്ടിപ്പുറപ്പെട്ട അക്രമത്തിൽ സുഹാസിന്റെ ഓഫീസ് തകർക്കപ്പെട്ടു. അദ്ദേഹം വധിക്കപ്പെടുകയും ചെയ്തു.

അയോധ്യ പ്രക്ഷോഭകാലത്ത്, സുഹാസിന്റെ അച്ഛൻ അഡ്വ. മഞ്ചപ്പയെ ഇസ്ലാമിക മതമൗലികവാദികൾ ക്രൂരമായി ആക്രമിച്ചിരുന്നു.

**സുരേഷ് | പാലക്കാട്**
കൊല്ലപ്പെട്ടത്: 2008 മെയ് 9

കല്ലണ്ടിച്ചെല്ല പ്രദേശത്തെ ബിജെപി പ്രവർത്തകൻ. ചിറ്റൂർ മണ്ഡലത്തിൽ പെടുന്ന കൊഴിഞ്ഞമ്പാറ ക്ഷേത്രത്തിലെ ഉൽസവ പരിപാടി

കൾ അലങ്കോലമാക്കാൻ വന്ന മാർക്സിസ്റ്റ് ഗുണ്ടാസംഘത്തെ സുരേഷ് ചോദ്യം ചെയ്തു. ഇതിൽ പ്രകോപിതരായി മാർക്സിസ്റ്റ് സംഘം അദ്ദേഹത്തെ കൊല ചെയ്തു.



**അറുച്ചാമി | പാലക്കാട്**

കൊല്ലപ്പെട്ടത്: 2008 ജൂലൈ 21

മലമ്പുഴയിലെ ബിജെപിയുടെ പ്രാദേശികനേതാവ്. പാർട്ടി സമ്മേളനം കഴിഞ്ഞ് വീട്ടിലേക്കു പോകുമ്പോൾ മാർക്സിസ്റ്റ് ഗുണ്ടകൾ ആക്രമിച്ചു. ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും രക്ഷിക്കാനായില്ല.

**ബൈജു | തൃശൂർ**

കൊല്ലപ്പെട്ടത്: 2008 ആഗസ്ത് 21

പാവറട്ടിയിൽ ബിജെപിയുടെ പ്രാദേശിക നേതാവ്. ടാക്സി ഡ്രൈവർ. ആഗസ്ത് 21-നു രാത്രിയിൽ പെട്രോൾപമ്പിൽവച്ച് കാറിൽ ഡീസൽ അടിക്കുമ്പോൾ എൻഡിഎഫ് പിന്തുണയുള്ള ഇസ്ലാമിക മതമൗലികവാദികൾ ആക്രമിച്ച് പരിക്കേൽപ്പിച്ചു. ഏതാനും മണിക്കൂറുകൾക്കു ശേഷം ആശുപത്രിയിൽ അന്തരിച്ചു.



**അനൂപ് | കണ്ണൂർ**

കൊല്ലപ്പെട്ടത്: 2008 ഒക്ടോബർ 11

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ സജീവ പ്രവർത്തകൻ. സുഹൃത്തിന്റെ വീട്ടിൽനിന്നു മടങ്ങിവരുമ്പോൾ തലശ്ശേരിയിൽ വച്ച് മാർക്സിസ്റ്റ് കൊലയാളികൾ ആക്രമിച്ചു. ബോംബേറിൽ അനൂപ് സംഭവസ്ഥലത്ത് വച്ചുതന്നെ മരിച്ചു.


വിജയദശമി ആഘോഷങ്ങൾ പൂർവാധികം ഭംഗിയിൽ നടന്നുവരികയായിരുന്നു. ആർഎസ്എസിന്റെ പഥസഞ്ചലനംഭംഗിയായി കഴിഞ്ഞു. മാർക്സിസ്റ്റുകാർ പ്രതീക്ഷിച്ചതിലും കൂടുതൽപേർ പഥസഞ്ചലനം കാണാൻ തടിച്ചുകൂടി. അനൂപിന്റെ കൊലയ്ക്ക് ഇതെല്ലാം പ്രേരകഘടകങ്ങളായിരുന്നു.



**രഞ്ജിത്ത് | തിരുവനന്തപുരം**

കൊല്ലപ്പെട്ടത്: 2008 ഒക്ടോബർ 17

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ മണ്ണന്തല മണ്ഡലം ശാരീരിക് ശിക്ഷൺ പ്രമുഖ്. പച്ചക്കറിക്കട ഉടമ. ഒക്ടോബർ 17ന് അതിരാവിലെ കട തുറക്കുമ്പോൾ മാർക്സിസ്റ്റ് അക്രമികൾ വെട്ടിക്കൊലപ്പെടുത്തി. ശരീരം തിരിച്ചറിയാൻ കഴിയാത്തവിധം അംഗഭംഗം വരുത്തി.



**വിനോദ് | തൃശൂർ**

കൊല്ലപ്പെട്ടത്: 2008 നവംബർ 19

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ മുൻ മണ്ഡൽ കാര്യവാഹ് ആയിരുന്നു തിരുനെല്ലൂർ അറയ്ക്കൽ വിനോദ്. മാർക്സിസ്റ്റ്-ഇസ്ലാമിസ്റ്റ് ഗുണ്ടകൾ പാവറട്ടിയിലെ പടൂർ കൈതമുക്കിൽവെച്ച് വെട്ടിക്കൊന്നു. വിനോദ് സംഭവസ്ഥലത്തുവച്ച് തന്നെ മരിച്ചു. വിനോദ് സഞ്ചരിച്ച മോട്ടോർ സൈക്കിളിൽ കൊലയാളികൾ മനപ്പൂർവ്വം കാർ ഇടിപ്പിച്ചിരുന്നു. ഇടിയുടെ ആഘാതത്തിൽ നിലത്തുവീണ വിനോദ് അക്രമികളെ കണ്ട് ഓടി. എന്നാൽ അക്രമികൾ പിന്തുടർന്ന് ചെന്നു വെട്ടി.

**സിജു | കണ്ണൂർ**

കൊല്ലപ്പെട്ടത്: 2009 മാർച്ച് 10

തനൂരിലെ മലൂർ പഞ്ചായത്തിലെ ആർഎസ്എസ് പ്രവർത്തകൻ. രാഷ്ട്രീയ വൈരാഗ്യത്താൽ മാർക്സിസ്റ്റ് അക്രമികൾ കൊലപ്പെടുത്തി.

**വിനയൻ | കണ്ണൂർ**

കൊല്ലപ്പെട്ടത്: 2009 മാർച്ച് 12

ആർഎസ്എസ് പ്രവർത്തകൻ. ചുമട്ടുതൊഴിലാളി. ജോലി കഴിഞ്ഞ് കടത്തിണ്ണയിൽ വിശ്രമിക്കുമ്പോൾ മാർക്സിസ്റ്റ് ഗുണ്ടകൾ ആക്രമിച്ചു. തലശ്ശേരി ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.



**സജിത്ത് | കണ്ണൂർ**

കൊല്ലപ്പെട്ടത്: 2009 ഏപ്രിൽ 27

മട്ടന്നൂരിലെ ബിജെപി പ്രവർത്തകൻ. മുൻ സിപിഎം അംഗം. സ്വകാര്യബസ് ഡ്രൈവർ. കൊല്ലപ്പെടുന്നതിന് രണ്ടുവർഷം മുമ്പാണ് സജിത്ത് ബിജെപിയിൽ ചേർന്നത്. സംഭവദിവസം രാത്രിയിൽ ഒരു കല്യാണവീട്ടിൽ പോയി, ബിജെപി പ്രവർത്തകനായ ബിജുവിനോടൊപ്പം, മടങ്ങിവരുമ്പോൾ മാർക്സിസ്റ്റ് ഗുണ്ടകൾ ഇരുവരേയും ആക്രമിച്ചു. മാരകമായ വെട്ടുകളേറ്റ സജിത്ത് രക്തം വാർന്ന് മരിച്ചു. ബിജു ഗുരുതരമായ പരുക്കുകളോടെ രക്ഷപ്പെട്ടു.



**വിനിൽ. വി | തൃശൂർ**

കൊല്ലപ്പെട്ടത്: 2010 മെയ് 3

വാടാനപ്പിള്ളിയിലെ ബിജെപി പ്രവർത്തകൻ. ചാവക്കാട്ട് വച്ച് മാർക്സിസ്റ്റ് ഗുണ്ടകൾ ആക്രമിച്ച് കൊലപ്പെടുത്തി.

**രാജേഷ് | കണ്ണൂർ**

കൊല്ലപ്പെട്ടത്: 2010 ആഗസ്ത് 10

പാനൂരിലെ ബിജെപി പ്രവർത്തകൻ. ആയുധധാരികളായ മാർക്സിസ്റ്റ് കൊലയാളികൾ ആക്രമിച്ചു. കുന്നോത്ത്പറമ്പിൽ വച്ചാണ് സംഭവം. ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല..



**രതീഷ് | പാലക്കാട്**

കൊല്ലപ്പെട്ടത്: 2010 ഡിസംബർ 2


രാഷ്ട്രീയ സ്വയംസേവകസംഘത്തിന്റെ കഞ്ചിക്കോട് ശാഖ കാര്യവാഹ്. ബസിൽ സഞ്ചരിക്കുമ്പോൾ കഞ്ചിക്കോടിൽവച്ച് മാർക്സിസ്റ്റ് ഗുണ്ടകളാൽ ആക്രമിക്കപ്പെട്ടു. മാരകമായി പരിക്കേറ്റ രതീഷ് ബലിദാനിയായി.



**മനോജ് | കോഴിക്കോട്**

കൊല്ലപ്പെട്ടത്: 2012 ഫെബ്രുവരി 12


ഭാരതീയ മസ്ദൂർ സംഘത്തിന്റെ പയ്യോളി മേഖല സെക്രട്ടറിയായിരുന്നു മനോജ്. ഇരുപതോളം വരുന്ന കമ്മ്യൂണിസ്റ്റുകാർ വെട്ടി കൊലപ്പെടുത്തി. മനോജിന്റെ വീട്ടിൽ വച്ച് രാത്രി 9.30യ്ക്കാണ് കൊല നടന്നത്. മനോജ് രക്ഷപ്പെടുന്നില്ലെന്ന് ഉറപ്പാക്കാൻ അക്രമികൾ വീടിന്റെ വാതിൽക്കൽ വരെ കാവൽനിന്നിരുന്നു. ഭാര്യയുടേയും മക്കളുടെയും മുന്നിൽവച്ച് മാരകമായി വെട്ടേറ്റ മനോജ്, പിറ്റേദിവസം രാവിലെ മരണത്തിനു കീഴടങ്ങി.



## ഷിംജിത്ത്, കുഞ്ഞുമോൻ നാരായണൻ | കോഴിക്കോട്

കൊല്ലപ്പെട്ടത്: 2002 ജനുവരി 2

മാറാടിലെ ആർഎസ്എസ് പ്രവർത്തകർ. മാറാട് കൂട്ടക്കൊലയ്ക്കു മുമ്പ് ഇരുവരേയും ഇസ്ലാമിക മതമൗലികവാദികൾ കൊലപ്പെടുത്തി. 2001 ഡിസംബർ 6നു ശേഷം പ്രദേശത്ത് നിലനിന്നിരുന്ന സംഘർഷത്തിന്റെ ഭാഗമായി ഇസ്ലാമിക മതമൗലികവാദികൾ ബിജെപി, ആർഎസ്എസ് പ്രവർത്തകരുടെ വീടുകളും വള്ളങ്ങളും തീവച്ചു നശിപ്പിച്ചു. തുടർന്നു നടന്ന അക്രമങ്ങളിൽ ഷിംജിത്തും കുഞ്ഞുമോനും കൊല്ലപ്പെടുകയായിരുന്നു.





## സുജീഷ്, സുനിൽ | കണ്ണൂർ

കൊല്ലപ്പെട്ടത്: 2002 മാർച്ച് 2

തലശ്ശേരി മേലൂരിലെ സജീവ ആർഎസ്എസ് പ്രവർത്തകർ. ഇരുവരും മുമ്പ് സിപിഎം അംഗങ്ങളായിരുന്നു. സംഘപക്ഷത്തേക്കു ഇവർ മാറിയതിനെ തുടർന്ന്, വേറേയും മാർക്സിസ്റ്റ് അണികൾ ബിജെപിയിൽ ചേർന്നു. ഇത് മാർക്സിസ്റ്റുകാരെ പ്രകോപിപ്പിച്ചു. അവർ അർദ്ധരാത്രിയിൽ വീടാക്രമിച്ച്, ഉറങ്ങുകയായിരുന്ന ഇരുവരേയും മഴു, കുറുവടി എന്നിവ ഉപയോഗിച്ച് വകവരുത്തി. സുനിലിന്റെ മൃതശരീരം നെല്പാടത്തെ ചെളിയിൽ ചവിട്ടിത്താഴ്ത്തുകയും ചെയ്തു.





### ഷാരോൺ | തൃശൂർ

കൊല്ലപ്പെട്ടത്: 2012 ജനുവരി 19

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ മുല്ലശ്ശേരി ശാഖ കാര്യവാഹ്. ഷാരോൺ ജനങ്ങൾക്കിടയിൽ പൊതുസമ്മതനും തിളക്കമാർന്ന വ്യക്തിത്വത്തിനുടമയുമായിരുന്നു. അദ്ദേഹത്തെ വധിക്കാൻ കാരണങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. എന്നിട്ടും വെറും രാഷ്ട്രീയവൈരാഗ്യം മൂലം ഇരുട്ടിന്റെ മറവിൽ കമ്മ്യൂണിസ്റ്റ് ഗുണ്ടകൾ ഷാരോണിനെ ആക്രമിച്ചു. മാരകമായി വെട്ടേറ്റ അദ്ദേഹം പിറ്റേന്ന് ആശുപത്രിയിൽ മരിച്ചു.

### വിനുമോൻ | തിരുവനന്തപുരം

കൊല്ലപ്പെട്ടത്: 2013 സെപ്തംബർ 6

പൂജപ്പുര തമലം ശാഖയിലെ പ്രവർത്തകൻ. വീട്ടിലേക്കു പോകുമ്പോൾ നാലംഗ സംഘം പതുങ്ങിയിരുന്ന് ആക്രമിച്ചു. ഘനമുള്ള ആയുധത്താൽ മർദ്ദനമേറ്റ വിനുമോൻ, സംഭവസ്ഥലത്തു വച്ച് തന്നെ മരണമടഞ്ഞു.



### വിനോദ് കുമാർ | കണ്ണൂർ

കൊല്ലപ്പെട്ടത്: 2013 ഡിസംബർ 2

ആർഎസ്എസ് ശാഖാ കാര്യവാഹ്. ഫോട്ടോഗ്രാഫർ. സൗമ്യപ്രകൃതിയായ വിനോദിനെ എല്ലാവരും ഇഷ്ടപ്പെട്ടിരുന്നു. ജയകൃഷ്ണൻ മാസ്റ്റർ അനുസ്മരണത്തിൽ പങ്കെടുക്കാൻ വിനോദ് മറ്റു സ്വയംസേവകർക്കൊപ്പം പോവുകയായിരുന്നു. വഴിമധ്യേ ആയുധധാരികളായ മാർക്സിസ്റ്റ് ഗുണ്ടകൾ വാഹനം തടഞ്ഞു നിർത്തി അക്രമം അഴിച്ചുവിട്ടു. വടിവാളും നാടൻബോംബും ഉപയോഗിച്ചുള്ള ആക്രമണത്തിൽ നിരവധി സ്വയംസേവകർക്കു ഗുരുതരമായി പരിക്കേറ്റു. വിനോദിനെ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും വൈകുന്നേരം മരണമടഞ്ഞു.



### അനൂപ് | കോഴിക്കോട്

കൊല്ലപ്പെട്ടത്: 2013 ഡിസംബർ 19

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ കുറ്റ്യാടി ശാഖ മുഖ്യശിക്ഷക്. അനധികൃത പാറ ഖനനത്തിനെതിരെ നടപടിയെടുത്ത്, പശ്ചിമഘട്ടത്തിലെ പരിസ്ഥിതി സംരക്ഷിക്കാനുള്ള പ്രക്ഷോഭത്തിന്റെ മുൻനിരയിൽ അനൂപ് ഉണ്ടായിരുന്നു. കമ്മ്യൂണിസ്റ്റ് നേതാക്കളും അനധികൃത ക്വാറി മാഫിയയും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ട് പരസ്യമായ രഹസ്യമായിരുന്നു. ഒരുദിവസം പ്രക്ഷോഭം നയിക്കുമ്പോൾ, കമ്മ്യൂണിസ്റ്റ് ഗുണ്ടകൾ പ്രദേശമാകെ വളഞ്ഞ് അക്രമം അഴിച്ചുവിട്ടു. നാടൻ ബോംബ് പൊട്ടി നിരവധി പേർക്കു പരിക്കേറ്റു. മാരകമായി പരിക്കേറ്റിരുന്ന അനൂപ് ബലിദാനിയായി.


### രാജൻ പിള്ള | കൊല്ലം

കൊല്ലപ്പെട്ടത്: 2014 ജൂൺ 1

ബിജെപി പ്രവർത്തകൻ. കൊട്ടാരക്കര പ്ലാപ്പള്ളി ജംഗ്ഷനിലെ ചെറിയ ചായക്കടയായിരുന്നു ഉപജീവന മാർഗം. നരേന്ദ്രമോദി പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ദിവസം മാർക്സിസ്റ്റ് ഗുണ്ടകൾ

## സുമേഷ്, പീതാംബരൻ | ആലപ്പുഴ

കൊല്ലപ്പെട്ടത്: 2002 മാർച്ച് 15

മാരാരിക്കുളത്തെ ആർഎസ്എസ് പ്രവർത്തകർ. കൃസ്ത്യൻ മതമൗലികവാദികളാണ് ഇരുവരേയും കൊലപ്പെടുത്തിയത്. സമാനതയില്ലാത്ത ക്രൂരതയാണ് അക്രമികൾ കാണിച്ചത്. വീട്ടിൽ അതിക്രമിച്ചു കയറി ഇരുവരേയും പുറത്തേക്കു വലിച്ചിഴച്ചു കൊണ്ടുപോയ ശേഷം, കാലുകൾ വെട്ടിമാറ്റി. ഇവരുടെ ശരീരം കടലിൽ കൊണ്ടുപോയി തള്ളി. നീന്താനാകാതെ സുമേഷും പീതാംബരനും കടലിൽ മുങ്ങിമരിച്ചു. പീതാംബരന്റെ മൃതശരീരം ഒരിക്കലും കണ്ടുകിട്ടിയില്ല. മാരാരിക്കുളം തൈക്കൽ ബീച്ചിലാണ് സംഭവം നടന്നത്.

ഹിന്ദുക്കളുടെ വീടുകൾക്കു നേരെ കൃസ്ത്യൻ മതമൗലികവാദികൾ അന്ന് കുറേ ആക്രമണങ്ങൾ നടത്തിയിരുന്നു. പ്രദേശത്തു സ്ഥാപിച്ചിരുന്ന ശ്രീനാരായണ ഗുരുദേവന്റെ പ്രതിമയ്ക്കും അവർ കേടുകൾ വരുത്തി.

രാജൻപിള്ളയെ കഠിനമായി മർദ്ദിച്ചിരുന്നു. ആശുപത്രിയിൽ ചികിൽസിച്ചെങ്കിലും ഒരാഴ്ചയ്ക്കുശേഷം മരണത്തിനു കീഴടങ്ങി.

നരേന്ദ്രമോദിയുടെ സത്യപ്രതിജ്ഞാചടങ്ങിനോടനുബന്ധിച്ച് പ്ലാപ്പള്ളി ജംഗ്ഷൻ ബിജെപിയുടെ കൊടിതോരണങ്ങളാൽ അലങ്കരിച്ചിരുന്നു. രാജൻപിള്ളയുടെ ചായക്കടയിലും ബിജെപിയുടെ കൊടി നാട്ടി. ഒരു കൂട്ടം സാമൂഹികവിരുദ്ധർ ആ കൊടികൾ നശിപ്പിക്കുകയും, കൊടിനാട്ടാൻ സമ്മതിച്ചതിന്റെ പേരിൽ രാജൻപിള്ളയെ മർദ്ദിക്കുകയും ചെയ്തു.

മർദ്ദകരിൽ രാജൻപിള്ളയുടെ ബന്ധുക്കളും ഉൾപ്പെട്ടിരുന്നു. മരിക്കുന്നതിനു ഏതാനും മണിക്കൂറുകൾ മുമ്പ് അദ്ദേഹം നൽകിയ മൊഴിയിൽ ഇക്കാര്യം എടുത്തുപറയുന്നുണ്ട്. ബന്ധുക്കളെ കൂടാതെ അക്രമിസംഘത്തിൽ ഉണ്ടായിരുന്നത് മാർക്സിസ്റ്റ് പ്രവർത്തകരായിരുന്നു. മരണമൊഴി അനുസരിച്ച്, പതാക നാട്ടി ബിജെപിയെ പ്രോൽസാഹിപ്പിച്ചതായിരുന്നു മർദ്ദനത്തിനു കാരണം.



## സുരേഷ് | കണ്ണൂർ

കൊല്ലപ്പെട്ടത്: 2014 ആഗസ്ത് 27

കൂത്തുപറമ്പിലെ ബിഎംഎസ് പ്രവർത്തകൻ. ടാക്സി ഡ്രൈവർ. ആഗസ്ത് 17-ന് ടാക്സി ഓട്ടത്തിനു വിളിച്ചുകൊണ്ടു പോയി, വഴിമദ്ധ്യെ മാർക്സിസ്റ്റ് കൊലയാളികൾ ആക്രമിച്ചു. അഞ്ചുപേരടങ്ങുന്ന സംഘത്തിന്റെ കയ്യിൽ വാളുകളും ഇരുമ്പുദണ്ഡുകളും ഉണ്ടായിരുന്നു. തലയ്ക്കേറ്റ മാരകപ്രഹരത്തിൽ സുരേഷിന്റെ തലയിൽ രക്തം കട്ടപിടിച്ചു. ബോധം നശിച്ച് അദ്ദേഹം കോമയിലേക്കു വഴുതി. 10 ദിവസത്തിനു ശേഷം ആഗസ്ത് 27നു മരിച്ചു.



## കെ.കെ. രാജൻ | കണ്ണൂർ

കൊല്ലപ്പെട്ടത്: 2015 ഫെബ്രുവരി 14

പയ്യന്നൂരിലെ ബിജെപി പ്രവർത്തകൻ. കെ.ടി ജയകൃഷ്ണൻ മാസ്റ്റർ ബലിദാന ദിവസത്തോടനുബന്ധിച്ച്, ബിജെപി ജില്ലാ കമ്മറ്റി പയ്യന്നൂരിൽ സംഘടിപ്പിച്ച ജനശക്തി സംഗമത്തിൽ പങ്കെടുത്ത ശേഷം, മറ്റു ബിജെപി പ്രവർത്തകരോടൊപ്പം ജീപ്പിൽ തിരിച്ചുവരികയായിരുന്നു. (ബലിദാനി സി.എൻ. വിനോദ്കുമാറിന്റെ ആദ്യത്തെ സ്മരണദിനവും അന്നുതന്നെയായിരുന്നു). തളിപ്പറമ്പിനടുത്തുള്ള ആലക്കോടിൽ വച്ച്, ജീപ്പിനു നേരെയുണ്ടായ കനത്ത കല്ലേറിൽ രാജന്റെ തലയ്ക്കു ഗുരുതരമായ പരിക്കേറ്റു. പരിയാരം മെഡിക്കൽ കോളേജിൽ എത്തിച്ച ശേഷം നടത്തിയ പരിശോധനയിൽ തലച്ചോറിന് ഗുരുതരപരിക്കേറ്റതായി തെളിഞ്ഞു. അദ്ദേഹത്തിന്റെ ശരീരത്തിന്റെ ഒരുഭാഗം തളർന്നു. മരണത്തോടു മല്ലിട്ട്, മൂന്നു മാസം ആശുപത്രി കഴിഞ്ഞശേഷം 2015 ഫെബ്രുവരി 14നു മരിച്ചു.



## അഭിലാഷ് | തൃശൂർ

കൊല്ലപ്പെട്ടത്: 2015 ആഗസ്ത് 28

ബിജെപിയുടെ കൊടകര വാസുപുരം ബൂത്ത് സെക്രട്ടറി. 2015ലെ ഓണം നാളിൽ കമ്മ്യൂണിസ്റ്റ് ഗുണ്ടകൾ വെട്ടിപ്പരിക്കേൽപ്പിച്ചു. ഉടൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. അഭിലാഷിനൊപ്പമുണ്ടായിരുന്ന സതീഷ് എന്ന ബിജെപി പ്രവർത്തകനും മാരകമായി പരിക്കേറ്റിരുന്നു.



## സുജിത് | കണ്ണൂർ

കൊല്ലപ്പെട്ടത്: 2016 ഫെബ്രുവരി 16

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ പാപ്പിനിശ്ശേരി മണ്ഡൽ കാര്യവാഹ്. അരോളി ആസാദ് കോളനിയിലുള്ള സുജിത്തിന്റെ വീട് പത്തോളം വരുന്ന മാർക്സിസ്റ്റ് ഗുണ്ടകൾ ആക്രമിച്ചു. മാതാപി



## ടി. അശ്വിനികുമാർ കണ്ണൂർ

കൊല്ലപ്പെട്ടത്: 2005 മാർച്ച് 10

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ കണ്ണൂർ ജില്ലാ ബൗദ്ധിക് പ്രമുഖ്. ഇരിട്ടിയിലെ പ്രഗതി പാരലൽ കോളേജിൽ അദ്ധ്യാപകൻ. പുരാണങ്ങളിലും മറ്റും ആഴത്തിൽ അറിവുള്ള പ്രഗത്ഭ പ്രഭാഷകൻ. ബസിൽ സഞ്ചരിക്കുമ്പോൾ എൻഡിഎഫിന്റെ നേതൃത്വത്തിലുള്ള ഇസ്ലാമിക മതമൗലികവാദികൾ കൊലപ്പെടുത്തി. ബോംബെറിഞ്ഞ് ബസ് നിർത്തിച്ച ശേഷം, അശ്വിനികുമാറിനെ ബസിൽനിന്നു വലിച്ചിറക്കി വെട്ടുകയായിരുന്നു. മുഖം തിരിച്ചറിയാനാകാത്ത വിധം വെട്ടിനുറുക്കി. അശ്വിനികുമാറിന്റെ മരണാനന്തര ചടങ്ങുകളിൽ ആയിരക്കണക്കിനു ജനങ്ങൾ പങ്കെടുത്തു.

## ഷിനോജ്, വിജിത്ത് | കണ്ണൂർ

കൊല്ലപ്പെട്ടത്: 2010 മെയ് 28



വിജിത്ത് ബിജെപിയുടെ മാഹി വാർഡ് കമ്മറ്റി പ്രസിഡന്റും, ഷിനോജ് സെക്രട്ടറിയും ആയിരുന്നു. സംഘപ്രവർത്തനങ്ങളിൽ ഇവർ വളരെ സജീവമായിരുന്നു. സംഭവദിവസം, മാഹി ടൗൺ ഏരിയയിൽവച്ച് ഇരുവരും സഞ്ചരിച്ച ബൈക്കിനു നേരെ മാർക്സിസ്റ്റ് കൊലയാളികൾ ബോംബെറിഞ്ഞു. ബൈക്കിൽ നിന്നു തെറിച്ചുവീണ ഇരുവരേയും അക്രമികൾ വെട്ടിക്കൊലപ്പെടുത്തി. പ്രത്യേകിച്ച് രാഷ്ട്രീയ ആഭിമുഖ്യമൊന്നും ഇല്ലാത്ത സുജിത് എന്ന പ്രദേശവാസി, ഈ അക്രമത്തിനു ദൃക്സാക്ഷിയായിരുന്നു. രക്തരൂഷിതമായ കൊലപാതകം നേരിട്ടു കണ്ടതിന്റെ ഞെട്ടലിൽ അദ്ദേഹം ഹൃദയാഘാതം വന്നു മരിച്ചു.

## വിശാൽകുമാർ | ആലപ്പുഴ

കൊല്ലപ്പെട്ടത്: 2012 ജൂലൈ 17



ബിഎസ്സി ഇലക്ട്രോണിക്സ് വിദ്യാർത്ഥി. എബിവിപി ചെങ്ങന്നൂർ താലൂക്ക് പ്രസിഡന്റ്. രാഷ്ട്രീയ സ്വയംസേവക് സംഘ് ചെങ്ങന്നൂർ നഗർ ശാരീരിക് ശിക്ഷൺ പ്രമുഖ്. ജൂലൈ 16-ന് ചെങ്ങന്നൂർ കൃസ്ത്യൻ കോളേജിലെ ഒന്നാംവർഷ വിദ്യാർത്ഥികളെ സ്വീകരിക്കാൻ വിശാലും മറ്റു എബിവിപി പ്രവർത്തകരും കോളേജ് ഗേറ്റിനരികിൽ നിൽക്കുകയായിരുന്നു. എല്ലാ വർഷവും പതിവുള്ളതുപോലെ, കോളേജ് ഗേറ്റിനരികിൽ സരസ്വതിദേവിയുടേയും സ്വാമി വിവേകാനന്ദന്റേയും ചിത്രങ്ങൾ വച്ച് എബിവിപി സരസ്വതീപൂജ നടത്തിയിരുന്നു.

ഇതേസമയം ഒമ്പത് ബൈക്കുകളിൽ എത്തിയ ഇസ്ലാമിക മതമൗലികവാദികൾ ക്യാമ്പസ് ഫ്രണ്ട് പ്രവർത്തകരുടെ കൂടെ ചേർന്ന് കോളേജ് കാമ്പസിൽ അക്രമം തുടങ്ങി. അവർ നിരവധി ഭീഷണികളും മുഴക്കി. കാര്യമന്വേഷിക്കാൻ എത്തിയ വിശാലിനേയും മറ്റ് എബിവിപി പ്രവർത്തകരേയും ഇസ്ലാമിക മതമൗലികവാദികൾ ആക്രമിച്ചു. വയറിൽ കുത്തേറ്റ വിശാലിനെ കോട്ടയം മെഡിക്കൽ കോളേജിൽ എത്തിച്ചെങ്കിലും പിറ്റേദിവസം മരണമടഞ്ഞു.

താക്കളുടെ മുന്നിൽവച്ച് സുജിത്തിനു മാരകമായി വെട്ടേറ്റു. എകെജി ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു. സുജിത്തിന്റെ സഹോദരനും മാതാപിതാക്കൾക്കും ആക്രമണത്തിൽ പരുക്ക് പറ്റി.

## പ്രമോദ് | തൃശൂർ




കൊല്ലപ്പെട്ടത്: 2016 മെയ് 20

ബിജെപി പ്രവർത്തകൻ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽഡിഎഫ് ഗവണ്മെന്റ് അധികാരമേറ്റ ശേഷം നടന്ന ആദ്യത്തെ രാഷ്ട്രീയ കൊലപാതകമാണ് പ്രമോദിന്റേത്. എൽഡിഎഫ് സ്ഥാനാർത്ഥി ഇ.ടി. ടൈസന്റെ വിജയാഘോഷ പ്രകടനങ്ങൾക്കിടെ കൈപ്പമംഗലത്തുവച്ച് മാർക്സിസ്റ്റ് ഗുണ്ടകൾ ആക്രമിച്ചു. മെയ് 20നു ആശുപത്രിയിൽവച്ച് മരണമടഞ്ഞു.

ദൃക്സാക്ഷികളുടെ വിവരണപ്രകാരം, ആഘോഷപ്രകടനത്തിന്റെ മറവിൽ മാർക്സിസ്റ്റുകാർ ബിജെപി പ്രവർത്തകരെ ആക്രമിക്കുകയായിരുന്നു. ടിപ്പർ ലോറിയിലെത്തിയ സംഘം പ്രമോദിനേയും കൂട്ടരേയും ഇഷ്ടിക ഉപയോഗിച്ച് മർദ്ദിക്കുകയായിരുന്നു. തലച്ചോറിൽ രക്തസ്രാവമുണ്ടാകാൻ ഇത് കാരണമായി. ആശുപത്രിയിൽ വച്ച് മരണം സംഭവിച്ചു.

## സി.കെ രാമചന്ദ്രൻ | കണ്ണൂർ



കൊല്ലപ്പെട്ടത്: 2016 ജൂലൈ 11

ആർഎസ്എസ് പ്രവർത്തകൻ. ബിഎംഎസിന്റെ സംഘടനാ ഭാരവാഹി. ഓട്ടോറിക്ഷ ഡ്രൈവർ. 52 വയസ്സായിരുന്നു. പയ്യന്നൂർ ടൗണിൽ ബിഎംഎസിന്റെ നേതൃത്വത്തിലുള്ള ഓട്ടോ ഡ്രൈവേഴ്സ് അസോസിയേഷന്റെ അറിയപ്പെടുന്ന നേതാവായിരുന്നു. മാർക്സിസ്റ്റ് അക്രമികൾ ഭാര്യയടക്കമുള്ള വീട്ടുകാരുടെ മുന്നിലിട്ട് അദ്ദേഹത്തെ വെട്ടിക്കൊലപ്പെടുത്തി. ഭാര്യയുടെ മൊഴിയനുസരിച്ച് കൊലയാളികളിൽ രാമചന്ദ്രന്റെ ബന്ധുക്കളും ഉണ്ടായിരുന്നു എന്നതാണ് സങ്കടകരം.

## മുരളി മനോഹർ | ആലപ്പുഴ



ചെങ്ങന്നൂർ വെൺമണി ദേശത്തുനിന്നുള്ള ആർഎസ്എസ് പ്രചാരകൻ. നാരായണൻ കുട്ടി എന്നു വിളിക്കപ്പെട്ടിരുന്ന അദ്ദേഹത്തെ സംഘത്തിന്റെ ചുമതലകൾക്കായി 1980-ന്റെ ആദ്യപാദത്തിൽ അസ്സാമിലേക്കു അയച്ചു. 1990ൽ ചുമതലയിൽ ഇരിക്കെ ഉൾഫാ തീവ്രവാദികൾ തട്ടിക്കൊണ്ടു പോയി. അതിനുശേഷം മുരളി മനോഹറിനെ പറ്റി വിവരങ്ങൾ ഒന്നുമില്ല.



### സച്ചിൻ ഗോപാൽ | കണ്ണൂർ

കൊല്ലപ്പെട്ടത്: 2012 സെപ്തംബർ 5

എബിവിപി പ്രവർത്തകൻ. 21 വയസ്സായിരുന്നു. പള്ളിക്കുന്ന് സ്കൂളിനു മുന്നിൽവച്ച് ജൂലൈ 6-ന് ഇസ്ലാമിക മതമൗലികവാദികളുടെ വിദ്യാർത്ഥി വിഭാഗമായ കാമ്പസ് ഫ്രണ്ട് പ്രവർത്തകരാൽ ആക്രമിക്കപ്പെട്ടു. മാരകമായി കുത്തേറ്റ സച്ചിനെ ആശുപത്രിയിൽ എത്തിച്ചു. രണ്ടുമാസം നീണ്ട ആശുപത്രി ചികിൽസക്കും അദ്ദേഹത്തെ രക്ഷിക്കാനായില്ല. സെപ്തംബർ 5-നു ബലിദാനിയായി. ചുരുങ്ങിയ കാലത്തിനുള്ളിൽ ഇസ്ലാമിക മതമൗലികവാദികൾ കൊലപ്പെടുത്തുന്ന രണ്ടാമത്തെ എബിവിപി പ്രവർത്തകനായിരുന്നു സച്ചിൽ ഗോപാൽ.



### ഇളന്തോട്ടത്തിൽ മനോജ് | കണ്ണൂർ

കൊല്ലപ്പെട്ടത്: 2014 സെപ്തംബർ 1

രാഷ്ട്രസേവനത്തിനായി സ്വജീവിതം സമർപ്പിച്ച വ്യക്തിയായിരുന്നു ഇളന്തോട്ടത്തിൽ മനോജ്, അഥവാ കതിരൂർ മനോജ്. രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ കണ്ണൂർ ജില്ലാ ശാരീരിക് പ്രമുഖ്. ജില്ലയിൽ സംഘപ്രവർത്തനങ്ങളുടെ മുന്നണിപ്പോരാളിയായ മനോജിനെ വധിക്കാൻ മാർക്സിസ്റ്റ് പ്രവർത്തകർ ഏറെക്കാലമായി ശ്രമിച്ചിരുന്നു. മനോജിന്റെ ജാഗ്രതാപൂർണമായ നീക്കങ്ങൾ മൂലം അവരതിൽ വിജയിച്ചില്ല. എന്നാൽ 2014 സെപ്തബർ 1നു കതിരൂർ ഡയമണ്ട് മുക്കിൽവച്ചു നടന്ന ആക്രമണത്തിൽ മനോജ് ബലിദാനിയായി. ഓമ്നി വാനിൽ വീട്ടിലേക്കു വരികയായിരുന്ന അദ്ദേഹത്തെ കമ്മ്യൂണിസ്റ്റ് കൊലയാളികൾ ബോംബെറിഞ്ഞ് ആക്രമിക്കുകയായിരുന്നു. മനോജിന്റെ കൊലപാതകം ആസൂത്രണം ചെയ്തതിൽ മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാക്കൾക്കു പങ്കുണ്ടെന്ന് ആരോപണം ഉയർന്നിരുന്നു. സിപിഎമ്മിന്റെ സീനിയർനേതാക്കൾ ഈ കൊലക്കേസിൽ പ്രതികളാണ്.



### വിനീഷ് | കണ്ണൂർ

കൊല്ലപ്പെട്ടത്: 2016 സെപ്തംബർ 3

ആർഎസ്എസ് പ്രവർത്തകൻ. തില്ലങ്കേരി പഞ്ചായത്ത് ഓഫീസിൽവച്ച് രാത്രി 7.30ന് മാർക്സിസ്റ്റ് ഗുണ്ടകൾ വെട്ടിക്കൊന്നു. മാർക്സിസ്റ്റ് പാർട്ടിയുടെ മുതിർന്ന നേതാക്കളുടെ അറിവോടെ നടന്ന കൊലപാതകമാണിതെന്ന് കരുതപ്പെടുന്നു. ദൃക്സാക്ഷികളുടെ വിവരണം പ്രകാരം ചോരയിൽ കുളിച്ചുകിടന്ന വിനീഷിനെ ആരും ആശുപത്രിയിൽ എത്തിക്കാതിരിക്കാൻ അക്രമികൾ മാരകായുധങ്ങളുമായി കാവൽ നിന്നിരുന്നു. പോലീസ് എത്തിയാണ് വിനീഷിനെ ആശുപത്രിയിൽ എത്തിച്ചത് .



### അനിൽകുമാർ | തിരുവനന്തപുരം

കൊല്ലപ്പെട്ടത്: 2016 നവംബർ 7.


മുൻ സിപിഎം അംഗം. ദേശീയതയിൽ ആകൃഷ്ടനായി ബിജെപിയിൽ ചേർന്നു. ബിജെപിയുടെ അരയൂർ ബൂത്ത് പ്രസിഡന്റായി പ്രവർത്തിക്കുകയായിരുന്ന അനിൽകുമാറിനെ, നെയ്യാറ്റിൻകര മരിയപുരത്തു വച്ച് മാർക്സിസ്റ്റുകാർ സംഘം ചേർന്നു ആക്രമിച്ചു. രാത്രിയിലാണ് സംഭവം നടന്നത്. കഴുത്തിലും തലയിലും വെട്ടേറ്റ അദ്ദേഹത്തെ ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.



### വിഷ്ണു | തിരുവനന്തപുരം

കൊല്ലപ്പെട്ടത്: 2016 ഒക്ടോബർ 7.

ഭാരതീയ ജനത യുവമോർച്ചയുടെ പ്രവർത്തകൻ. പ്ലസ്ടു വിദ്യാർത്ഥി. യുവനേതൃത്വ നിരയിലേക്കു ഉയർന്നു വരികയായിരുന്ന എസ്സി/എസ്ടി സമുദായാംഗം. കണ്ണമ്മൂലയിലുള്ള വസതിയിൽ അതിക്രമിച്ചു കയറി മാർക്സിസ്റ്റ് കൊലയാളികൾ വെട്ടിക്കൊലപ്പെടുത്തി. കുടുബാംഗങ്ങൾക്കും പരിക്കുകൾ ഏറ്റു.



### അണ്ടല്ലൂർ സന്തോഷ്കുമാർ | കണ്ണൂർ

കൊല്ലപ്പെട്ടത്: 2017 ജനുവരി 18.

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ അണ്ടല്ലൂർ ശാഖ മുൻ മുഖ്യശിക്ഷകും, ബിജെപിയുടെ അണ്ടല്ലൂർ ബൂത്ത് കമ്മറ്റി പ്രസിഡന്റും ആയിരുന്നു ചോമന്റവിട എഴുത്താൻ സന്തോഷ്കുമാർ. 2015ൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ബിജെപി സ്ഥാനാർത്ഥിയായിരുന്നു. അമ്പത്തിയേഴാമത് സംസ്ഥാന സ്കൂൾ യുവജനോൽസവം കണ്ണൂരിൽ നടക്കുന്നതിനിടയിലാണ് സന്തോഷ്കുമാറിനെ ആക്രമിക്കപ്പെട്ടത്. ധർമ്മടത്തിനു അടുത്ത് അണ്ടല്ലൂരിലുള്ള വീട്ടിൽ കിടന്നുറങ്ങുകയായിരുന്ന സന്തോഷിനെ, അർദ്ധരാത്രിയിൽ 11.30 മണിയോടെ വട്ടിൽ അതിക്രമിച്ചു കയറിയ കമ്മ്യൂണിസ്റ്റുകാർ വെട്ടിക്കൊല്ലുകയായിരുന്നു. ഭാര്യയും മക്കളും ഭാര്യവീട്ടിൽ പോയ തക്കത്തിലാണ് കമ്മ്യൂണിസ്റ്റുകാർ ആക്രമിച്ചത്. പുറത്തും കൈകാലുകളിലും മാരകമായി വെട്ടേറ്റ സന്തോഷ്, ആശുപത്രിയിലേക്കു കൊണ്ടുപോകുന്നതിനിടെ മരണമടഞ്ഞു. രക്തം വാർന്നുപോയാണ് മരണം സംഭവിച്ചത്. മുഖ്യമന്ത്രി പിണറായി വിജയന്റെ മണ്ഡലത്തിലാണ് കൊലപാതകം നടന്ന അണ്ടല്ലൂർ. ആറു സിപിഎം പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്തു.

സന്തോഷ്കുമാറിനെ കൊലപാതകം കേരളത്തിൽ മാത്രമല്ല, ദേശീയതലത്തിലും ഒച്ചപ്പാടുകൾ സൃഷ്ടിച്ചു. മാർക്സിസ്റ്റ് പാർട്ടിയുടെ കൊല



### രമിത് | കണ്ണൂർ

കൊല്ലപ്പെട്ടത്: 2016 ഒക്ടോബർ 12

പിണറായിയിലെ ബിജെപി പ്രവർത്തകൻ. കേരള മുഖ്യമന്ത്രി പിണറായി വിജയന്റെ ജന്മഗ്രാമമായ പിണറായിയിൽ സഹോദരിക്ക് വേണ്ടിയുള്ള മരുന്നുകൾ വാങ്ങാൻ പോകുമ്പോൾ മാർക്സിസ്റ്റ് ഗുണ്ടകൾ പട്ടാപ്പകൽ വെട്ടിക്കൊന്നു.

2002-ൽ രമിത്തിന്റെ അച്ഛൻ ഉത്തമനെ കൊലപ്പെടുത്തിയതും മാർക്സിസ്റ്റുകാർ ആയിരുന്നു. ബസ് ഡ്രൈവറായ ഉത്തമനെ ബോംബെറിഞ്ഞ് ഭീതിപരത്തി, ബസിൽ നിന്നു വലിച്ചിറക്കി വെട്ടുകയായിരുന്നു.

പാതക രാഷ്ട്രീയം ദേശീയ വാർത്താമാദ്ധ്യമങ്ങളിൽ സജീവചർച്ചയായി. മാർക്സിസ്റ്റ് ക്രൂരതക്കെതിരെ മനുഷ്യ മനസ്സാക്ഷിയെ ഉണർത്താ നായി കേരളത്തിൽ കവിതാ കാമ്പയിനുകൾ നടന്നു. 'ഞങ്ങളുടെ കണ്ണീരിൽ നിങ്ങൾക്കു സന്തോഷമോ' എന്ന പേരിൽ മാർക്സിസ്റ്റ് ക്രൂരതയെ ചോദ്യംചെയ്യുന്ന, സന്തോഷ്കുമാറിന്റെ മകൾ വിസ്മയ യുടെ വീഡിയോ സമൂഹമാദ്ധ്യമങ്ങളിലും ദേശീയ ചാനലുകളിലും ചർച്ചയായി. സംഘത്തിനേയും ബിജെപിയേയും പിന്തുണച്ചതു കൊണ്ടുമാത്രം അച്ഛനെ കൊല്ലുകയായിരുന്നെന്നും, ഭാവിയെപ്പറ്റി ആശങ്കയുണ്ടെന്നും പറഞ്ഞുകൊണ്ടാണ് വീഡിയോ അവസാനി ക്കുന്നത്.



### പൊറാടൻവീട്ടിൽ നിർമൽ | തൃശൂർ

കൊല്ലപ്പെട്ടത്: 2017 ഫെബ്രുവരി 12.

ബിജെപിയുടെ സജീവ പ്രവർത്തകൻ. ബിഎ വിദ്യാർത്ഥി. തൃശൂർ മുക്കാട്ടുകരയിലെ കോകുളങ്ങര ക്ഷേത്രോൽസവത്തിനു ഇടയിൽ, അർദ്ധരാത്രി പന്ത്രണ്ടരയോടെ, കമ്മ്യൂണിസ്റ്റ് അക്രമികൾ കുത്തിക്കൊലപ്പെടുത്തി. നെഞ്ചിനും പുറത്തുമേറ്റ കുത്തായിരുന്നു മരണകാരണം. അക്രമത്തിനു പിന്നിൽ കൃത്യമായ ആസൂത്രണമുണ്ടായിരുന്നു. മറ്റൊരു ബിജെപി പ്രവർത്തകൻ ചിറയൻ കണ്ടത്ത് തോമസ് എന്ന മിഥുന് ഗുരുതരമായി പരിക്കേറ്റു. കൊല്ലപ്പെടുമ്പോൾ നിർമലിനു വെറും ഇരുപത് വയസ്സായിരുന്നു പ്രായം.



### തെങ്ങുവിളവീട്ടിൽ എ. രവീന്ദ്രനാഥ് | കൊല്ലം

കൊല്ലപ്പെട്ടത്:2017 ഫെബ്രുവരി 18.

റിട്ടയേർഡ് എസ്ഐ. ബിജെപിയുടെ കടയ്ക്കൽ പഞ്ചായത്ത് കമ്മറ്റി പ്രസിഡന്റ്. ഫെബ്രുവരി രണ്ടിനു രാത്രിയിൽ, കടയ്ക്കൽ ആൽത്തറമൂക്കിൽ ബിജെപി പ്രവർത്തകർക്കു നേരെ ആക്രമണം ഉണ്ടായതറിഞ്ഞ് അവിടെയെത്തി പ്രവർത്തകരെ സന്ദർശിച്ച് മടങ്ങുകയായിരുന്നു രവീന്ദ്രനാഥ്. വഴിമദ്ധ്യെ കമ്മ്യൂണിസ്റ്റ് അക്രമികൾ, ബൈക്ക് തടഞ്ഞു നിർത്തി തലയ്ക്കടിച്ച് ഗുരുതരമായി പരിക്കേൽപ്പിച്ചു. രവീന്ദ്രനാഥിനെ ഉടൻ കടയ്ക്കൽ ആശുപത്രിയിലേക്കും, തുടർന്നു തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്കും മാറ്റി. പതിനഞ്ച് ദിവസം വെന്റിലേറ്ററിൽ കഴിഞ്ഞെങ്കിലും ഫെബ്രുവരി 18 -നു ബലിദാനിയായി. മാർക്സിസ്റ്റ് ആക്രമണങ്ങൾക്കു കുപ്രസിദ്ധമായ സ്ഥലമാണ് കൊല്ലം ജില്ലയിലെ കടയ്ക്കൽ.



### സുജിത് | പാലക്കാട്

കൊല്ലപ്പെട്ടത്: 2017 ജനുവരി 1.

കൊല്ലങ്കോട് എലവഞ്ചേരി വില്ലേജിലെ ബിജെപി പ്രവർത്തകൻ. നിർദ്ധന കുടുംബാംഗം. ബിരുദ വിദ്യാർത്ഥിയായിരുന്നു. ജനുവരി ഒന്നിനു പുലർച്ചെ, കൊട്ടയംകാട് എന്ന സ്ഥലത്ത് വച്ച് സുജിത്തിനെ കമ്മ്യൂണിസ്റ്റ് അക്രമികൾ കുത്തിക്കൊലപ്പെടുത്തി. നെഞ്ചിലായിരുന്നു കുത്തുകൾ ഏറ്റത്. സുഹൃത്തായ അഖിലിനേയും അക്രമികൾ തുടയിലും ഇടുപ്പിലും കുത്തിപ്പരിക്കേൽപ്പിച്ചു.



### ചൂരക്കാട് ബിജു | കണ്ണൂർ

കൊല്ലപ്പെട്ടത്: 2017 മെയ് 12.

ആർഎസ്എസ് പയ്യന്നൂർ, കക്കമ്പറ മണ്ഡലത്തിന്റെ കാര്യവാഹക് ചൂരക്കാട് ബിജുവി(34)നെ കൊലപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടെ ഇന്നോവകാറിൽവന്ന കമ്യൂണിസ്റ്റ് അക്രമകാരികൾ പാലക്കോട് പാലത്തിൽവച്ച് പകൽ 4 മണിക്ക് നിഷ്ഠൂരമായ രീതിയിൽ കഴുത്തിനു വെട്ടിക്കൊലപ്പെടുത്തുകയായിരുന്നു. സുഹൃത്തിനൊപ്പം ബൈക്കിൽ യാത്ര ചെയ്ത ബിജുവിനെ കാറുകൊണ്ടിടിച്ചു വീഴ്ത്തിയശേഷമായിരുന്നു കൊലപാതകം. അക്രമത്തിനു പിന്നിൽ കൃത്യമായ ആസൂത്രണമുണ്ടായിരുന്നു.



### വിമലാദേവി, രാധാകൃഷ്ണൻ | പാലക്കാട്

കൊല്ലപ്പെട്ടത്: 2017 ജനു 16, 6.

പാലക്കാട് കഞ്ചിക്കോട് മേഖലയിലെ പ്രമുഖ ബിജെപി പ്രവർത്തകർ. കഞ്ചിക്കോട് മുൻ പഞ്ചായത്തംഗമായ കണ്ണന്റെ ഭാര്യയാണ് വിമലാദേവി. രാധാകൃഷ്ണൻ സഹോദരനും. വിമലാദേവി മഹിളാമോർച്ചയുടെ സജീവപ്രവർത്തക കൂടിയാ യിരുന്നു. 2016ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ കഞ്ചി ക്കോട് മേഖലയിൽ ബിജെപി മികച്ച പ്രകടനം കാഴ്ചവച്ചിരുന്നു. അതിനെത്തുടർന്നു ബിജെപി പ്രവർത്തകർക്കെതിരെ മാർ ക്സിസ്റ്റുകാരുടെ അക്രമങ്ങൾ കൂടുതലായി. പ്രദേശത്തെ ബിജെപി യുടെ പ്രമുഖ പ്രവർത്തകനായിരുന്ന കണ്ണനെതിരെ വധഭീഷണി നിലവിലുണ്ടായിരുന്നു.

ഡിസംബർ 28-നു അതിരാവിലെ, വീട്ടുകാരെല്ലാം ഗാഢനിദ്രയിലായിരിക്കെ, മാർക്സിസ്റ്റ് ആക്രമികൾ കണ്ണന്റെ വീടിനും വസ്തുവകകൾക്കും തീവച്ചു. ഗ്യാസ് സിലിണ്ടറിലേക്കു തീ പടർന്നതോടെ അനിയന്ത്രിതമായ തീയിൽനിന്നു, രാധാകൃഷ്ണന്റെ മകളെ രക്ഷപ്പെടുത്തുന്നതിനു ഇടയിൽ വിമലക്കു ഗുരുതരമായി പൊള്ളലേറ്റു. 80 ശതമാനം പൊള്ളലേറ്റ വിമലദേവിയേയും, 70 ശതമാനം പൊള്ളലേറ്റ രാധാകൃഷ്ണനേയും തൃശൂരിലെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രവേശിപ്പിച്ചു.



വിമലയെ പിന്നീടു കോയമ്പത്തൂരിലെ ആശുപത്രിയിലേക്കു മാറ്റി. എങ്കിലും ഇരുവരേയും രക്ഷിക്കാനായില്ല. രാധാകൃഷ്ണൻ ജനുവരി 6നും വിമലാദേവി ജനുവരി 16-നും മരണമടഞ്ഞു. ഗുരുതരമായി പരിക്കേറ്റ കണ്ണനു ദീർഘകാലം ആശുപത്രിയിൽ കഴിയേണ്ടിവന്നു.

കേരളത്തിലെ രാഷ്ട്രീയകൊലപാതകങ്ങളിൽ, ക്രൂരതയുടെ പുതിയൊരു അദ്ധ്യായമാണ് കഞ്ചിക്കോട് കൂട്ടക്കൊല വഴി കമ്മ്യൂണിസ്റ്റുകാർ കൂട്ടിച്ചേർത്തത്. ശാന്തമായി ഉറങ്ങുക യായിരുന്ന ഒരു കുടുംബത്തെയാകെ തീവച്ചു കൊലപ്പെടുത്തു കയെന്ന ഉദ്യമം, മാനുഷികത്വം തീർത്തും നശിച്ച ഒരു രാഷ്ട്രീയ പ്രത്യയശാസ്ത്രത്തിന്റെ വക്താക്കൾക്കു മാത്രമേ ചെയ്യാനാകൂ. 1982-ൽ തൃശ്ശൂർ തീരദേശമേഖലയിൽ കമ്മ്യൂണിസ്റ് അക്രമികൾ ബി ജെ പി പ്രവർത്തകരായിരുന്നു രാജനെയും സുബ്രഹ്മണ്യ നെയും ജീവനോടെ പെട്രോൾ ഒഴിച്ച് കത്തിച്ചു കൊലപ്പെടു ത്തിയതിനു സമാനമായിരുന്നു കഞ്ചിക്കോട് സംഭവം. പറശ്ശിനി ക്കടവ് സ്നേക്ക്പാർക്കിനു തീകൊടുത്തത് യാദൃശ്ചികമല്ലെന്നു തെളിയിച്ച്, കണ്ണന്റെ വീട്ടിലെ പശുത്തൊഴുത്തിനുവരെ അക്രമികൾ തീവച്ചിരുന്നു.കഞ്ചിക്കോട് സംഭവത്തിൽ കേരള മെങ്ങും പ്രതിഷേധമുയർന്നു.

# ഉട്ടോപ്യക്കു വേണ്ടിയുള്ള മാർക്സിസ്റ്റ് ഭീകരത

**മീനാക്ഷി ലേഖി ലോക്സഭാ അംഗം, ബി ജെ പി ദേശീയ വക്താവ്.**

കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമത്തിലേക്കു കുറച്ചു നാൾ മുമ്പ് നടത്തിയ സന്ദർശനത്തിൽ, ഹൃദയഭേദകമായ കാഴ്ചകൾക്കു എനിക്കു സാക്ഷിയാകേണ്ടി വന്നു. കുട്ടികളെ പോലും ആക്രമിക്കു കമ്യൂണിസ്റ്റ് ഗുണ്ടകളുടെ അഴിഞ്ഞാട്ടം മൂലം, ജനങ്ങൾ ഭയപ്പാടിലാണ് അവിടെ കഴിയുന്നത്. ക്ലാസ്സുമുറിയിൽവച്ച് ജയകൃഷ്ണൻ മാസ്റ്ററെ വെട്ടിക്കൊലപ്പെടുത്തുന്നത് നേരിൽകണ്ട വിദ്യാർത്ഥികൾ മുതൽ, 2016-ലെ നിയമസഭാ തിരഞ്ഞെടുപ്പ് വിജയാഘോഷത്തിനിടെ കമ്യൂണിസ്റ്റുകാർ നടത്തിയ മർദ്ദനത്തിൽ കയ്യൊടിഞ്ഞ കാർത്തിക് വരെയുള്ള തലമുറ, ചുവപ്പൻ ഭീകരതയുടെ കെടുതികൾ അനുഭവിക്കുവരാണ്. രാഷ്ട്രീയ എതിരാളികളെ ഉപ്പുചാക്ക് സഹിതം ജീവനോടെ കുഴിച്ചുമൂടുന്ന 'ബംഗാൾ മോഡൽ' കണ്ടുപഠിക്കാൻ സ്വന്തം പാർട്ടിക്കാരെ ഉപദേശിക്കുന്ന ഒരു വ്യക്തി സംസ്ഥാനം ഭരിക്കുമ്പോൾ, ദൈവത്തിന്റെ സ്വന്തം നാടിനെ രക്ഷിക്കാൻ ദൈവത്തിനു മാത്രമേ കഴിയൂ. കേരളത്തിലെ ജനങ്ങൾക്കു പിണറായി വിജയൻ ഗവണ്മെന്റിൽ നിന്നു നീതിയും സമാധാനവും ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നത് കള്ളനു താക്കോൽ കൊടുക്കുതിനു സമമാണ്.

1957 മുതൽ കേരളത്തിൽ സ്വാധീനമുള്ള രാഷ്ട്രീയ പാർട്ടിയാണ് സിപിഐഎം. വോട്ടർമാരെ ഭയപ്പെടുത്തി വരുതിക്കു നിർത്താൻ അവർ കൊലപാതക രാഷ്ട്രീയവും, മാർക്സിസ്റ്റ് ഫാസിസവും സമർത്ഥമായി ഉപയോഗിക്കുന്നു. നിരവധി ബിജെപി-ആറെസ്സെസ്സ് പ്രവർത്തകരെ കമ്യൂണിസ്റ്റുകാർ കൊന്നൊടുക്കിയിട്ടുണ്ട് പ്രത്യേകിച്ചും വടക്കൻ കേരളത്തിൽ.

ഭരണകൂടത്തിന്റെ പിന്തുണയോടെയുള്ള കൊലപാതക രാഷ്ട്രീയം കേരളത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. പശ്ചിമബംഗാളിൽ സിപിഐഎം ഭരണത്തിലേറിയ 1977 മുതൽ 1996 വരെ, 28000 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്നു, 1997ൽ നിയമസഭയിലെ ഒരു ചോദ്യത്തിനു ഉത്തരമായി ബുദ്ധദേബ് ഭട്ടാചാര്യ പറഞ്ഞിരുന്നു. 1997-നും 2009-നും ഇടയിൽ രാഷ്ട്രീയ കൊലപാതകങ്ങൾ 27408 ആയി. കമ്മ്യൂണിസ്റ്റ് ഭരണകൂടം ആകെ 55408 പേരെ കൊലപ്പെടുത്തിയെന്നു സാരം. ഒരു വർഷം ആവരേജ് 1787 കൊലപാതകങ്ങൾ. ഒരു മാസം 149; ഒരു ദിവസം 5. ചുരുക്കിപ്പറഞ്ഞാൽ, ഓരോ 4:50 മണിക്കൂറിലും ഒരാളെങ്കിലും രാഷ്ട്രീയ കാരണങ്ങളാൽ ബംഗാളിൽ കൊല്ലപ്പെട്ടു!

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുൻ ലോക്സഭ എംപിയായ എ.പി അബ്ദുള്ളക്കുട്ടി, അക്കാലത്ത് സിപിഎം സംസ്ഥാന സെക്രട്ടറി ആയിരുന്ന പിണറായി വിജയൻ, കമ്യൂണിസ്റ്റ് പാർട്ടി നേതാക്കൾക്കു നൽകിയ ഒരു നിർദ്ദേശത്തെപ്പറ്റി പറഞ്ഞിട്ടുണ്ട്. രാഷ്ട്രീയ എതിരാളികളെ ചോരയൊഴുക്കാതെ നിശബ്ദമായി കൊലപ്പെടുത്തുന്ന 'ബംഗാൾ മോഡൽ' സ്വീകരിക്കാനായിരുന്നു പിണറായിയുടെ ഉപദേശം. 2008 മാർച്ച് 5-നു കണ്ണൂരിൽ, അഴീക്കോടൻ സ്മാരകമായ പാർട്ടി ഓഫീസിൽവച്ചു നടന്ന മീറ്റിങ്ങിനിടയിലാണ് പിണറായി ഇക്കാര്യം പറഞ്ഞതെു അബ്ദുള്ളക്കുട്ടി എഴുതുന്നു. അക്രമം നിലനിന്നിരുന്ന കണ്ണൂരിൽ സമാധാനം പുനഃസ്ഥാപിക്കാൻ ജില്ലാ കളക്ടർ വിളിച്ചു ചേർത്ത മീറ്റിങ്ങിൽ പങ്കെടുക്കുന്നതിനു മുമ്പായിരുന്നു പിണറായിയുടെ പരാമർശം. '(കൊല നടത്തുന്ന കാര്യത്തിൽ) നാം ബംഗാളികളെ കണ്ടു പഠിക്കണം. ഒരുതുള്ളി ചോര പോലും വീഴ്ത്താതെയാണ് അവർ കാര്യം നടത്തുന്നത്. എതിർപാർട്ടിക്കാരെ തട്ടിക്കൊണ്ടു പോയി, ആഴമുള്ള കുഴികളിൽ ഒരു ചാക്ക് ഉപ്പ് സഹിതം ജീവനോടെ തന്നെ കുഴിച്ചിടും. ഇരയുടെ രക്തം വീഴില്ലെന്നു മാത്രമല്ല, ഇര ആരാണെു പോലും ആർക്കും അറിയാനാകില്ല. പുറംലോകത്ത് വാർത്തയും വരില്ല'. ഇത്രയുമാണ് പിണറായി വിജയനെ ഉദ്ധരിച്ചു കൊണ്ട് അബ്ദുള്ളക്കുട്ടി മാധ്യമങ്ങളോടു പറഞ്ഞത്. സിപിഐഎം എംപിമാരായ പി.കരുണാകരൻ, പി.സതീദേവി, കണ്ണൂരിൽ നിന്നുള്ള സിപിഐഎം എംഎൽഎമാർ തുടങ്ങിയവരും ഈ മീറ്റിങ്ങിൽ സന്നിഹിതരായിരുന്നെന്ന് അബ്ദുള്ളക്കുട്ടി പറയുന്നു.

ഇതര പ്രത്യയശാസ്ത്രങ്ങളോടു കമ്യൂണിസ്റ്റുകാർ പുലർത്തുന്ന അസഹിഷ്ണുതയുടെ ആഴം ശരിക്കും അറിയണമെങ്കിൽ, ഇന്ത്യൻ കമ്യൂണിസത്തോടൊപ്പം ആഗോള കമ്യൂണിസത്തേയും മനസ്സിലാക്കേണ്ടതുണ്ട്.. ഇടതുപക്ഷ ഭീകരതയുടെ ഉറവിടം പത്തൊമ്പതാം നൂറ്റാണ്ടിലും, ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലും നിലനിന്നിരുന്ന രാഷ്ട്രീയ അരാജകത്വത്തിലാണ്. ശീതയുദ്ധക്കാലത്ത് ഇത് കൂടുതൽ ശക്തിപ്രാപിച്ചു. ആധുനിക കാലത്തെ ഇടതുപക്ഷ ഭീകരത 1968-ലെ രാഷ്ട്രീയ അനിശ്ചിതത്വത്തിൽ തുടങ്ങുന്നു. പടിഞ്ഞാറൻ യൂറോപ്പിലെ ഇത്തരത്തിലുള്ള ഇടതുപക്ഷ ഭീകരഗ്രൂപ്പുകളായിരുന്നു വെസ്റ്റ് ജർമ്മൻ റെഡ് ആർമി ഫാക്ഷൻ (RAF), ഇറ്റാലിയൻ റെഡ് ബ്രിഗേഡ്സ്, ഫ്രഞ്ച്

ആക്ഷൻ ഡയറക്റ്റെ (AD), ബെൽജിയൻ കമ്യൂണിസ്റ്റ് കോമ്പാറ്റന്റ് സെൽസ് (CCC)., എന്നിവ. ജോസഫ് സ്റ്റാലിൻ ഹിറ്റ്ലറെ പോലെ തന്നെ ക്രൂരനും, മുസ്സോളിനിയേക്കാൾ മോശവുമായിരുന്നു. സ്വന്തം രാജ്യത്തിലെ ലക്ഷക്കണക്കിനു ജനങ്ങളെ സ്റ്റാലിൻ കൊന്നൊടുക്കി. ചൈനയിലെ കമ്യൂണിസ്റ്റ് ഭരണാധികാരിയായിരുന്ന മാവോസെതൂങ്ങിന്റെ ഏകാധിപത്യ ഭരണകാലത്തും ലക്ഷക്കണക്കിനു ചൈന ക്കാർ കൊല്ലപ്പെട്ടു. 1966-76 കാലഘട്ടത്തിൽ മാവോയുടെ നേതൃത്വത്തിൽ നടന്ന സാംസ്കാരിക വിപ്ലവത്തിൽ നിര വധി ഗ്രന്ഥങ്ങൾ കത്തിക്കുകയും, യൂണിവേഴ്സിറ്റികൾ അട ച്ചിടുകയും ചെയ്തിരുന്നു.

ഇന്ത്യയിലെ കമ്യൂണിസ്റ്റ് നേതൃത്വം പ്രത്യയശാസ്ത്ര പരമായും പ്രവർത്തനപരമായും രഹസ്യസ്വഭാവത്തോടെ വളർന്നു വന്നവരല്ല. വനാന്തരങ്ങളിൽ തമ്പടിച്ചുള്ള കഠിന പ്രവർത്തന പാരമ്പര്യം അവർക്കില്ല. യുകെയിലെ ഓക്സ്ഫോർഡ്, കേംബ്രിഡ്ജ് സർവ്വകലാശാലയിൽ നിന്നു വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള, വിശേഷാധികാരമുള്ള ഉപരിവർ ഗ്ഗക്കാരായിരുന്നു കമ്യൂണിസ്റ്റ് നേതാക്കന്മാരിൽ പലരും. ബ്രിട്ടീഷ് പണ്ഡിതരിൽനിന്ന് പരിശീലനം ലഭിച്ചശേഷം, അടിയുറച്ച കമ്യൂണിസ്റ്റുകാരായി അവർ ഇന്ത്യയിൽ തിരിച്ചെ ത്തി. കമ്യൂണിസ്റ്റുകാരെന്നു അറിയപ്പെട്ട ഇവർ, കോളോണി യൽ കാലത്തെ ബ്രിട്ടീഷ് അജൻഡ പൂർണമായും ഉൾക്കൊ ണ്ടവരായിരുന്നു. കൊളോണിയൽ ഭരണത്തെ നിയമാനു സൃതമാക്കാൻ ലെഫ്റ്റ് ലിബറലിസം സമർത്ഥമായ ടൂൾ ആയിരുന്നു. ഇന്ത്യക്കാരിൽനിന്ന് അവരുടെ പ്രൗഢമായ പൗരാണിക പാരമ്പര്യത്തെ കുറിച്ചുള്ള വസ്തുതകൾ മറച്ചുവയ്ക്കാൻ ലെഫ്റ്റ് ലിബറലിസത്തിനു കഴിഞ്ഞു.

1947-ലെ ഇന്ത്യാ വിഭജനത്തേയും, 1962-ലെ യുദ്ധത്തിൽ ചൈനയേയും കമ്യൂണിസ്റ്റുകാർ പിന്തുണച്ചു. 1998-ൽ ഇന്ത്യ നടത്തിയ അണുബോംബ് പരീക്ഷണത്തെ എതിർത്തെ ങ്കിലും, 1964-ൽ ചൈന നടത്തിയ അണുബോംബ് പരീക്ഷണത്തെ അവർ സ്വാഗതം ചെയ്തിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ സമുജ്ജ്വല വ്യക്തിത്വമായ നേതാജി സുഭാഷ് ചന്ദ്രബോസിനെ (ജപ്പാൻ ഇമ്പീരിയൽ ആർമി ജനറലായിരുന്ന) 'ടോജോയുടെ നായ' എന്നു വിശേഷിപ്പിക്കുകയും, കാർട്ടൂണിൽ നേതാജിയുടെ മുഖത്തിനു പകരം കഴുതയുടെ മുഖം വരച്ച് അദ്ദേഹത്തെ അപമാനിക്കുകയും ചെയ്തു.

ഇന്ത്യയുടെ ആഭ്യന്തര സുരക്ഷക്കു ഏറ്റവും വലിയ ഭീഷണിയായി തുടരുന്നത് ഇടതുപക്ഷ ഭീകരതയാണ്. ഛത്തീസ്ഗഢ്, ജാർഖണ്ഡ്, ഒറീസ്സ എന്നീ സംസ്ഥാനങ്ങളിൽ രൂക്ഷമായും, ബംഗാൾ-ബീഹാർ-മഹാരാഷ്ട്ര സംസ്ഥാന ങ്ങളിൽ ഗണ്യമായ അളവിലും ഇടതുഭീകരത നിലനിൽ ക്കുന്നു. ഇതോടൊപ്പം വടക്കുകിഴക്കൻ സംസ്ഥാനങ്ങളി ലേക്കും ദക്ഷിണേന്ത്യയിലേക്കും, നഗരമേഖലകളിൽ ഉൾപ്പെടെ, കാടുകയറി താവളമുറപ്പിക്കുന്നതിൽ അവർ വിജയിച്ചിട്ടുണ്ട്.

കോൺഗ്രസ്സും കമ്യൂണിസ്റ്റുകളും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ മാത്രമാണ്. രാജ്യത്തെ വിവിധ വിദ്യാഭ്യാസ സാങ്കേതിക സ്ഥാപനങ്ങളിൽ നുഴഞ്ഞുകയറാൻ കമ്യൂണിസ്റ്റു കാരെ സഹായിച്ചത് കോണ്ഗ്രസ് പാർട്ടിയാണ്.

ഇന്ത്യയുടെ ബൗദ്ധിക-ചരിത്ര-മാധ്യമ രംഗത്ത് സമ്പൂർണ്ണ ആധിപത്യവും നിയന്ത്രണവും നേടാൻ നെഹ്റു കുടുംബത്തെ സഹായിച്ച കുടുംബ-വ്യക്തി ബന്ധങ്ങളുടെ ശൃംഖലയുടെ ഉപരിതലത്തിൽ പോലും നാം ഇതുവരെ സ്പർശിച്ചിട്ടുണ്ടാ കില്ല. മാധ്യമരംഗത്തു ജോലിചെയ്യു പല പ്രമുഖ എഡിറ്റർമാരും റിപ്പോർട്ടർമാരും ഇടതുപക്ഷ പ്രസ്ഥാനങ്ങളുമായി നേരിട്ടോ അല്ലാതെയോ ഗാഢബന്ധം ഉള്ളവരാണ്. ഇന്ത്യ യിലെ ജേർണലിസ്റ്റ്, മീഡിയ, ബൗദ്ധിക രംഗങ്ങൾ ജെഎൻയു സർവ്വകലാശാല ബന്ധമുള്ള കമ്യൂ ണിസ്റ്റ് ലിബറൽ ഐഡിയോളജിക്കാരുടെ നീരാളിപ്പിടു ത്തത്തിൽ അകപ്പെട്ടിരിക്കുകയാണ്. ഇതുപയോഗിച്ച് അവർ പൊതുജനങ്ങളുടെ അഭിപ്രായം അവർക്കു അനുകൂലമായ രീതിയിൽ ക്രോഡീകരിക്കുന്നു. എന്നാൽ ബംഗാളിലും കേര ളത്തിലും മറ്റും നടക്കുന്ന കമ്യൂണിസ്റ്റ് അക്രമങ്ങളുടെ കാര്യ ത്തിൽ ഇത്തരക്കാർ കുറ്റകരമായ മൗനം പാലിക്കുകയും ചെയ്യും.

കമ്യൂണിസ്റ്റുകാർ അവരുടെ ശക്തികേന്ദ്രങ്ങൾ ഭരിക്കുന്നത് സോവിയറ്റ് യൂണിയനിലെ 'ഗുലാഗ്'കളെ (Gulag) പോലെയാണ്. കൊലപാതകങ്ങൾ നടത്തുക മാത്രമല്ല, കൊലപാതകികൾക്കു സംരക്ഷണവും ഇവർ നൽകുന്നു. ശിക്ഷിക്കപ്പെടുന്ന കൊലപാതകികളുടെ കുടുംബത്തിന്റെ സംരക്ഷണം കമ്യൂണിസ്റ്റുകാർ ഏറ്റെടുക്കും. അഭിപ്രായ സ്വാതന്ത്ര്യമൊന്നും പാർട്ടി ശക്തികേന്ദ്രങ്ങളിൽ അനുവദിക്കപ്പെട്ടിട്ടില്ല. പാർട്ടി ഗുണ്ടകളുടെ നിർദ്ദേശങ്ങൾ അനുസരിച്ചില്ലെങ്കിൽ സ്ത്രീകളേയും, ദളിതരേയും, കുട്ടികളേയും വരെ അവർ ഭ്രഷ്ടരാക്കി മാറ്റിനിർത്തും. 'സഖാ ക്കൾ' നടത്തുന്ന അക്രമപ്രവർത്തനങ്ങളെ നിസാര വൽക്കരിച്ചു കാണിക്കുക വഴി കേരളത്തിലെ ബുദ്ധിജീവി കളും കമ്യൂണിസ്റ്റ് അക്രമത്തിനു കൂട്ടുനിൽക്കുകയാണ്. രാഷ്ട്രീയ കൊലപാതകങ്ങളുടെ കാര്യത്തിൽ, അക്രമത്തിൽ ഏർപ്പെടുന്ന ക്രിമിനലുകളെ മാത്രമല്ല, അക്രമം ചെയ്യാൻ പ്രേരണ നൽകുന്ന രാഷ്ട്രീയ നേതാക്കളേയും പോലീസ് അധികാരികൾ പ്രോസിക്യൂട്ട് ചെയ്യേണ്ടതുണ്ട്. ബംഗാളിലും കേരളത്തിലും രാഷ്ട്രീയ കൊലപാതകങ്ങളുടെ കൂട്ടക്കുരു തിക്കു ഇരയായവരുടെ ബന്ധുക്കൾക്കു മതിയായ നഷ്ടപരി ഹാരവും സംരക്ഷണവും നൽകാനുള്ള നടപടികൾക്കു സംസ്ഥാന സർക്കാറുകൾ മുൻകൈ എടുക്കണം.

രാഷ്ട്രീയ കൊലപാതകങ്ങൾ ഇല്ലാതെ സമാധാനാ ന്തരീക്ഷവും, രാഷ്ട്രീയപ്രവർത്തന സ്വാതന്ത്ര്യവും ഉള്ള ഒരു കാലഘട്ടം കേരളത്തിൽ എന്നെങ്കിലും ഉണ്ടാകുമോ?

# #LeftistTerror
## against Kerala's Nationalists











രാംകോ





# Martyrs



V. Ramakrishnan - 1969



Dharmajan and his wife Yashoda - 1982





Panthakkal Pavithran - 1978



Panunda Chandran - 1978



Vishal Kumar - 2012





Veliyathinadu Chandrasekaran - 1970





Sathyan - 2008



Sachin Gopal - 2012



Subramanian - 1965



Suresh Babu - 2008



V.A.Gangadharan - 1981

# Tributes



Inconsolable family of Manoj



Neighbours crying at the sight of Sujith's lifeless body





Sri.Amit Shah paying tributes to Balidanis



Sri. Kummanam Rajashekharan paying tribute to Rama



Sri.Rajnath Singh paying tributes to Balidanis



Inconsolable family of Suresh



Inconsolable family of Ramachandran



Inconsolable family of Vinod



Inconsolable family of Vishal



achandran



Inconsolable family of Ramith



Appalled family of Vadikkal Ramakrishnan





Tributes to Parumala victims

# Tributes



Sri. K.Surendran paying tribute to Santhosh



Prayer at funeral of Vasavan - 1983








Sri.V. Muralidharan and Sri. K. Surendran paying tribute to Vinod Kumar







Final tribute to Vishal



Natives paying tributes to Vinod Kumar



Inconsolable family of Vinod



Inconsolable kin of Vishwambaran - 1982



Final tribute to Vishwanathan-1982

# Leaders
## offering Solace



Major General B.C.Khanduri offering solace to the family of balidani Balan



RajmataVijayaraje Scindiaji visiting the house of Nanu Master



Smt. Meenakshi Lekhi with the victims of Leftist Terror in Kannur



Sri. Yadav Rao Joshiji visiting the house of Balidani Vijayan in 1980





Sri.Anant Kumar with the victims of Leftist Terror in Kerala






RajmataVijayaraje Scindiaji offering solace to the family of Nanu Master



Sri. H. V. Sheshadriji visiting the house of Chandran




Sri. Yadav Rao Joshiji with the family members of Balidani Haridasan





Sri.L.K.Advani visiting the house of Anil Kumar

# Leaders
## offering Solace



Sri.Kummanam Rajasekharan offering solace to the family of Vineesh



Sri.Kummanam Rajasekharan offering solace to the mother of Pramod



Sri.O.Rajagopal visiting the house of Balidani Balakrishnan in 1979



L.K.Advaniji visiting the house of Bimbi



Sri. K.G.Marar
with the victim of
Leftist Terror





Sri.Kummanam Rajasekharan offering solace to the family of Nirmal





Sri.Rajnath Singh visiting the families in Kannur





Sri.Ravi Shankar Prasad with the victims of Leftist Terror in Kerala

# Protests

**across India against Communist Violence in Kerala**



Protest in Kerala against Communist violence-1989





Candle Light Demonstration in Bengaluru against Communist violence-2016





Protest in Delhi




Seminar at Delhi on International Human Rights day








Protest in Bengaluru -2014



Protest in Bengaluru against Communist violence-2016


Protest in Kerala against Murikkumpuzha massacre-1989


At parliament compound



Mumbai



Protest in Delhi against Communist violence-2008



Protest in Delhi against Communist Violence - 2016

# Protests

**across India against Communist Violence in Kerala**



Shivamogga



Protest in Delhi on International human rights day




Dibrugarh - Assam





Bhuj - Gujarat



Kalyan - Maharashtra






Mysuru - Karnataka



Bengaluru




Bengaluru



Himachal Pradesh



Indore - Madhyapradesh




Nagaon - Assam



Panvel - Maharashtra

# ഉപസംഹാരം

മതേതരത്വവും സമാധാനവും നിലനിൽക്കുന്ന സംസ്ഥാനമെന്ന വിശേഷണം നിലനിർത്താൻ കേരളം എന്നും ശ്രദ്ധചെലുത്തിയിട്ടുണ്ട്. കലാപരഹിതമായി, വിവിധ മതങ്ങൾ ഒരുമിച്ച് കഴിയുന്ന സംസ്ഥാനം എറ്റു പറയുന്നതിൽ കേരളം വളരെ അഭിമാനിക്കുന്നു. എന്നിരുന്നാലും, ഉപരിതല സ്പർശിയായി കാണുന്ന ഇത്തരം കാര്യങ്ങളിൽനിന്നു വിരുദ്ധമാണ് കേരളത്തിൽ നിലനിൽക്കുന്ന യാഥാർത്ഥ സാഹചര്യം. കേരളം പ്രദർശിപ്പിക്കുന്ന സമാധാന മുഖത്തിനു പിന്നിൽ മറഞ്ഞിരിക്കുന്നത്, രാഷ്ട്രീയ സംഘർഷങ്ങളുടേയും കൊലപാതകങ്ങളുടേയും കറുത്ത കൈകളാണ്. Financial Express- വന്ന ഒരു റിപ്പോർട്ട് പ്രകാരം, മറ്റേത് സംസ്ഥാനത്തിലേക്കാളും കൂടുതൽ രാഷ്ട്രീയസംഘർഷങ്ങൾ കേരളത്തിൽ നടക്കുന്നുണ്ട്. ഇന്ത്യയിൽ ആകെ നടക്കുന്ന ലഹളകളിൽ ഏറെയും കേരളത്തിലാണ്. 2015ൽ, 'പത്തുലക്ഷങ്ങൾ ജനങ്ങൾക്കു 164 സംഘർഷങ്ങൾ' എന്ന തോതിൽ കേരളത്തിൽ അക്രമം നടന്നതായി രേഖ പ്പെടുത്തപ്പെട്ടു. ഇന്ത്യയിലെ തന്നെ ഏറ്റവും ഉയർന്ന ശതമാനം. കേരളത്തിനു പിന്നിൽ ബീഹാറും (129) കർണാടകയും (126) ആയിരുന്നു. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഡാറ്റ അനുസരിച്ച്, 2015ൽ, രാഷ്ട്രീയവിദ്യാർത്ഥി സംഘർഷങ്ങളുടെ എണ്ണത്തിൽ, ജനസംഖ്യയിലും വലുപ്പത്തിലും മുന്നിട്ടു നിൽക്കുന്ന മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളെ കേരളം മറികടന്നു. രാഷ്ട്രീയ പാർട്ടികളുമായി ബന്ധമുള്ള കോളേജ് വിദ്യാർത്ഥി സംഘടനകൾ, പരസ്പരവും പോലീസുമായും പൊതുഇടങ്ങളിൽ ഏറ്റുമുട്ടുന്നത് കേരളത്തിൽ നിത്യസംഭവമാണ്.

ഭീകരവാദം ഏറ്റവും രൂക്ഷമായി ബാധിച്ച രാജ്യങ്ങളിൽ ഇന്ത്യ നാലാം സ്ഥാനത്താണ്. മാവോയിസ്റ്റുകൾ രാജ്യത്തിനു വലിയ ഭീഷണിയായി ഇന്നും തുടരുകയാണ്. അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിനോടു ബന്ധപ്പെട്ട National Consortium for Study of Terrorism and Responses to Terrorism' പുറത്തുവിട്ട കണക്കുകൾ പ്രകാരം, ആഗോളതലത്തിലെ ഏറ്റവും വിനാശകാരികളായ തീവ്രവാദ ഗ്രൂപ്പുകൾ താലിബാൻ, ഇസ്ലാമിക് സ്റ്റേറ്റ്, ബൊക്കോഹറാം എന്നിവയാണ്. ഇവർക്കു ശേഷം നാലാം സ്ഥാനത്തുള്ളത് ഇന്ത്യയിൽ നിരോധിക്കപ്പെട്ട കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാവോയിസ്റ്റ്) ആണ്. രാജ്യത്തു നടക്കുന്ന ആക്രമണങ്ങൾ വെറും ഒന്നോ രണ്ടോ ഗ്രൂപ്പുകൾ ചെയ്യുന്നതല്ല. 45 തീവ്രവാദ ഗ്രൂപ്പുകൾ രാജ്യത്ത് സജീവമാണ്. കഴിഞ്ഞ വർഷം നടന്ന ആക്രമണങ്ങളിൽ 43 ശതമാനവും ചെയ്തത് നക്സലൈറ്റുകളായിരുന്നു.

കേരളത്തിൽ നടക്കുന്ന രാഷ്ട്രീയ കൊലപാതകങ്ങളെ കുറിച്ചുള്ള ചർച്ചയിൽ, മുകളിൽ വിവരിച്ച കണക്കുകളും സിപിഐഎമ്മിനേയും പ്രതിപാദിക്കാൻ കാരണം അതൊരു പരമപ്രധാന ഘടകമായതിനാലാണ്. എത്രയൊക്കെ അകലം പാലിക്കാൻ ശ്രമിച്ചാലും, സിപിഎം ഉൾപ്പടെയുള്ള കമ്യൂണിസ്റ്റ് പാർട്ടികളുടെ ആശയ അടിത്തറയും മാർഗ്ഗദർശക ഘടകവും ഇതാണ്. ലോകത്ത് അവിടവിടെയുള്ള കമ്യൂണിസ്റ്റുകൾക്കു ഒരേയൊരു ലക്ഷ്യമേയുള്ളൂ, 'ഏതുവിധേനയും അധികാരം പിടിച്ചെടുക്കുക'. ലോകത്തു ഇന്നുവരെയുണ്ടായ കമ്യൂണിസ്റ്റ് ഭരണകൂടങ്ങൾ കൊലപ്പെടുത്തിയവരുടെ എണ്ണം 100 മില്യണോളം വരും. ഇന്ത്യയിലെ കണക്കെടുത്താൽ, 1997ൽ നിയമസഭയിലെ ചോദ്യത്തിനു ഉത്തരമായി, 1977നും (കമ്യൂണിസ്റ്റുകൾ അധികാരത്തിൽ എത്തിയ വർഷം) 1996നും ഇടയിൽ 28000 രാഷ്ട്രീയ കൊലപാതകങ്ങൾ ബംഗാളിൽ നടന്നിട്ടുണ്ടെന്നു ബുദ്ധദേബ് ഭട്ടാചാര്യ ലജ്ജയില്ലാതെ നിയമസഭയിൽ പ്രസ്താവിക്കുകയുണ്ടായി. ഒരുമാസം 125.7 പേർ വീതം കൊല്ലപ്പെട്ടുവെന്നു മനസ്സിലാക്കുമ്പോഴേ ഈ പ്രസ്താവനയുടെ പൈശാചികവശം വ്യക്തമാകൂ. ദിവസം തോറും നാലുപേർ കൊല്ലപ്പെടുന്നു! ഇതു കേരള നിയമസഭയിൽ ആരെങ്കിലും ഇത്തരമൊരു ചോദ്യം ഉയർത്തിയാൽ, ഇവിടേയും കൊലപാതക കണക്കുകൾ ആയിരം കവിയും.

അക്കാദമിക് വിദഗ്ദർ, ഇടതുപക്ഷക്കാർ, മതേതരർ എന്നു പറയപ്പെടുവർ., ഇവരെല്ലാം കേരളമോഡൽ വികസനത്തെ പ്രകീർത്തിക്കുമ്പോഴും, ഇതിനു കൊടുക്കേണ്ടിവന്ന വൻവില സാമാന്യജനത്തിനു അറിയില്ല. 1957ൽ കേരളത്തിൽ ആദ്യമായി അധികാരത്തിൽ വന്ന കമ്യൂണിസ്റ്റുകാർ, സർക്കാരിനെതിരെയുള്ള വിമർശനങ്ങൾ രാഷ്ട്രീയ കൊലപാതകം വഴി അമർച്ച ചെയ്യുന്ന രാഷ്ട്രീയ തത്ത്വശാസ്ത്രവും ഒപ്പം കൊണ്ടുവന്നു. കഴിഞ്ഞ അറുപതു വർഷമായി ഈ 'മാഫിയ' കൊലപാതകങ്ങൾ അവിരാമം നടക്കുകയാണ്. ഭരണം ഉണ്ടായാലും ഇല്ലെങ്കിലും, മാർക്സിസ്റ്റ് ആശയത്തെ എതിർക്കുവരെ കൊലചെയ്യുകയെന്ന നയത്തിൽ അവർ മാറ്റം വരുത്തിയിട്ടില്ല. രാഷ്ട്രീയലക്ഷ്യം നേടിയെടുക്കാൻ കമ്യൂണിസ്റ്റ് പാർട്ടി അക്രമസംസ്കാരത്തോടു സന്ധി ചെയ്തിരിക്കുകയാണ്. കൊലപാതകം അവരുടെ കയ്യിൽ ഒരു രാഷ്ട്രീയ ഉപകരണമാണ്.

കമ്യൂണിസ്റ്റുകാർ ചെയ്യുന്ന ക്രൂരകൃത്യങ്ങളുടെ വിവരങ്ങൾ ശേഖരിച്ച്, അവ ലിഖിത രൂപത്തിലാക്കുന്നത് ഒരു തുടക്കം മാത്രമാണ്. സർവ്വാധിപത്യ മനോഭാവമുള്ള കമ്യൂണിസ്റ്റ് ഭരണകൂടങ്ങളെ ചെറുത്ത, അസംഖ്യം ദേശീയവാദികളായ ചെറുപ്പക്കാരെ കേരളത്തിനു നഷ്ടമായിട്ടുണ്ട്. ഇക്കാര്യങ്ങൾ പൊതുജന സമക്ഷം അവതരിപ്പിക്കേണ്ടത് നമ്മുടെ കടമയാണ്. 'ആഹുതി' ആ ദിശയിലേക്കുള്ള ഒരു കാൽവയ്പ്പാണ്.

വിവിധ ഉറവിടങ്ങളിലൂടെ കൊല്ലപ്പെട്ടവരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാൻ ഞങ്ങൾ ആവത് ശ്രമിച്ചിട്ടുണ്ട്. എങ്കിലും ചില വിവരങ്ങൾ ഉണ്ടായേക്കണമെന്നില്ല. അത് മനപ്പൂർവ്വം സംഭവിച്ചതല്ലെങ്കിൽ കൂടിയും ഞങ്ങൾ ഖേദം പ്രകടിപ്പിക്കുന്നു. അത്തരം വിവരങ്ങൾ ശ്രദ്ധയിൽ പെടുത്തണമെന്നും, പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിവരങ്ങളിൽ തെറ്റുകൾ കണ്ടാൽ ചൂണ്ടിക്കാണിക്കണമെന്നും 'ആഹുതി ടീം' വിനീതമായി അഭ്യർത്ഥിക്കുന്നു. അടുത്ത എഡിഷനിൽ അത്തരം കുറവുകൾ പരിഹരിക്കുന്നതാണ്.

# About CKSPS

Centre for Kerala Socio-economic and Political Studies (CKSPS) is a non-Profit organization dedicated to study the political impact on socioeconomic development in Kerala. The objective of the centre is to analyze and publish periodic research outcomes, putting it forth to the general public, highlighting the socio economic indices. Kerala is famous for its lush greenery, Ayurveda - traditional Hindu system of medicine, Kalari -the indigenous martial arts and the land's cultural diversity. At the same time Kerala is infamous for anti–industry strikes and political violence. The centre aims at studying the impact of bandhs, political violence on society and the work pattern of common man in Kerala, by conducting various studies & projects. The mission of the centre is to present empirical knowledge based on data to encourage policy decisions. The centre will also work to unite scholars, intellectuals and political observers to evaluate and investigate institutions, political processes & policies, and individuals for understanding the spectrum of political outcomes on social development. The Center will organize workshops, seminars and similar discourse periodically to inform general public about the research findings.

# Our Team



**Sanju Sadanandan** — saanjus

A passionate social activist, Sanju has nation building as resolute commitment. Software engineer by profession, Sanju currently works as Cyber Security Engineer.His earlier job profiles include Industrial Control System Engineer in India, apart from being designated in other international assignments.Sanju has volunteered and associated himself with various social service orgs and platforms such as VSK, ISN,AIMA,HK, Samarpanam and Lions Club. His team manages and guides social media activities of prominent leaders. He was one of the coordinators of 'Sambhara Samvadam' campaign. Sanju's area of interests lie in political analysis, youth empowerment, social media activism and learning cyber defense techniques. Native of Pathanamthitta district of Kerala, Sanju is currently based in Bengaluru.



**Dr. Rasita Anand** — rasita

Rasita is passionate about nation building & working for rights of women using traditional & new media. She holds a Ph.D in International Studies from the Central University of Gujarat. Her thesis is on Cyber Security Policy in India. She holds a Bachelor's in English Literature, Master's in International Business, a Master's Diploma in Governance & a Master of Philosophy in International Relations. She has worked as a Project Manager with the Child census for Sarva Siksha Abhiyan in the states of Gujarat and Chhattisgarh. In her earlier job profiles, she worked as a supply chain domain consultant in India and in Singapore. Presently,she heads the Media & Policy initiatives of Synergy Marine Group. She volunteers for social causes and works with organizations like CKSPS, Disha and KSS. Currently, she resides with her family in Washington DC.



**Jayashankar S** — jaypanicker

Jayashankar has closely been working with senior leaders of BJP on strategy- with key focus on policy and competition. With deep rooted passion in political studies, Jay writes on contemporary issues in some of the most prominent websites.He has been in the forefront in bringing Marxist atrocities of Kerala, onto national mainstream.He has also been working specifically on BJP's third party campaigns for 2014 LS elections and 2016 Kerala State Assembly elections.He was also the president of Lion's Club of Bengaluru Horizon during 2015- 2016. Having secured Masters in Business Administration from Mahatma Gandhi University and Post Graduate Diploma in Journalism from Bhavan's Rajendra Prasad Institute of Communication, Mumbai, Jay took up managerial roles for global advanced analytics teams in companies like Symphony Services Corp and Genpact for over a decade, before relocating to his native village in Thiruvalla, Kerala.



**Binu Padmam** — bnutwt

Business Administrator by profession, Binu Padmam is Senior Business Analyist in a leading MNC in Bangalore. A staunch nationalist, he has immersed himself in socio-cultural activities from time immemorial. Binu shoulders responsibilities in various organizations like Nehru Yuva Kendra, Viswa Samvada Kendra, All India Malayali Association, Lions Club, Seva Bharati etc. An active participant of nationalist platforms like ISK, VSK, CKSPS and ISN, Binu has participated in election campaign programmes like Chaay Pe Charcha and Sambara Samvadham.A native of Kozhikode, Binu is a prolific blogger and eloquent orator.



**Jinoy KJ** — jinoykjj

Being a humanitarian has been a way of life for Jinoy, born into a family steeped into addressing social causes. And so it was natural for him to start ventures regarding the same, being founder trustee of two reputed platforms Samarpanam Trust and Vivekandanda Seva Samithi. Nation building being a mantra, he is skilled in forging an ever lasting relationship with various service groups and orgs. Jinoy is an Electronics & Communication Engineer by profession, currently working as senior software engineer in Bangalore. Passionate about instrumental music and farming, Jinoy is member of social service organizations and platforms like NYK, CKSPS, ISK, Lions Club and HK.During elections of 2014 and 2016, he worked for the successful implementation of Chaay pe Charcha and Sambara Samvadham. Jinoy hails from Thrissur district and currently resides in Bengaluru.



**Sunilkumar TP** — sunilkumar_tp

A skilled designer by profession, Sunilkumar is an occasional columnist in Malayalam print media. A social media enthusiast, he is known for sharp debating skills on various platforms. Sunil is deeply committed on the nationalistic front and has been associated with various socio-cultural organizations like Samanvaya, Balagokulam, Tapasaya and Kerala Samajam (Bengaluru). His linguistic skills have paved the way for the penning of numerous poems steeped in various essence. Sunil is a native of South Kerala.



**Ratheesh KK** — kkrkottakkal

A zealous nationalist, Ratheesh is an avid social media activist and has forged ahead dauntlessly in spearheading his ideology. He is part of various teams and groups which has been working towards ushering in the era that aims in steering the nation to pinnacles of glory. He is closely associated with various platforms steeped in nationalistic outlook- ISK, NYK etc. Armed with sharp, witty linguistic skills, Ratheesh has proved his mettle on various social media platforms. Hailing from North Kerala, he is a skilled graphics designer. A senior sales manager, his undying love for music has led him to becoming a multifacted percussionist, dexterously handling a medley of tabala, chenda and thimila.



## 2016 സെപ്റ്റംബർ 25-നു കോഴിക്കോട്‌വച്ചു നടന്ന ബിജെപിയുടെ നാഷണൽ കൗൺസിൽ മീറ്റിങ്ങിൽ, പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോഡി 'ആഹുതി'യുടെ ആദ്യത്തെ എഡിഷൻ പ്രകാശനം ചെയ്തു.

2016 സെപ്റ്റംബർ 25ന് ബഹുമാനട്ടെ ഇന്ത്യൻ പ്രധാനമന്ത്രി, ശ്രീ നരേന്ദ്രമോഡി ആഹുതിയുടെ ഒന്നാം പതിപ്പിന്റെ പ്രകാശനം നിർവഹിച്ചു. സംഘടനാപ്രവർത്തനം ഒരു വ്രതമായെടുത്ത്, സ്വജീവൻ രാഷ്ട്രത്തിനു സമർപ്പിച്ച ബലിദാനികൾക്കു പ്രധാനമന്ത്രി പ്രണാമം അർപ്പിച്ചു. ആക്രമണം തികച്ചും ജനാധിപത്യ വിരുദ്ധമായ ആശയമാണെന്നും, മറ്റൊരു രാഷ്ട്രീയപാർട്ടിയുടെ പ്രത്യയശാസ്ത്രത്തിൽ വിശ്വസിച്ചതു കൊണ്ടു മാത്രം ആരും ആർക്കെതിരെയും ആക്രമണത്തിനു തുനിയരുതെന്നും പ്രധാനമന്ത്രി ഓർമിപ്പിച്ചു. 'കേരളത്തിലെ ബിജെപി പ്രവർത്തകരുടെ നിസ്സഹായമായ നിലവിളികൾ ഡൽഹിയിൽ വേണ്ടവിധം എത്തിയിട്ടില്ല. അതിനാൽ ഇപ്പോൾ ഇവിടെയുള്ള ബിജെപി പ്രവർത്തകരോടു ഞാൻ പറയട്ടെ, കേരളത്തിൽ താമസിച്ചപ്പോൾ നിങ്ങൾക്കു ലഭിച്ച വെറുമൊരു പുസ്തകമായല്ല ആഹുതി പരിഗണിക്കപ്പെടേണ്ടത്. പകരം, ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും, ഈ പുസ്തകം വ്യാപകമായ ചർച്ചയ്ക്കും അവലോകനത്തിനും വിധേയമാക്കണം'.

കൊല്ലപ്പെട്ട പ്രവർത്തകരോടു ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ രാഷ്ട്രത്തോടു ആഹ്വാനം ചെയ്തുകൊണ്ട് പ്രധാനമന്ത്രി തുടർന്നു 'അവരുടെ ജീവിതവും ത്യാഗവും തികച്ചും മാതൃകാപരമാണ്. ജനാധിപത്യത്തെ സജീവമാക്കി നിലനിർത്താൻ ഇത്തരം ത്യാഗസ്മരണകൾ ഉല്‌പ്രേരകമായി വർത്തിക്കേണ്ടതുണ്ട്'.

---


**Centre for Kerala Socio-economic and Political Studies**

C/o. Samarpanam Trust (Reg. No. IV-244/12-13), No. 808, M.S. Nagar Post, Bengaluru - 560033.

P : +91 80 25315842 | E-mail : CKSPS@outlook.com | /cksps /CK_SPS



For internal circulation only


---


*Cover Photo: Crying Shivakha, victim of Leftist terror in Kannur, whose home was vandalised by Leftist goons, following state Assembly election result announcement.*

*Cover Picture Courtesy: Arun Mohan, Kerala Kaumudi*